
ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ:



മൊഴിമാറ്റം
ഹനീഫ് പുല്ലിപ്പറമ്പ്

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ:

# ഖബർ സന്ദർശനവും സഹായാർഥനയും

മൊഴിമാറ്റം

ഹനീഫ് പുല്ലിപ്പറമ്പ്

ⓒ محمد حنيف عبد الرحمن، ١٤٢٢ هـ

فهرست مكتبة الملك فهد الوطنية أثناء النشر

أبن تيميه ، احمد بن عبد الحليم

زيارة القبور والاستنجاء بالقبور / ترجمة محمد حنيف عبد الرحمن – الرياض

... ص ، .. سم

ردمك : ٠-٨٣٩ – ٣٩ – ٩٩٦٠

(النص باللغة المليباريه )

١- زيارة القبور   ٢- التوسل   ٣- المعاصي و الذنوب

أ- عبد الرحمن ، محمد خنيف (مترجم )   ب- العنوان

ديوى ٢٥٩,٤٤   ٢٢ / ٣٨٦٣

رقم الايداع : ٢٢/٣٨٦٣

ردمك : ٩٩٦٠-٣٩-٨٣٩-١

بسم الله الرحمن الرحيم

| | |
|---|---|
| Language | Malayalam (Indian) |
| Title | Qabar Sandarshanawum Sahayarthanayum |
| Translation of Ziyarathul Quboor Wal Isthinjadu Bil Maqboor | Sheikhul Islam Ibnu Thaimiyya |
| Retold By | Haneef Pullipparamb |
| Printing | |
| Cover Design | Musthafa Kizhepatt, Pakara |
| First Edition | 2001 |
| Copies | 5000 |
| Printed for | Free Distribution |
| Right Reserved | Translator |
| Address | Haneef Pullipparamb, Chelambra - 673 634 |


e-mail: abufurqaan@hotmail.com

# വിഷയാനുക്രമം


ഹനീഫ് പുല്ലിപ്പറമ്പിൻെറ രചനകൾ - 6

പ്രവേശിക - 7

ശൈഖുൽ ഇസ്ലാമിൻെറ പിതൃപരമ്പര - 35

ശൈഖുൽ ഇസ്ലാമിൻെറ ജീവിതം - 37

ഖബർ സന്ദർശനവും സഹായാർഥനയും - 58

അനുവദനീയമായ ഖബർ സന്ദർശനം - 73

സഹായം ഉദ്ദേശിച്ചുള്ള ഖബർ സന്ദർശനം - 76

ജീവിച്ചിരിക്കുന്നവരോടും
മരിച്ചവരോടും പ്രാർഥിക്കൽ - 85

ജാഹ് കൊണ്ടും ഹുർമത്ത് കൊണ്ടും ഇടതേടൽ - 100

ശൈഖിനോട് സഹായം ചോദിക്കൽ - 108

ബിംബാരാധനയുടെ തുടക്കം - 117

ഖബർ തടവൽ - 120

മഹാന്മാർക്ക് തല കുനിക്കലും ഭൂമി ചുംബിക്കലും - 122

ഖുതുബ്, ഗൗസ്, ഹർദുൽ ജാമിഅ് - 131

ഖിദ്റ്(അ) - 140

ഖുതുബ്, ഗൗസ് എന്നൊക്കെ പേര് വെക്കൽ - 143

## ഹനീഫ് പുല്ലിപ്പറമ്പിൻെറ രചനകൾ

1. കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം.
2. ഖുർആനിലെ ചെടികൾ
3. അനാഛാദനം (തർജ്ജമ)
4. രണ്ടു സാക്ഷ്യങ്ങൾ ( „ )
5. സുരക്ഷ ( „ )
6. ഖബർ സന്ദർശനവും സഹായാർഥനയും ( „ )
7. നബിദിനാഘോഷം ( „ )

<u>പണിപ്പുരയിൽ.</u>

1. റമദാനിൻെറ തീരങ്ങളിൽ
2. സത്യം പരിഹസിക്കപ്പെടുന്നു

# പ്രവേശിക

തന്നെ അനുസരിച്ചവന്ന് സംതൃപ്തമായ മരണം തന്നനുഗ്രഹിച്ച അല്ലാഹുവിന്ന് സർവ്വസ്തുതി. മരണവേളയിൽ -മരണാനന്തരയാത്രയിൽ സത്യവിശ്വാസിയെ സന്തോഷ രംഗങ്ങൾകൊണ്ട് ബഹുമാനിച്ചവൻ. മരണമില്ലാതെ എന്നെന്നും ജീവിക്കുന്നവൻ. ആരാധനക്കർഹൻ അവൻ മാത്രമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. യാതൊരു പങ്കാളിയുമില്ലാത്ത ഒരുവനായവൻ. മാതൃകയില്ലാത്ത പ്രതാപത്തിൻെറയും പാപ മോചനത്തിൻെറയും ഉടമ. മുഹമ്മദ് അവൻെറ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഏറ്റവും നന്നായി തിരഞ്ഞെടുക്കപ്പെട്ടവൻ. അല്ലാഹു അവിടത്തേക്ക് ശാന്തി ചൊരിയുമാറാവട്ടെ. അദ്ദേഹത്തെ അനുസരിച്ച് വിശുദ്ധരായ അനുചരരിലും പിൻഗാമികളിലും അങ്ങിനെ ഭവിക്കുമാറാവട്ടെ-.

ഖബർ സന്ദർശനവും ഖബറിന്നകത്തെ ജീവിതവും സംബന്ധിച്ച് ധാരാളം സംസാരിക്കപ്പെട്ടിട്ടുണ്ട്. വിശ്വാസത്തിൻെറ ഭാഗം എന്നതിലുപരി ജീവൽ പ്രശ്നമായി അത് വളർന്നു. കീശയിലേക്കും വയറിലേക്കുമുള്ളത് കുറഞ്ഞുവരുന്നിടത്ത് അത് കേവലമൊരു വിശ്വാസാചാരം മാത്രമായി ചുരുങ്ങുകയോ വിസ്മരിക്കപ്പെടുകയോ ചെയ്യുന്നതായിട്ടാണ് കണ്ടുവരുന്നത്.

ഇസ്ലാമിന്റെ ആരംഭദശയിൽ ഖബർ സന്ദർശനം പ്രവാചകൻ(സ) നിരോധിച്ചിരുന്നുവെന്ന് മതവിഷയങ്ങളിൽ അൽപം പരിജ്ഞാനമുള്ളവർക്കൊക്കെ അറിയാം. അത് നിരോധിക്കപ്പെട്ടത് എന്തിന്റെ പേരിലാണെന്ന് ചിന്തിക്കാനുള്ള ശേഷിയാണ് പലർക്കും ഇല്ലാതെ പോയത്. പ്രവാചകൻ(സ) പിന്നീടത് അനുവദിച്ചപ്പോൾ അക്കാര്യം വ്യക്തമാവുന്നുണ്ട്.

نهيتكم عن زيارة القبور فزوروها (ഖബർ സന്ദർശനം നിങ്ങളോട് വിലക്കിയിരുന്നു. എന്നാൽ ഇനി നിങ്ങൾ ഖബർ സന്ദർശിച്ചു കൊള്ളുക) എന്ന് അവിടുന്ന് പറഞ്ഞു. ആദ്യം നിരോധിച്ച കാര്യം പിന്നീട് അനുവദിച്ചതെന്തേ? പ്രവാചകൻ(സ) തന്നെ പറയട്ടെ. فإنها تذكر الآخرة (തീർച്ചയായും അത് പരലോക ബോധം ഉണ്ടാക്കും). പരലോക ബോധമുണ്ടാക്കാൻ ഖബർ സന്ദർശനം. എന്നാൽ അതുണ്ടായിട്ടില്ലെങ്കിലോ....! ആ ബോധം ഇന്നത്തെ ഖബർ സന്ദർശകർക്ക് ഉണ്ടാവുന്നുണ്ടോ എന്നതാണ് ചിന്താവിഷയം. 'ബോധം' പൂർണ്ണമായിട്ടല്ലെങ്കിൽ ഭാഗികമായിട്ടെങ്കിലും ഉണ്ടാവുന്നുണ്ടോ?എന്നാൽ ഈ ബോധസാധ്യത്തിന്നുവേണ്ടി അവിടെ നിശ്ശബ്ദം നിൽക്കൂ എന്നല്ല പ്രവാചകൻ(സ) പഠിപ്പിച്ചത്. പ്രത്യുത; അവർക്ക് സലാം ചൊല്ലാനും അവർക്കു വേണ്ടി പ്രാർഥിക്കാനും അതിലൂടെ നമുക്ക് മരണബോധമുണ്ടാവാനും പ്രവാചകൻ(സ) പഠിപ്പിച്ചു തന്നു. അ പ്രകാരം പ്രവാചകചര്യയോട്നമ്മുടെ കർമ്മങ്ങൾ ഒത്തുവന്നാൽ മാത്രമേ അഹ്ലുസ്സുന്നത്തിലെ നമ്മുടെ പ്രാതിനിധ്യം സാർഥകമാവൂ. ഖബറുകൾ സന്ദർശിക്കുമ്പോൾ ചൊല്ലാനായി പ്രവാചകൻ(സ) നമുക്ക് ഇങ്ങനെ പഠിപ്പിച്ചു തന്നു.

السلام عليكم أهل الديار من المؤمنين والمسلمين. وإنا إنشاء الله

للاحقون. اسأل الله لنا ولكم العافية (മുസ്ലിംകളും മുഅ്മിനുകളുമായ ഖബർ വാസികളെ, നിങ്ങളിൽ അല്ലാഹുവിൻെറ ശാന്തിയുണ്ടാവട്ടെ-അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും പിന്തുടരുന്നവരാണ്. ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യം നൽകണേയെന്ന് ഞാനല്ലാഹുവിനോട് ആവശ്യപ്പെടുന്നു).

സമാനമായ പ്രാർഥനകൾ വേറെയും നബി(സ)യിൽ നിന്നുദ്ധരിക്കപ്പെട്ടിട്ടുണ്ട്. എല്ലാം ഈ പ്രാർഥനയിലെന്നപ്പോലെ ത്തന്നെ മൂന്ന് കാര്യങ്ങളിലൂന്നി നിൽക്കുന്നതാണ്. (1) ഖബറാളികൾക്ക് സലാം ചൊല്ലുക. (2) നമുക്കും ഈ അവസ്ഥ വരാനുണ്ടെന്ന ബോധത്തെ (മരണബോധത്തെ) വാചികമായും അംഗീകരിക്കുക. (3) മരിച്ചു പോയ അവർക്കും ജീവിച്ചിരിക്കുന്ന നമുക്കും വേണ്ടി അല്ലാഹുവോട് പ്രാർഥിക്കുക. ഇങ്ങനെ അവർക്ക് സലാം ചൊല്ലാനും മരണബോധമുണ്ടാവാനും അല്ലാഹുവോട് പ്രാർഥിക്കാനും വേണ്ടിയല്ലാതെ മറ്റ് യാതൊരാവശ്യത്തിന്നു വേണ്ടിയും ഖബർ സന്ദർശിച്ചു കൂടാ. സമ്പൂർണ്ണമായ നിരോധനം നിന്നിരുന്ന പ്രവാചക കാലഘട്ടത്തെക്കുറിച്ച് നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ആ പ്രവാചകൻ(സ) തന്നെ പിന്നീട് ഭാഗികമായി അനുവദിച്ചു തന്നത് ദുരുപയോഗം ചെയ്യരുതെന്നും നിങ്ങളോടഭ്യർഥിക്കുന്നു.

ഖേദകരമെന്നു പറയട്ടെ, ഈ ദുരുപയോഗം ഒരു ശാഠ്യം പോലെയാണ് സമൂഹത്തിൽ നിലനിന്നു പോരുന്നത്. നമസ്കാരത്തിലും നോമ്പിലും ജമാഅത്തിലുമൊന്നും കാണാത്ത ശാഠ്യം! ഇബാദത്തിൻെറ കാര്യമായാലും ബിദ്അത്തിൻെറ കാര്യമായാലും ഈ പറയുന്നതൊക്കെ നാമോരോരുത്തരുടെയും പരലോകത്തിൻെറ കാര്യമാണെന്നും, ഇന്നിറിടെ ഈ പറഞ്ഞു തന്ന്

സഹായിക്കുന്നത് പോലെ യാതൊരു സഹായവും ഫലപ്പെടാത്ത ലോകമാണതെന്നും ഒന്ന് ചിന്തിച്ചിരുന്നെങ്കിൽ....!

ഖബർ സന്ദർശനാനുവാദത്തെ ദുരുപയോഗം ചെയ്യുന്നതും അതുവഴി നബിചര്യയിൽ നിന്ന് പുറത്തുപോവുന്നതുമായ അനവധി ആചാരങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിന്നു പോരുന്നുണ്ട്. അതിൽ ചിലത് ഇപ്രകാരം കാണാം.

1. ഒരു ഖബർ നിരന്തരം സന്ദർശിക്കുക.
2. വർഷത്തിലോ മാസത്തിലോ നിശ്ചയിക്കപ്പെട്ട ചില പ്രത്യേക ദിവസങ്ങളിലോ ചില പ്രത്യേക സമയങ്ങളിലോ സന്ദർശിക്കുക. ഇവ രണ്ടും ശിർക്കിലേക്കെത്തിച്ചേരുന്ന ദുരന്തങ്ങളാണ്.
3. ഖബർ സന്ദർശനം ലക്ഷ്യം വെച്ച് യാത്ര ചെയ്യുക. (സിയാറത്ത് യാത്ര)
4. ഖബർസന്ദർശനവേളയിൽ ഖുർആൻ പാരായണം ചെയ്യുക.
5. ഖബറിനുമേൽ പൂക്കൾ സമർപ്പിക്കുക.
6. ഖബർ വാസിക്ക് ശിക്ഷ കുറഞ്ഞു കിട്ടും എന്ന ധാരണയിൽ ഖബറിനുമേൽ ഒന്നുകിൽ പച്ചകമ്പുകളോ അല്ലെങ്കിൽ ചെടികളോ നാട്ടുക.
7. ഖബറിന്നടുത്ത് വെച്ച് അല്ലാഹുവിൻെറ പേരിലായാലും അറവു നടത്തുക
8. ഖബറാളി ഭൗതികജീവിതം നയിക്കുമ്പോഴെന്നപോലെ തൻെറ ആവശ്യങ്ങൾക്ക് അയാളുടെ ഖബറിടത്തെ ഉപയോഗപ്പെടുത്തുക.

9. ഖബറോ ഖബറിടത്തിലെ മണ്ണോ തടവുകയോ ചുംബിക്കു കയോ ചെയ്യുക.
10. ഖബറിന്നടുത്ത് ഭജനമിരിക്കുകയോ അതിൽ ത്വവാഫ് നടത്തുകയോ ചെയ്യുക.
11. ഖബറിൻമേൽ എഴുതുകയോ അതിനെ വസ്ത്രം കൊണ്ട് പുതയ്ക്കുകയോ ചെയ്യുക.
12. ഖബറിനുമേൽ ദീപം കത്തിച്ചുവെക്കുക.
13. ഖബറിടത്തിലെ മണ്ണ് രോഗശമനത്തിനുപയോഗിക്കുക.
14. ഖബറിനുമുകളിലോ അതിനുചുറ്റുമോ കെട്ടിയുണ്ടാക്കുക.
15. ഖബറിൻമേൽ ഇരിക്കുകയോ അതിനുമുകളിലൂടെ സഞ്ചരി ക്കുകയോ ചെയ്യുക.
16. ഖബറാളികളെ ഇടയാളന്മാരാക്കി അല്ലാഹുവിനോട് പ്രാർഥി ക്കുക.
17. മഖ്ബറയിൽ നമസ്ക്കരിക്കുക. അത് ഖിബ്‌ലക്കഭിമുഖമാ യിക്കൊണ്ടായാൽ പോലും. (എന്നാൽ അടിയന്തിര ഘട്ടങ്ങളി ലെ മയ്യിത്ത് നമസ്ക്കാരം ഇതിൽ നിന്നൊഴിവാണ്)
18. ഖബറിടത്തിൽ ഓതിയാൽ കൂലി തരാമെന്ന് പ്രഖ്യാപിക്കുക.
19. മയ്യിത്ത് നമസ്കാരമാണെങ്കിൽ പോലും ഖിബ്‌ലയെ ഒഴിവാ ക്കിക്കൊണ്ട് ഖബറിനുനേരെ തിരിഞ്ഞ് നമസ്കരിക്കുക.
20. കൈ നെഞ്ചിൽ കെട്ടി ഭക്തിബഹുമാനാദരവുകളോടെ ഖബറിനു മുമ്പിൽ നിൽക്കുക.
21. സന്ദർശകൻ മയ്യിത്തിനോട് എൻെറ നേതാവേ, എനിക്കഭയം തരണേ, ശത്രുവിനെതിരിൽ എന്നെ സഹായിക്കണേ എന്നി

ങ്ങനെ മുശ്രിക്കായിപ്പോവുന്ന പ്രാർഥനകൾ നടത്തുക.

22. ഖുർആൻ പാരായണത്തിനോ ദിക്റുകൾക്കോ വേണ്ടി ഖബറിന്നടുത്ത് നിശ്ചിത സമയമോ ദിവസമോ ഇരിക്കുകയോ താമസിക്കുകയോ ചെയ്യുക.

23. ശുപാർശ ചെയ്യണേ എന്ന് മരിച്ചവരോടഭ്യർഥിക്കുക.

24. അല്ലാഹുവെക്കൂടാതെ തിരുമേനി(സ) യോട് പാപമോചന പ്രാർഥനയും സഹായാർഥനയും ഇടതേട്ടവും നടത്തുക.

25. എല്ലാ നിർബന്ധ നമസ്കാരശേഷവും സ്ഥിരപ്പെട്ട ദിക്റുകളുപേക്ഷിച്ചുകൊണ്ട് നബി(സ)യുടെ ഖബറിന്നടുത്തേക്ക് സലാം പറയാൻ വേണ്ടി പോവുക.

26. സംഘടിതമായും ഒറ്റയായും ശബ്ദമുയർത്തിയും തൽഖീൻ ചൊല്ലിക്കൊടുക്കുക.

27. ഖിബ്ലക്ക് പിന്തിരിഞ്ഞുകൊണ്ട് നബി(സ) യുടെ ഖബറിനുനേരെ പ്രാർഥനാവശ്യാർഥം കുറേ നേരം നിൽക്കുക.

എണ്ണമിട്ട് പറയാൻ ഇങ്ങനെ ഒട്ടേറെയുണ്ട്. ഇത്തരം അനാചാരങ്ങളും നൂതനരീതികളും, ശിർക്കിലേക്ക് നയിക്കുന്ന ഏറെ അപകടകരമായ ഈ പ്രവണതകളും ഒരിക്കലും ഒരു മുസ്ലിമിൻെറ ജീവിതത്തിലുണ്ടാവാൻ പാടില്ലാത്തതാണ്. നമുക്ക് ഇസ്ലാമിൻെറ മാതൃക കാട്ടിത്തന്ന നേതാവിൻെറയോ അവിടുന്ന് വാഴ്ത്തിപ്പറഞ്ഞ നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന മഹാപുരുഷന്മാരുടെയോ ചര്യകളല്ല ഇവയൊന്നും. പ്രവാചകൻ(സ) ഖബർ സന്ദർശനാനുമതി ഭാഗികമായി അനുവദിച്ചു തന്നതിൻെറ ഉള്ളടക്കം ഇനിയെങ്കിലും നാം മനസ്സിലാക്കാതെ പോവുകയാണെങ്കിൽ അത് പരലോകത്ത് വൻ നഷ്ടത്തിന്നും ദുരന്തത്തിനും കാരണമായിത്തീരും.

ഹസനുൽ ബസ്വരി(റ)യെ ഒരു ദിവസം കാണാതായി. വൈകുന്നേരം തിരിച്ചു വന്ന അദ്ദേഹത്തോട് കൂട്ടുകാർ ചോദിച്ചു: "താങ്കൾ എവിടെയായിരുന്നു"? അദ്ദേഹം പറഞ്ഞു: "ഞാനെന്റെ സഹോദരങ്ങൾക്കൊപ്പമായിരുന്നു. ഞാൻ മറന്നത് അവരെന്നെ ഓർമ്മിപ്പിച്ചു തരും. ഞാനവരിൽ നിന്ന് മറഞ്ഞിരുന്നാലും അവരെന്നിൽ നിന്നും മറഞ്ഞു നിൽക്കുകയില്ല". അപ്പോഴദ്ദേഹത്തിന്റെ കൂട്ടുകാർ അദ്ദേഹത്തോട് പറഞ്ഞു: "അതെ, അല്ലാഹുവാണെ അവർ (എത്ര നല്ല) സഹോദരങ്ങൾ. സഈദിന്റെ പിതാവേ, അവരെ ഞങ്ങൾക്കൊന്ന് കാണിച്ചു തരൂ..." അദ്ദേഹം പറഞ്ഞു: "അവരാണ് ഖബറാളികൾ." മരണ ബോധത്തിന്റെ എത്ര നല്ല മാതൃക!

ഒരിക്കൽ ഒരു മയ്യിത്ത് സംസ്കരണച്ചടങ്ങിൽ ഒരാൾ ചിരിക്കുന്നത് നബി(സ)യുടെ അനുചരൻ അബ്ദുല്ലാഹിബ്നു മസ്ഊദ് കണ്ടു. അദ്ദേഹം അയാളോട് ചോദിച്ചു: "നീ മയ്യിത്ത് സംസ്കരണത്തിലായിരിക്കവെ ചിരിക്കുകയോ! അല്ലാഹുവാണെ ഇന്ന് ഞാൻ നിന്നോട് സംസാരിക്കുകയേ ഇല്ല!.

ഖബറിന്നടുത്ത് നിൽക്കുമ്പോൾ ഉഥ്മാൻ(റ) കരയുമായിരുന്നു. കരഞ്ഞ് അദ്ദേഹത്തിന്റെ താടിരോമങ്ങൾ നനയും. സ്വർഗ്ഗനരകങ്ങളെക്കുറിച്ച് ഓർക്കുമ്പോൾ കരയാതിരിക്കുകയും ഖബ്റിനെക്കുറിച്ചോർക്കുമ്പോൾ കരയുകയും ചെയ്യുന്നതിനെക്കുറിച്ച് അദ്ദേഹത്തോട് ചോദിച്ചു. അപ്പോഴദ്ദേഹം പറഞ്ഞു: "നിശ്ചയം റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു; ഖബർ പരലോകസങ്കേതങ്ങളിൽ നിന്നുള്ള ആദ്യത്തെ സങ്കേതമാണ്. അതിൽ വിജയിച്ചവന്ന് അതിന്ന് ശേഷമുള്ളത് എളുപ്പമായി. അതിൽ വിജയിക്കാത്തവന്ന് അതിന്ന് ശേഷമുള്ളത് കഠിനതരമാ

യിരിക്കും". അദ്ദേഹം പറഞ്ഞു: "റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. ഖബറിനേക്കാൾ ഏറെ സങ്കീർണ്ണമായ മറ്റൊരു കാഴ്ചയും ഞാൻ കണ്ടിട്ടില്ല".

മരണപ്പെട്ടവർ ഭൗതികലോകത്ത് നിന്ന് വിട വാങ്ങി. ജീവിച്ചിരുന്നപ്പോൾ അവരുമായി സംസാരിച്ചിരുന്നത് പോലെ, സഹകരിച്ചിരുന്നത് പോലെ ഇനി കഴിയില്ല. അല്ലാഹു പറയുന്നു:

انك لا تُسمع الموتىٰ ولا تُسمع الصّم الدعآء إذا ولوْا مدبرين

(മരണപ്പെട്ടവരെ നിനക്കു കേൾപ്പിക്കാനാവുകയില്ല, തീർച്ച. ബധിരന്മാർ പുറം തിരിച്ചു മാറിപ്പോയാൽ അവരെയും നിനക്കു വിളി കേൾപ്പിക്കാനാവില്ല-നംല്: 80)

എന്നാൽ ഖലീബുകാരോട് റസൂൽ(സ) സംസാരിച്ച ല്ലോ എന്ന് സംശയിച്ചേക്കാം. ബദ്റിൽ വധിക്കപ്പെട്ട ഏഴ് പ്രധാ ന മുശ്രിക്ക് നേതാക്കൾ അവരിലുണ്ടായിരുന്നു. മൂന്ന് ദിവസ ത്തോളം അവരുടെ ശവങ്ങൾ ബദറിലെ മണ്ണിൽ കിടന്ന് ചീർത്ത പ്പോൾ പ്രവാചകൻ(സ) ആ പ്രധാനികളെ അവിടെയുള്ള ഖലീ ബ് കിണറിലേക്കെടുത്തെറിയാൻ കൽപ്പിച്ചു. അതിനു മുമ്പൊ രു ദിവസം പ്രവാചകൻ(സ) അവരുടെ ശവങ്ങൾക്കരികിൽ വന്നു കൊണ്ടു ചോദിച്ചു: "അല്ലാഹു നിങ്ങളോട് ചെയ്ത വാഗ്ദാനം പുലർന്നത് നിങ്ങൾ കണ്ടില്ലയോ? തിരുമേനി (സ) യോടൊ രാൾ (ഉമർ(റ) ആണെന്നും റിപ്പോർട്ടുണ്ട്) അപ്പോൾ ചോദിച്ചു: "താങ്കൾ മരിച്ചവരെ വിളിക്കുകയാണോ? (താങ്കൾ ചോദി ക്കുന്നത് ഈ ശവങ്ങൾ കേൾക്കുമോ?") അവിടുന്ന് പറഞ്ഞു: "നിങ്ങൾ അവരേക്കാൾ കേൾവിശക്തിയുള്ളവരല്ല. അവർക്ക് പ്രതികരിക്കാൻ കഴിയില്ലെന്ന് മാത്രം."

ഇത് പ്രവാചകൻ(സ) ലൂടെ അല്ലാഹു വെളിപ്പെടുത്തിയ മുഅ്ജിസത്ത് മാത്രമാണ്. അത്യസാധാരണ സംഭവം. ഇതൊരു പൊതുതത്വമായി പറഞ്ഞുകൂടാ. അങ്ങനെ വന്നാൽ മരിച്ചുപോയ ഏത് അണ്ടനോടും അടകോടനോടും സംസാരിക്കാമെന്ന് വരും. സത്യവിശ്വാസികൾക്ക് അല്ലാഹു നൽകിയ പ്രത്യക്ഷമായ ആദ്യവിജയമാണല്ലോ ബദർ. പ്രസ്തുത മുശ്രിക്കുകളാവട്ടെ ഇസ്ലാമിനെ അങ്ങേയറ്റത്തോളം ദ്രോഹിക്കുകയും സ്വന്തം നാട്ടിൽ നിന്നും മുസ്ലിംകളെ പുറത്താക്കുകയും ചെയ്തവരാണ്. എന്നിട്ട് അഭയം പ്രാപിച്ച നാട്ടിൽ പോലും സ്വസ്ഥമായി ജീവിക്കാനനുവദിക്കാതെ യുദ്ധത്തിന്ന് നേതൃത്വം നൽകി പുറപ്പെട്ടവരാണവർ. അവർ വിളിച്ചു പ്രാർഥിച്ചിരുന്ന ഭഗവാന്മാരൊന്നും അവരെ സഹായിച്ചില്ല. അല്ലാഹു സത്യവിശ്വാസികൾക്കൊപ്പമാണെന്നും അവരെ സഹായിക്കൽ അല്ലാഹുവിൻെറ ബാധ്യതയാണെന്നും പ്രസ്തുത ഘട്ടം അനിവാര്യമായപ്പോൾ അല്ലാഹുവിൻെറ സഹായം വന്നുവെന്നും സത്യവിശ്വാസികളെക്കൂടി ബോധ്യപ്പെടുത്തുന്ന സംഭവമാണിത്.

മരിച്ചവരോട് ജീവിച്ചരിക്കുന്നവരോടെന്ന പോലെ തൻെറ കാര്യസാധ്യത്തിന്നപേക്ഷിക്കാം എന്ന് കരുതുന്നവരുണ്ട്. ഖബ്റിന്നകത്തെ ജീവിതത്തെ ഭൗതികജീവിതം പോലെ കണക്കാക്കിയത് കൊണ്ടു വന്ന അബദ്ധമാണത്.

നാല് വ്യത്യസ്ത ലോകങ്ങളെ ഏതൊരാളും അഭിമുഖീകരിക്കേണ്ടതുണ്ട്. ഓരോന്നും മറ്റുള്ളതിനെ അപേക്ഷിച്ച് വ്യത്യസ്തം. ഗർഭാശയലോകമാണ് ആദ്യത്തേത്. ഇവിടെ കുഞ്ഞിൽ നാലാം മാസത്തിൽ ജീവൻെറ തുടിപ്പുകൾ വീണതു

മുതൽ ഗർഭാശയത്തിൽ നിന്നു പുറത്തേക്കു വരുന്നതു വരെയു ള്ള കാലമാണ് ഗർഭാശയലോകത്തെ ജീവിതം. പുറമെ നിന്ന് നോക്കി ചിന്തിക്കാനാവാത്ത വിധം അതീവ സൂക്ഷ്മതയും ഒട്ടേ റെ സങ്കീർണ്ണതകളും നിറഞ്ഞ ലോകമാണത്. അവിടെ അവൻ ഉറങ്ങുകയും ഉണരുകയും ആഹാരപാനീയങ്ങൾ സ്വീകരിക്കു കയും മലമൂത്ര വിസർജ്ജനം നടത്തുകയുമൊക്കെ ചെയ്യുന്നു. അതിന് സാദൃശ്യമായ മറ്റൊരു ലോകവും അവന് ലഭ്യമാവാ നില്ല. ആ ജീവിതത്തിൽ സമ്പന്നനെന്നോ ദരിദ്രനെന്നോ ഉള്ള യാതൊരു പരിഗണനയും യോജിക്കുകയില്ല. സമ്പന്നൻേറതാ വട്ടെ പരമദരിദ്രൻേറതാവട്ടെ ഗർഭാശയലോകം ഏത് കുഞ്ഞിന്നും ഒന്നുപോലെത്തന്നെ!

പിന്നീട് ഗർഭാശയ ലോകത്ത് നിന്നും ഭൗതികലോക ത്തിലേക്കവൻ വരുന്നു. ഇതാണ് രണ്ടാമത്തെ ലോകം. ആധി പത്യങ്ങളും വിധേയത്വങ്ങളും സ്ഥാനമാനങ്ങളും അവഗണ നകളും പരിഗണനകളും നന്മ തിന്മകളും ഗുണദോഷങ്ങളും ധി ക്കാരങ്ങളുമൊക്കെ നിറഞ്ഞ ലോകം. ഒന്നാമത്തെ ലോകത്തിൽ നിന്നും തീർത്തും വ്യത്യസ്തം. രണ്ടാം ലോകത്തെ ഗർഭാശയ ലോകവുമായോ മറിച്ചോ താരതമ്യപ്പെടുത്താനാവാത്ത വിധം വ്യത്യസ്തം. പക്ഷെ രണ്ടും ജീവിതം തന്നെ. അവിടുത്തെപ്പോ ലെ ഇവിടെയും എനിക്കാഹാരം തരൂ എന്നഭ്യർഥിച്ച് ഒരു പൊ ക്കിൾക്കൊടി ഘടിപ്പിച്ച് മലർന്നു കിടന്നാൽ അവന്ന് ജീവിക്കാ നാവില്ല. നേരെ തിരിച്ചും അങ്ങനെത്തന്നെ. പൊക്കിൾക്കൊടി യിലൂടെ, രക്തധമനികളിലൂടെ നൽകേണ്ടത്, വയറ് കീറി, കു ഞ്ഞിൻെറ വായ കീറി ആഹാര രൂപത്തിൽ ഇട്ടു കൊടുത്താലും ആ കുഞ്ഞിന് ജീവിതമില്ല. ഗർഭാശയ ലോകത്തേയും ഭൗതിക

ലോകത്തേയും പരിമിതികളെ അതിന്റെ പാട്ടിനു വിടുകയാണ് യുക്തിമാനായ ഒരു വിശ്വാസി ചെയ്യേണ്ടത്.

മൂന്നാമത്തേത് ബർസഖിയായ ലോകമാണ്. ഒരാളുടെ ആത്മാവിനെ പിടികൂടുന്നതു മുതൽ ഉയർത്തെഴുന്നേൽപ്പിന്നായി ആ ആത്മാവിനെ തിരിച്ചു നൽകുന്നതു വരെയുള്ള കാലഘട്ടമാണത്. അവിടെ അതിന്റേതായ പരിമിതികളിലൊതുങ്ങി അവൻ മൂന്നാമതൊരു ജീവിതമാണ് നയിക്കുന്നത്. ഗർഭാശയ ലോക ജീവിതവുമായോ ഭൗതികലോക ജീവിതവുമായോ അതിന്ന് യാതൊരു സാമ്യവുമില്ല. ഒരു നീണ്ട ഹദീസിലൂടെ ഇതിന്റെ ഏകദേശചിത്രം നമുക്ക് മനസ്സിലാക്കാനാവും.

ബർറാഅ് ബിൻ ആസിബ്(റ) പറയുന്നു: "അൻസ്വാറുകളിൽ പെട്ട ഒരാളുടെ ജനാസയിൽ നബി(സ)യോടൊപ്പം ഞങ്ങളും പങ്കെടുത്തു. തുടർന്ന് അയാളുടെ മയ്യിത്ത് മറവു ചെയ്ത ശേഷം റസൂൽ(സ) ഖിബ്‌ലക്കഭിമുഖമായി ഇരുന്നു. ഞങ്ങളും അദ്ദേഹത്തിനു ചുറ്റും ഇരുന്നു. ഞങ്ങളുടെ തലയിൽ പക്ഷികൾ വന്നിരിക്കുന്നതുപോലെ (അത്രയ്ക്ക് അച്ചടക്കത്തോടു കൂടി) ഞങ്ങൾ ഇരുന്നു. കയ്യിലുണ്ടായിരുന്ന കമ്പ് കൊണ്ട് തിരുമേനി മണ്ണിൽ വരച്ചു കൊണ്ടിരുന്നു. തുടർന്നവിടുന്ന് ആകാശത്തിലേക്ക് നോക്കി. ഭൂമിയിലേക്കും നോക്കി. അവിടുത്തെ ദൃഷ്ടി അപ്രകാരം മൂന്ന് തവണ മുകളിലേക്കും താഴോട്ടും അയച്ചു. എന്നിട്ടവിടുന്ന് പറഞ്ഞു: "ഖബറിലെ ശിക്ഷയിൽ നിന്ന് അല്ലാഹുവിനോടഭയം തേടുവിൻ." തുടർന്നവിടുന്ന് പറഞ്ഞു: اللهم اني اعوذبك من عذاب القبر (അല്ലാഹു വെ ഖബ്‌റിലെ ശിക്ഷയിൽ നിന്ന് നിന്നോട് ഞാനഭയം തേടുന്നു.) ഇത് മൂന്നു തവണയാവർത്തിച്ചു. തുടർന്ന് തിരുമേനി(സ)

പറഞ്ഞു: "നിശ്ചയം. സത്യവിശ്വാസിയായ അടിമ. ദുൻയാവിൽ നിന്നുള്ള (ബന്ധം) വിഛേദിക്കപ്പെട്ട് പരലോകത്തെ സമീപിക്കുമ്പോൾ ആകാശത്തുനിന്നും മലക്കുകൾ അവനിലേക്കിറങ്ങി വരും. സൂര്യബിംബം പോലെയായിരിക്കും അവരുടെ മുഖങ്ങൾ. ശോഭിക്കുന്ന മുഖങ്ങൾ. സ്വർഗ്ഗത്തിലെ കഫൻ പുടവയും അവർക്കൊപ്പമുണ്ട്. സ്വർഗ്ഗീയ സുഗന്ധങ്ങളിൽ നിന്നുള്ള സുഗന്ധ വസ്തുക്കളും അവർ കൊണ്ടുവന്നിരിക്കുന്നു. അവരിരിക്കുന്നതു വരെ അവൻെറ ദൃഷ്ടി നീണ്ടുകൊണ്ടിരിക്കും. പിന്നെ 'മലക്കുൽ മൗത്ത്' (അ) വന്ന് അദ്ദേഹത്തിൻെറ തല ഭാഗത്തിരുന്ന് പറയും: "ഹേ, ശാശ്വത ശാന്തി പൂണ്ട ആത്മാവെ....അല്ലാഹുവിൽ നിന്നുള്ള മാപ്പിലേക്കും തൃപ്തിയിലേക്കും നീ പുറപ്പെടുക". തിരുമേനി(സ) പറഞ്ഞു: "തോൽപ്പാത്രത്തിൽ നിന്ന് സാന്ദ്രമായി ഊർന്നിറങ്ങുന്ന ജലകണം പോലെ അപ്പോഴത്(ആത്മാവ്) പുറത്തേക്കു വരും. അപ്പോഴതിനെ പിടിക്കപ്പെടും. ആത്മാവ് പൂർണ്ണമായും പുറത്തേക്ക് വന്നാൽ ആകാശഭൂമികൾക്കിടയിലുള്ളവരും ആകാശത്തുള്ളവരുമായ മലക്കുകൾ അതിന്ന് അനുമോദനങ്ങൾ നേരും. ആകാശത്തിൻെറ വാതിലുകൾ അപ്പോഴതിനുവേണ്ടി തുറക്കപ്പെടും. വാതിലിലുള്ളവർ അവരിൽ നിന്ന് ആത്മാവിനെ ഉയർത്തിക്കൊണ്ട് പോവാൻ അല്ലാഹുവോട് പ്രാർഥിക്കും. അവരതിനെ ഏറ്റെടുത്താൽ ഒരണുവിട സമയം പോലും കയ്യിൽ വെക്കാതെ ആ കഫൻ പുടയി ലും സുഗന്ധ വസ്തുക്കളിലും അവരതിനെ വെക്കും. അപ്ര

*അസ്റാഈൽ എന്ന പേരിൽ നാമൊക്കെ പറഞ്ഞു വരുന്ന മലക്കിന് ഖുർആനിലും സുന്നത്തിലും പരാമർശിച്ച പേര് മലക്കുൽ മൗത്ത് എന്നാണ്. അസ്റാഈൽ എന്ന പേര് ജൂതപരാമർശങ്ങളിൽ നിന്നും വന്നതാണ്. ദീനിൽ ആ ജൂതനാമത്തിന് അടിസ്ഥാനമില്ല.*

കാരം അല്ലാഹു ജല്ല ജലാലുഹു പറഞ്ഞിരിക്കുന്നു:
تَوَفَّتْهُ رُسُلُنَا وَهُمْ لَا يُفَرِّطُونَ (നമ്മുടെ ദൂതന്മാർ (മലക്കുകൾ) അവനെ പൂർണ്ണമായി ഏറ്റെടുക്കുന്നു-അക്കാര്യത്തിൽ അവർ ഒരു വീഴ്ചയും വരുത്തുകയില്ല-അൻആം: 61). ഭൂമിയിൽ ലഭ്യമായതിൽ വെച്ചേറ്റവും നല്ല കസ്തൂരിയുടെ പരിമളം അതിൽ (ആ ആത്മാവിൽ) നിന്ന് പുറത്തേക്ക് വമിക്കും. തിരുമേനി (സ) പറഞ്ഞു: "അപ്പോൾ അതുമായി കയറിപ്പോവുന്നിടത്തെ മലക്കുകളിലൊരാളും തന്നെ ഈ മഹാത്മാവേതാണെന്ന് ചോദിക്കാതിരിക്കില്ല. അപ്പോഴവർ (അത് വഹിച്ചു കൊണ്ടുപോവുന്ന മലക്കുകൾ) പറയും, ഇന്ന ആളുടെ മകൻ ഇന്ന ആൾ എന്ന്. ഭൂമിയിൽ അവരുപയോഗിച്ച ഏറ്റവും നല്ല പേരു കൊണ്ടായിരിക്കും അത്. അങ്ങനെ ഈ ഭൗമാകാശം പിന്നിട്ടു കഴിഞ്ഞാൽ (അടുത്ത ആകാശം) തുറക്കാനഭ്യർഥിക്കും. അപ്പോഴവർക്കത് തുറക്കപ്പെടും. അപ്പോഴതിലെ-ആ ആകാശം മുതൽ അവർ പുറപ്പെടുന്ന അടുത്ത ആകാശം വരെയുള്ളതിലെ സാമീപ്യം സിദ്ധിച്ചവരിൽ (മാലാഖമാരിൽ) ആ (ആത്മാവ്) വിശ്രുതിപ്പെടും. ഏഴാമാകാശം അവസാനിക്കുന്നതു വരെ (ഇപ്രകാരം) തുടർന്നു പോവും. അപ്പോഴല്ലാഹു ജല്ല ജലാലുഹു പറയും: "ഇല്ലിയ്യീനിൽ എന്റെ അടിമയുടെ ഗ്രന്ഥം നിങ്ങൾ രേഖപ്പെടുത്തുവിൻ".
وَمَآ أَدْرَاكَ مَا عِلِّيُّونَ . كِتَابٌ مَّرْقُومٌ . يَشْهَدُهُ الْمُقَرَّبُونَ . (ഇല്ലിയ്യൂൻ എന്നാലെന്താണെന്ന് നിനക്കറിയാമോ..? എഴുതപ്പെട്ട ഒരു രേഖയത്രെ അത്. സാമീപ്യം സിദ്ധിച്ചവർ അതിന്റെ അടുക്കൽ സന്നിഹിതരാവുന്നതാണ്- മുതഫ്ഫിഫീൻ: 19-21). അങ്ങനെ ഇല്ലിയ്യീനിൽ അദ്ദേഹത്തിന്റെ ഗ്രന്ഥം രേഖപ്പെടുത്തും. പിന്നീട് പറയപ്പെടും: "അതിനെ (ആത്മാവിനെ) ഭൂമിയിലേക്ക് നിങ്ങൾ

മടക്കുവിൻ. എന്തുകൊണ്ടെന്നാൽ ഞാനതിൽ നിന്നും അവരെ സൃഷ്ടിച്ചുവെന്നും അതിലേക്കു തന്നെ ഞാനവരെ മടക്കുമെന്നും അതിൽ നിന്നു തന്നെ മറ്റൊരിക്കൽ ഞാനവരെ പുറപ്പെടുവിക്കുമെന്നും നിശ്ചയം ഞാനവർക്ക് വാക്കു കൊടുത്തിരിക്കുന്നു". തിരുമേനി(സ) പറഞ്ഞു: "അങ്ങനെ ഭൂമിയിലേക്ക് അത് മടക്കപ്പെടും. അദ്ദേഹത്തിൻെറ ആത്മാവ് അയാളുടെ ശരീരത്തിൽ തിരിച്ചെത്തുകയും ചെയ്യും. (അദ്ദേഹം മരണപ്പെട്ടു മറവു ചെയ്തു കഴിഞ്ഞാൽ അദ്ദേഹത്തിൻെറ കൂട്ടുകാരുടെ ചെരുപ്പടി ശബ്ദം അകലുന്നതിന്നുമുമ്പ്) അവർ പിന്തിരിഞ്ഞാൽ കഠിനകഠോരന്മാരായ രണ്ട് മലക്കുകൾ അദ്ദേഹത്തിങ്കൽ വരും. അങ്ങനെ (അവർ) അദ്ദേഹത്തോടട്ടഹസിക്കുകയും അദ്ദേഹത്തിനടുത്തിരിക്കുകയും ചെയ്ത ശേഷം അദ്ദേഹത്തോടവർ ചോദിക്കും: "നിൻെറ റബ്ബ് ആരാണ്?" അപ്പോഴയാൾ പറയും: "എന്റെ റബ്ബ് അല്ലാഹുവാണ്". അപ്പോഴവർ അദ്ദേഹത്തോട് ചോദിക്കും: "നിൻെറ മാർഗ്ഗമേതാണ്?" അപ്പോഴദ്ദേഹം പറയും: "ഇസ്ലാമാണെൻെറ മാർഗ്ഗം". തുടർന്നവർ അദ്ദേഹത്തോട് ചോദിക്കും: "നിങ്ങളിലേക്കയക്കപ്പെട്ട വ്യക്തിയെ കുറിച്ച് എന്ത് പറയുന്നു ?". അപ്പോഴദ്ദേഹം പറയും: "അദ്ദേഹം അല്ലാഹുവിൻെറ സന്ദേശവാഹകനാണ്". തുടർന്നദ്ദേഹത്തോടവർ ചോദിക്കും: "നിൻെറ കർമ്മമെന്താണ്?" അപ്പോഴദ്ദേഹം പറയും: "ഞാനല്ലാഹുവിൻെറ ഗ്രന്ഥം വായിച്ചു. അപ്രകാരം ഞാനവനിൽ വിശ്വസിച്ചു. അവനെ സത്യമാക്കി". അപ്പോഴട്ടഹാസം മുഴക്കിക്കൊണ്ടവർ ചോദിക്കും: "നിൻെറ റബ്ബാര്, നിൻെറ മതമേത്, നിൻെറ നബിയേത്?" ഒരു സത്യവിശ്വാസി അഭിമുഖീകരിക്കുന്ന ഏറ്റവും അവസാനത്തെ പരീക്ഷണമാണിത്. അപ്പോഴല്ലാഹു ജല്ലജലാ

ലുഹു പറയും: يثبت الله الذين آمنو بالقول الثابت في الحيواة الدنيا وفي الآخرة (ഐഹിക ജീവിതത്തിലും പരലോകത്തിലും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ചു നിർത്തുന്നതാണ്-ഇബ്രാഹീം: 27). തുടർന്നദ്ദേഹം പറയും: "എന്റെ റബ്ബ് അല്ലാഹുവാണ്, എന്റെ മാർഗ്ഗം ഇസ്ലാമാണ്, എന്റെ നബി മുഹമ്മദ്(സ) ആണ്". അപ്പോഴാകാശത്തു നിന്നും വിളിച്ചു പറയുന്നവൻ ഇങ്ങനെ വിളിച്ചു പറയും: "നിശ്ചയം, എന്റെ അടിമ പറഞ്ഞത് സത്യം. അതിനാൽ നിങ്ങളദ്ദേഹത്തിന് സ്വർഗത്തിൽ വിരിപ്പൊരുക്കുവിൻ. സ്വർഗത്തിൽ നിന്ന് അദ്ദേഹ ത്തിന് അണിയിക്കുകയും ചെയ്യുവിൻ. സ്വർഗ്ഗത്തിലേക്കുള്ള വാതിൽ അദ്ദേഹത്തിന്ന് തുറന്നു കൊടുക്കുകയും ചെയ്യുവിൻ. തിരുമേനി(സ) പറഞ്ഞു: "അപ്പോഴയാൾക്ക് അതിന്റെ (സ്വർഗ്ഗത്തിന്റെ) സുഗന്ധവും ചൈതന്യവും കൊണ്ടുവരപ്പെടും. അവന്റെ ഖബറിടം അവന്റെ ദൃഷ്ടി എത്തുന്നിടത്തോളം നീളത്തിൽ വിശാലമാക്കിക്കൊടുക്കുകയും ചെയ്യും. ഏറ്റവും നല്ല വസ്ത്ര വും ഏറ്റവും നല്ല സുഗന്ധവുമണിഞ്ഞ ഏറ്റവും സുമുഖനായ ഒരാൾ അപ്പോഴവിടെ വന്ന് പറയും: "താങ്കൾക്ക് വന്ന വിശാലതയിൽ താങ്കൾക്ക് മംഗളം. അല്ലാഹുവിൽ നിന്നുള്ള പ്രീതിയും ശാശ്വതവും സുഖാനുഭവങ്ങളുമുള്ള സ്വർഗ്ഗങ്ങളും കൊണ്ട് താങ്കൾക്ക് മംഗളം. താങ്കൾക്ക് വാഗ്ദാനം ചെയ്ത താങ്കളുടെ ദിവസമാവുന്നു ഇത്". അപ്പോഴദ്ദേഹം ആ ആളോട് പറയും: "താങ്കൾക്കും അപ്രകാരം പുണ്യം കൊണ്ട് അല്ലാഹു മംഗളമേകട്ടെ. താങ്കളാരാണ്? പുണ്യവുമായി വന്നതിലേക്ക് താങ്കൾ മുഖം തിരിക്കുക". എന്നിട്ടയാൾ മറുപടി പറയും: "ഞാൻ നിന്റെ സൽക്കർമ്മമാകുന്നു. എന്നാൽ അല്ലാഹുവാ

ണെ, അല്ലാഹുവിനെ അനുസരിക്കുന്നതിൽ നീയെത്ര വേഗതയി ലായിരുന്നുവോ, അല്ലാഹുവിനെ ധിക്കരിക്കുന്നതിൽ നീയെത്ര മന്ദതയിലായിരുന്നുവോ, അതല്ലാതെ ഞാനൊന്നും നിനക്കറി യിച്ചു തന്നിട്ടില്ല. അല്ലാഹു നിനക്ക് നന്മ വരുത്തട്ടെ". എന്നിട്ട് സ്വർഗ്ഗത്തിൽ നിന്നൊരു വാതിലും നരകത്തിൽ നിന്നൊരു വാ തിലും അദ്ദേ ഹത്തിന്നു തുറക്കപ്പെടും. എന്നിട്ട് പറയപ്പെടും: "നീയല്ലാഹുവിനെ ധിക്കരിച്ചിരുന്നെങ്കിൽ നിനക്കുള്ള സ്ഥാനം ഇതാണ്. നിനക്കതിനു പകരം അല്ലാഹു ഇത് തന്നു." അങ്ങനെ സ്വർഗ്ഗ ത്തിലുള്ളതെന്തോ അത് കണ്ടപ്പോഴദ്ദേഹം പറഞ്ഞു: "അല്ലാഹുവെ അന്ത്യനാൾ വേഗമാക്കണേ....എൻെറ കുടും ബത്തിലേക്കും എൻെറ സമ്പത്തിലേക്കും എനിക്ക് മടങ്ങാമ ല്ലോ." അപ്പോഴദ്ദേഹത്തോട് പറയപ്പെടും: "നീ വസിച്ചു കൊ ള്ളുക".

തിരുമേനി(സ) പറഞ്ഞു: "അവിശ്വാസിയായ അടിമ(താ ന്തോന്നി) ഇഹലോകത്തു നിന്ന് വിടവാങ്ങുകയും പരലോക ത്തേക്ക് അടുക്കുകയും ചെയ്യുന്ന ഘട്ടം വന്നാൽ ആകാശത്തു നിന്നു പരുഷരും കഠിനരുമായ മലക്കുകൾ അദ്ദേഹത്തിലേക്ക് ഇറങ്ങിവരും. കറുത്ത മുഖമുള്ളവർ. നരകത്തിൽ നിന്നുള്ള രോമവസ്ത്രങ്ങൾ അവർ കൊണ്ടു വന്നിട്ടുണ്ട്. അങ്ങനെ കണ്ണെത്താവുന്ന ദൂരത്തിൽ അവർ വന്നിരിക്കും. പിന്നെ മലക്കു ൽ മൗത്ത്(അ) വരും. അയാളുടെ ശിരസ്സിന്നരികെ വന്നിരിക്കും. തുടർന്ന് പറയും: "അല്ലയോ നീചമായ ആത്മാവെ, അല്ലാഹു വിൽ നിന്നുള്ള കോപത്തിലേക്കും വെറുപ്പിലേക്കും നീ പുറ പ്പെടുക. തിരുമേനി(സ) പറഞ്ഞു: "നനഞ്ഞ കമ്പിളിക്കെട്ടിൽ മുള്ളുകളുള്ള കമ്പിട്ട് വലിക്കുന്നതുപോലെ അയാളുടെ ആത്മാ

വിനെ (നിർദ്ദയം) അയാളുടെ ശരീരത്തിൽ നിന്നും പറിച്ചെടുക്കും. അതോടൊപ്പം അയാളുടെ സിരകളും രക്തധമനികളും മുറിഞ്ഞുപോവും. ആകാശഭൂമികൾക്കിടയിലുള്ളവരും ആകാശത്തുള്ളവരുമായ മലക്കുകളെല്ലാം അതിനെ ശപിക്കും. ആകാശകവാടങ്ങളടയ്ക്കപ്പെടും. (ആകാശ) കവാടത്തിലെ ഒരാൾ പോലും അവർക്ക് മുമ്പിലൂടെ അയാളുടെ അത്മാവിനെ കയറ്റിക്കൊണ്ടുപോവരുതേയെന്ന് അല്ലാഹുവോട് പ്രാർഥിക്കാതിരിക്കുകയില്ല. തുടർന്ന് അതിനെ (ആ ആത്മാവിനെ) പിടികൂടും. അങ്ങനെ അതിനെ പിടികൂടിയാൽ ഒരൽപം പോലും കയ്യിൽ വെക്കാതെ അവരതിനെ ആ രോമവസ്ത്രത്തിൽ വെക്കും. ഭൂമുഖത്തുള്ളതിലെ ഏറ്റവും രൂക്ഷദുർഗന്ധം അതിൽ നിന്ന് പുറപ്പെടും. അപ്പോൾ അതുമായി കയറിപ്പോവുന്നിടത്തുള്ള മലക്കുകളിലൊരാളും ഈ നികൃഷ്ടാത്മാവേതെന്ന് ചോദിക്കാതിരിക്കില്ല. അപ്പോൾ ഇന്ന ആളുടെ മകൻ ഇന്ന ആൾ എന്ന് ഭൂമുഖത്തെ ഏറ്റവും ചീത്ത പേരുകളിലൊന്നുകൊണ്ട് അവർ (മലക്കുകൾ) പറയും. ഭൗമാവകാശം അവസാനിക്കുന്നതുവരെ ആ (പേര്) വിളിക്കപ്പെടും. തുടർന്ന്(അടുത്ത ആകാശം) തുറക്കാനഭ്യർഥിക്കും. എന്നാലതവന്നുവേണ്ടി തുറക്കുന്നതല്ല. തുടർന്ന് പ്രവാചകൻ(സ) ഇങ്ങിനെ പാരായണം ചെയ്തു. لا تُفَتَّحُ لهم ابواب السماء ولا يَدْخلون الجنة حتى يَلِج الجمل في سَم الخِياط (അവർക്ക് വേണ്ടി ആകാശത്തിൻെറ കവാടങ്ങൾ തുറന്നു കൊടുക്കപ്പെടുകയേയില്ല. ഒട്ടകം സൂചിയുടെ ദ്വാരത്തിലൂടെ കടന്നുപോവുന്നത് വരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുമില്ല-അഅ്റാഫ്:40). അല്ലാഹു ജല്ലജലാലുഹു തുടർന്ന് പറയും:

---

**സിജ്ജീൻ** : *ദുർമ്മാർഗ്ഗികളുടെ കർമ്മരേഖാ സമുച്ചയം.*

സിജ്ജീനിലെ ഏറ്റവും താഴെ തലത്തിൽ അവൻെറ ഗ്രന്ഥം നിങ്ങൾ രേഖപ്പെടുത്തുവിൻ. പിന്നീട് "ഭൂമിയിലേക്ക് എൻെറ അടിമയെ നിങ്ങൾ മടക്കുവിൻ. എന്തുകൊണ്ടെന്നാൽ ഞാനതിൽ നിന്നും അവരെ സൃഷ്ടിച്ചുവെന്നും അതിലേക്ക് തന്നെ ഞാനവരെ മടക്കുമെന്നും അതിൽ നിന്നു തന്നെ മറ്റൊരിക്കൽ ഞാനവരെ പുറത്തു കൊണ്ടു വരുമെന്നും നിശ്ചയം ഞാനവർക്ക് വാക്കു കൊടുത്തിരിക്കുന്നു" എന്ന് പറയപ്പെടും. അപ്പോഴവൻെറ ആത്മാവ് (ആകാശത്തു നിന്നും) വലിച്ചെറിയപ്പെടും. അതയാളുടെ ശരീരത്തിൽ വന്നുവീഴും. തുടർന്ന് (പ്രവാചകൻ (സ) (ഇങ്ങിനെ) പാരായണം ചെയ്തു: ومن يشرك بالله فكأنما خر من السماء فتخطفه الطير أوتهوِي به الريحُ في مكانٍ سحيق (അല്ലാഹുവോട് വല്ലവനും പങ്കു ചേർക്കുന്ന പക്ഷം അവൻ ആകാശത്തുനിന്നും വീണതുപോലെയാകുന്നു. അങ്ങിനെ പക്ഷികൾ അവരെ റാഞ്ചിക്കൊണ്ട് പോവുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് തള്ളിക്കൊണ്ട് പോവുന്നു -ഹജ്ജ്:31). അങ്ങിനെ അയാളുടെ ആത്മാവ് അയാളുടെ ശരീരത്തിലേക്ക് മടക്കപ്പെടും. (തിരുമേനി(സ) പറഞ്ഞു: "അവർ (ഖബറടക്ക ചടങ്ങിൽ പങ്കെടുത്തവർ) തിരിച്ചുപോയി അവരുടെ ചെരുപ്പടി ശബ്ദം അകലുന്നതിനുമുമ്പ്) കഠിന കഠോരന്മാരായ രണ്ട് മലക്കുകൾ അയാളുടെ അടുത്ത് വരും. അവർ അയാളോടട്ടഹസിക്കുകയും അവൻെറയടുത്തിരിക്കുകയും ചെയ്യും. തുടർന്നവരവനോട് ചോദിക്കും: "നിൻെറ റബ്ബാരാണ്"? അപ്പോഴവൻ പറയും: "ഹോ, ഹോ എനിക്കറിഞ്ഞുകൂടാ"... അപ്പോഴവർ അവനോട് ചോദിക്കും: "നിൻെറ മാർഗ്ഗമേതാണ്?" അപ്പോഴവൻ പറയും: "ഹോ, ഹോ, എനിക്കറിഞ്ഞുകൂടാ". അപ്പോഴവർ

ചോദിക്കും: "നിങ്ങളിലേക്ക് അയക്കപ്പെട്ട ഈ ആളെക്കുറിച്ച് നീയെന്തു പറയുന്നു?" എന്നാലയാളുടെ പേരെനിക്കറിഞ്ഞുകൂടല്ലോ! അപ്പോഴവരവനോട് പറയും: "മുഹമ്മദ്". അപ്പോഴവൻ പറയും: ഹേറാ, ഹേറാ, എനിക്കറിഞ്ഞുകൂടാ....ജനങ്ങളങ്ങിനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്". തിരുമേനി(സ) പറഞ്ഞു: "അപ്പോൾ പറയപ്പെടും: നിനക്കറിഞ്ഞുകൂടേ!" തുടർന്ന് ആകാശത്ത് നിന്ന് വിളിക്കുന്നവൻ വിളിച്ചു പറയും: "കള്ളം. നരകത്തിൽ നിന്നുള്ള വിരിപ്പ് നിങ്ങളവന്നൊരുക്കുവിൻ. നരകത്തിലേക്കുള്ള കവാടം അവന്നായി നിങ്ങൾ തുറക്കുകയും ചെയ്യുവിൻ. അപ്രകാരം അതിൽ (നരകത്തിൽ) നിന്നുള്ള താപവും തുളച്ചു കയറുന്ന തീ നാളവും കൊണ്ടു വരും. അവൻെറ വാരിയെല്ലുകൾ നുറുങ്ങിപ്പോവും വിധം അവൻെറ ഖബർ ഇടുങ്ങും. വിരൂപമുഖനായ ഒരാൾ അയാളിലേക്ക് വരും. മ്ലേഛ വസ്ത്രധാരി. ദുർഗന്ധവാഹി. തുടർന്നയാളവനോട് പറയും: "നിൻെറ മ്ലേഛതകൾ കൊണ്ട് നിനക്ക് മംഗളം. നിന്നോട് വാഗ്ദാനം ചെയ്ത നിൻെറ ദിവസമാവുന്നു ഇത്". അപ്പോഴവൻ പറയും: "നിനക്കും അപ്രകാരം അല്ലാഹു തിന്മ കൊണ്ട് മംഗളം നേരട്ടെ. നീയാരാണ്? തിന്മയുമായി വന്നതിലേക്ക് നീ മുഖം തിരിച്ചു നോക്കൂ"..തുടർന്നയാൾ പറയും: "ഞാൻ നിൻെറ മ്ലേഛകർമ്മങ്ങളാകുന്നു. എന്നാലല്ലാഹുവാണെ, അല്ലാഹുവിനെ അനുസരിക്കുന്നതിൽ നീയെത്ര മന്ദഗതിയിലായിരുന്നുവോ, അല്ലാഹുവിനെ ധിക്കരിക്കുന്നതിൽ നീയെത്ര വേഗതയിലായിരുന്നുവോ അത് മാത്രമേ നിനക്കു ഞാനറിയിച്ചു തരുന്നുള്ളൂ. അതിനാലല്ലാഹു നിനക്ക് തിന്മ വരുത്തട്ടെ. അയാൾ(മ്ലേഛകർമ്മം) അന്ധതയും ബധിരതയും മൂകതയും അവന്ന് വിധിക്കും. അയാ

ളുടെ കയ്യിൽ വൻ ചുറ്റികയുണ്ട്. അത് കൊണ്ട് ഒരു പർവ്വതത്തിൻ മേൽ അടിച്ചാൽ അത് പൊടിഞ്ഞുപോവും. അങ്ങിനെ അത് കൊണ്ടയാൾ അവനെ ഒരടി അടിക്കും. അതിലവൻ പൊടിയാകും. തുടർന്ന് അവനെ പഴയ സ്ഥിതിയിലേക്കു തന്നെ അല്ലാഹു മടക്കും. അപ്പോഴതു കൊണ്ട് മറ്റൊരടികൂടി അടിക്കും. അപ്പോഴവൻ ആർത്തനാദം മുഴക്കും. മനുഷ്യരും ജിന്നുകളുമൊഴിച്ചുള്ള എല്ലാവരും അത് കേൾക്കും. തുടർന്നവന് ഒരു അഗ്നിവാതിൽ തുറക്കപ്പെടും. ഒരു തീ വിരിപ്പ് അവനൊരുക്കി വെക്കുകയും ചെയ്യും. അപ്പോഴവൻ പറയും: റബ്ബേ.....അന്ത്യനാൾ സംഭവിക്കരുതേ........!

ഇവിടെ വിശദീകരിച്ചു പറഞ്ഞ സംഭവങ്ങളിൽ ആർത്തനാദങ്ങളുണ്ട്, സംസാരങ്ങളുണ്ട്, താഢനങ്ങളും പീഢനങ്ങളുമുണ്ട്, സുഖാനുഭവങ്ങളുണ്ട്, ആസ്വാദനങ്ങളുണ്ട്. ഈ കാലഘട്ടത്തെ, കഴിഞ്ഞുപോയ രണ്ട് ലോകത്തെയും ജീവിതവുമായി ഒരു നിലക്കും സാമ്യപ്പെടുത്താവതല്ല. പ്രവാചകൻ(സ) പറഞ്ഞതായി മുസ്‌ലിമും മറ്റും റിപ്പോർട്ട് ചെയ്യുന്നു: “വാനാരോഹണ രാത്രിയിൽ മൂസ(അ) തൻെറ ഖബറിൽ നമസ്കരിച്ചു നിൽക്കവെ ഞാനദ്ദേഹത്തിൻെറ അടുത്തുകൂടി പോവുകയുണ്ടായി.”

ഇവിടെ പ്രവാചകൻ(സ) മിഅ്റാജിൻെറ യാത്രയിൽ ബർസഖിയായ ലോകത്ത് ജീവിക്കുന്നവരുടെ സമീപത്തുകൂടി സഞ്ചരിച്ചുവെന്നാണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്. അവിടെ മൂസാ(അ) നെ തിരുമേനി(സ) കാണുന്നു. അദ്ദേഹം ഖബറിന്നകത്ത് നിന്ന് നമസ്കരിക്കുന്നതായാണ് പ്രവാചകൻ (സ) പറയുന്നത്. ഭൗതികലോകത്തിരുന്ന് ചിന്തിച്ചാൽ ഒരാൾ

ശരിക്കൊന്ന് നിവർന്നിരുന്നാൽ തന്നെ മുകളിൽ തല മുട്ടിപ്പോവുന്ന പ്രകൃതത്തിലാണ് ഖബറുള്ളത്. അതിലെങ്ങിനെ പിന്നെ നിന്നു നമസ്കരിക്കാനാവും? സത്യവിശ്വാസിക്ക്, തന്റെ ഖബർ കണ്ണെത്താവുന്നത്ര വിശാലമാക്കിക്കൊടുക്കുമെന്ന് നാം മനസ്സിലാക്കി. ഭൗതികലോകത്ത് വെച്ച് നാം കാണുന്നത് ആ ഖബറിന്റെ ഇരു ചുമരുകളും മയ്യിത്തിന്റെ ഇരു ചുമലുകളോടും തൊട്ടു തൊട്ടില്ല എന്ന മട്ടിൽ അടുത്തിരിക്കുന്നതായിട്ടാണ്. ഇത്രയും അടുത്തിരിക്കുന്ന ചുമരുകൾ കണ്ണെത്താവുന്നത്ര ദൂരത്തേക്ക് മാറിനിൽക്കുന്നതെങ്ങിനെ? അടിച്ചാൽ പർവ്വതങ്ങൾ പോലും ധൂമമായിപോവുന്ന ചുറ്റിക കൊണ്ട് പാപിയായ മനുഷ്യനെ അടിക്കുമ്പോൾ അവൻ പുറപ്പെടുവിക്കുന്ന അട്ടഹാസം പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങൾ മുഴുവൻ, അല്ലാഹുവിന്റെ സൃഷ്ടികളിൽ ജിന്നു-മനുഷ്യരൊഴിച്ചുള്ള സകല സൃഷ്ടിജാലങ്ങളും കേൾക്കുമെങ്കിൽ, ജിന്നുകളുടെയും മനുഷ്യരുടെയും കർണ്ണപുടങ്ങളെ, കവച്ചു വെച്ചു സഞ്ചരിക്കുന്ന ബർസഖിയായ ലോകത്ത് നിന്ന് പുറപ്പെടുന്ന ഈ ശബ്ദ വീചികളുടെ പൊരുളെന്ത്? ഭൗതികലോകത്ത് ജീവിക്കുന്നവർക്ക് സങ്കൽപ്പിക്കാനാവത്തത്ര ഗൗരവമാർന്ന യാഥാർഥ്യമാണ് ആ ലോകമെന്ന് ഒരു സത്യവിശ്വാസിക്ക് മനസ്സിലാക്കാൻ ഇത് മതിയാവില്ലേ.! അവിടുത്തെ ഉറക്കം, ഉണർച്ച, സഞ്ചാരം, ആസ്വാദനങ്ങൾ, അനുഭവങ്ങൾ എന്നിങ്ങിനെയുള്ളതൊക്കെ ആ ലോകത്തിന്റെ പ്രത്യേകതയല്ലെ....! അതിനെ ഭൗതിക ലോകവുമായി കൂട്ടിക്കുഴക്കാനാവില്ലെന്ന് സാധാരണ ബുദ്ധിക്ക് മനസ്സിലാക്കാൻ പ്രയാസമുണ്ടോ? ഭൗതികജീവിതത്തെ ഗർഭാശയ ജീവിതവുമായി കൂട്ടിക്കുഴക്കാനാവാത്ത പോലെത്തന്നെ!

ഒരാൾ ചെന്നെത്തുന്ന നാലാമത്തെയും അവസാനത്തെയും ലോകമാണ് പരലോകം. അതിനുമുമ്പ് അവൻ പിന്നിട്ട മൂന്ന് ലോകങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തം. ഒരിക്കലും മരണമില്ലാത്ത ഒരു ജീവിതമാണ വിടെ നയിക്കുന്നത്. ആ ജീവിതത്തെ അവൻ പിന്നിട്ട മറ്റൊരു ജീവിതവുമായും ഒരു നിലക്കും സാമ്യപ്പെടുത്താനാവില്ല. അവിടെയുള്ള അനുഭവങ്ങൾ മനുഷ്യസങ്കൽപങ്ങൾക്കതീതമാണ്. ഉദാഹരണമായി, പത്തിരി പോലെ പരന്ന, നിംനോന്നതികളില്ലാത്ത, വെള്ളിക്കട്ടി പോലെ തിളങ്ങുന്ന യാതൊരു തണലും മറയുമില്ലാത്ത വിചാരണ നിലയത്തിൽ ആളുകൾ ഒരുമിച്ചുകൂടുന്ന രംഗം ഹദീസുകളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ ഓരോരുത്തരും തങ്ങളുടെ പാപത്തിൻെറ തോതനുസരിച്ച് അവനവൻെറ വിയർപ്പിൽ മുങ്ങി നിൽക്കുന്നു. ഞെരിയാണി വരെ മുങ്ങിയവർ, കാൽമുട്ടുവരെ മുങ്ങിയവർ, അരവരെ മുങ്ങിയവർ, കഴുത്തുവരെ മുങ്ങിയവർ, ചെവിക്കുന്നി വരെ മുങ്ങിയവർ ഇങ്ങിനെ വ്യത്യസ്ത തരക്കാർ. തൻെറ ശരീരം വിസർജ്ജിച്ച ആ വിയർപ്പിനെക്കുറിച്ചും അതിനുകാരണമായ ഭീതിദാവസ്ഥയെക്കുറിച്ചും യാതൊരു കുന്നും കുഴിയുമില്ലാത്തിടത്ത് ഓരോരുത്തർക്കും പ്രത്യേകമായി വന്നു ചേരുന്ന വിയർപ്പിൻെറ വിതാനത്തെക്കുറിച്ചും അതിലെ മുങ്ങലിനെക്കുറിച്ചും അതിൻെറ പ്ലവാത്മകതയെക്കുറിച്ചും നമുക്ക് ഈ ലോകത്തിരുന്ന് സങ്കൽപ്പിക്കാനാവുമോ......ദയവായി ഒരു ലോകത്തെയും പരസ്പരം കൂട്ടിക്കലർത്താതെ ഓരോന്നിനെയും അതാതിൻെറ പാട്ടിന് വിടൂ........

ഗർഭാശയലോകം ഒരാളുടെ നിഷ്ക്രിയമായ അനുഭവലോകമാണ്. അവിടെ അയാൾ (ആ കുഞ്ഞ്) തനിക്കൊരുക്കിയ

സങ്കേതത്തിൽ സ്വന്തമായൊന്നും ചെയ്യാനില്ലാതെ, നന്മ തിന്മാ ബോധങ്ങളില്ലാതെ, ഉച്ച നീചത്വങ്ങളില്ലാതെ, അയാളിലേ ക്കെത്തിച്ചേരുന്ന അല്ലാഹുവിൻെറ ഔദാര്യം മാത്രം സ്വീകരിച്ച് അയാൾ ജീവിക്കുന്നു. ഒരു നിശ്ചിത കാലാവധിക്കു ശേഷം ഭൗതികലോകത്തേക്കവൻ പ്രസവിക്കപ്പെടുന്നു. വന്ന ലോക ത്തേക്കൊരു തിരിച്ചുപോക്ക് ഇനിയില്ലാതെ. ഒരർഥത്തിൽ ഗർ ഭാശയലോകത്തു നിന്നുള്ള മരണമായി ഭൗതികലോകത്തേക്കു ള്ള അവൻെറ ജനനത്തെ കണക്കാക്കാം.

ഭൗതികലോകമാവട്ടെ കർമ്മലോകമാണ്. നന്മകളോ തിന്മകളോ തിരഞ്ഞെടുത്ത് തൻെറ ഇച്ഛാനുസാരം ധിക്കാരി യോ, താന്തോന്നിയോ, മാന്യനോ ആയി ജീവിക്കാം. ഇവിടെ ഉച്ചനീചത്വങ്ങളുണ്ട്. ഒരു നിശ്ചിത കാലാവധിക്കുശേഷം ഭൗതി കലോകത്ത് അവൻ മരിക്കുന്നു. ഇനിയൊരു തിരിച്ചുപോക്ക് ആ ലോകത്തേക്കില്ല. അങ്ങനെ ബർസഖിയായ ലോകത്തേ ക്കവൻ പ്രവേശിക്കുന്നു. ബർസഖിയായി ലോകത്തേക്കുള്ള ജനനമാണിതെന്ന് പറയാം. ഒരു നിശ്ചിതകാലം അയാളവിടെ ജീവിക്കുന്നു. ആ ജീവിതത്തിനു പറ്റിയ എല്ലാം അനുഭവിച്ചും ആസ്വദിച്ചും കൊണ്ട്. പിന്നിട്ട രണ്ട് കാലങ്ങളുമായും അതിന്ന് സാമ്യമില്ല. ഇവിടെ കർമ്മങ്ങളനുഷ്ഠിക്കാനുള്ള വേദിയില്ല. എന്നാൽ ഭൗതികലോകത്ത് ചെയ്തുവെച്ച കർമ്മങ്ങളുടെ ഒരു പരിച്ഛേദം അയാൾക്കിവിടെ അനുഭവിക്കാനാവും. ഗർഭാശയ ലോകത്തെന്നപോലെ അയാളിവിടെയും ഒറ്റക്കാണ്. സമ്പന്ന നെന്നോ ദരിദ്രനെന്നോ ഉള്ള യാതൊരു വിവേചനവും ഇവിടെ കാണാനാവുകയില്ല. കർമ്മങ്ങളുടെ പ്രാഥമികാസ്വാദനങ്ങളനു ഭവിച്ചു കൊണ്ടുള്ള ജീവിതം.

ഉഹ്ദിൽ രക്തസാക്ഷികളായ സഹോദരങ്ങളെക്കുറിച്ച് പ്രവാചകൻ(സ) പറഞ്ഞു: "അല്ലാഹു അവരുടെ ആത്മാക്കളെ പച്ചക്കിളിയുടെ മേടയിൽ നിക്ഷേപിച്ചു. സ്വർഗ്ഗീയ അരുവികളിലേക്ക് അത് നിരന്തരം വന്നു ചേരും. സ്വർഗ്ഗത്തിലെ പഴങ്ങൾ അതാഹരിക്കും. അർശിന്റെ തണലിൽ തൂക്കിയിട്ട സുവർണ്ണ കിനാദിയിൽ അത് ചേക്കേറും. ഉൽക്കൃഷ്ടമായത് അവർ കാണുമ്പോഴൊക്കെ അത് തിന്നുകയും കുടിക്കുകയും മൊഴിയുകയും ചെയ്യും. അവർ പറയും: സ്വർഗ്ഗത്തിൽ ഞങ്ങൾ ജീവിക്കുന്നുവെന്നും ആഹരിക്കുന്നുവെന്നും ഞങ്ങളുടെ സഹോദരങ്ങൾക്ക് (വിവരം) എത്തിക്കുന്നവരാരാണ്? ജിഹാദിന്റെ മാർഗ്ഗത്തിൽ ഐഹിക സുഖങ്ങൾ വെടിയാനും യുദ്ധമുഖത്ത് ഭീരുക്കളാവാതിരിക്കാനും വേണ്ടി. അപ്പോഴല്ലാഹു ജല്ലജലാലുഹു പറഞ്ഞു: 'നിങ്ങളെപ്പറ്റി ഞാനവർക്ക് വിവരമെത്തിക്കാം' (അഹ്മദ്, അബൂദാവൂദ്, ഹാകിം)

റസൂലുല്ലാഹി(സ) പറഞ്ഞു: പ്രവാചകന്മാർ അവരുടെ ഖബറുകളിൽ ജീവിക്കുന്നവരാണ്. പ്രാർഥിക്കുന്നവരുമാണ്.

ആ ജീവിതം അവസാനിക്കുന്നത് മഹ്ശറിന്റെ ലോകമായ പരലോകത്തേക്കുള്ള പുറപ്പാടോടു കൂടിയാണ്. ബർസഖിയായ ലോകത്തു നിന്നുള്ള 'മരണം'. പരലോകത്തേക്കുള്ള ജനനം. ഇതവസാനത്തെ ലോകം. ഇനിയൊരു ലോകത്തേക്ക് അയാൾക്കു സഞ്ചരിക്കാനില്ല. ഇത് വിധി നിർണ്ണയത്തിന്റെ, വിധി പ്രഖ്യാപനത്തിന്റെ ലോകം. ഇവിടുത്തെ ജീവിതത്തിന്ന് മരണമില്ല. ഈ ജീവിതാനുഭവങ്ങൾക്കും സദൃശ്യങ്ങളില്ല. ഇത് രക്ഷാ ശിക്ഷകളുടെ ലോകം. ഒരു മനസ്സും സങ്കൽപ്പിച്ചിട്ടില്ലാത്ത, സങ്കൽപ്പിക്കാനാവാത്ത അനുഭവങ്ങളുടെ ലോ

കം. ഇവിടെ ആരും സഹായത്തിനില്ല. അവൻ തനിച്ചാണെന്നും തീർത്തു പറയാനാവില്ല. അയാളുടെ കർമ്മങ്ങളുടെ തോതനുസരിച്ചേ അത് നിർണ്ണയിക്കാനാവൂ...ദുഷ്കർമ്മത്തിൻെറ ഉടമയാണെങ്കിൽ അയാളുടെ സർവ്വാവയവങ്ങളും, ചർമ്മങ്ങൾ വരെ, അയാൾക്കെതിരിൽ നിലകൊള്ളും. പിന്നെ അയാളിൽ ബാക്കിയാവുന്നതെന്ത്? അതെങ്ങിനെ ജീവിക്കുന്നു? ഇതിന് മറുപടി തരേണ്ടത് ആ ജീവിതം തന്നെയാണ്.

ഖബറിൽ ബർസഖിയായ ലോകത്ത് കഴിയുന്നവരോട് കാര്യസാധ്യത്തിന്നാവശ്യപ്പെടുന്നവർ കരുതിയിരുന്നു കൊള്ളുക! കർമ്മങ്ങൾ നന്നാക്കാനും പാപമോചിതരായിത്തീരാനും അതിനുവേണ്ടി അല്ലാഹുവോട് പ്രാർഥിക്കാനും സാധ്യമാവുന്ന ഒരു ലോകത്ത് കാലൂന്നി നിന്നു കൊണ്ടാണ്, ഇതിനൊന്നും സാധിക്കാത്ത, ഇതൊന്നും ഫലം ചെയ്യാത്ത ലോകത്തേക്കൊരാൾ കൈനീട്ടുന്നത്. ഭൂമിയിൽ നിന്ന്, ഗർഭാശയലോകത്തേക്ക്, ഗർഭസ്ഥ ശിശുവിലേക്ക് കൈ നീട്ടുന്നത് പോലെ വിചിത്രം! മരിച്ചവർ ഖബറിൽ ജീവിക്കുന്നു എന്ന കാരണത്തിൻെറ പേരിലാണത്രെ അത്. ഖബറിലുള്ളവരും ജീവിക്കുന്നു. പരലോകത്തെത്തുന്നവരും ജീവിക്കുന്നു. ഗർഭത്തിലുള്ളതും ജീവിക്കുന്നു. ഭൂമിയിലുള്ളവരും ജീവിക്കുന്നു. നാലും നാലുതരം ജീവിതമാണെന്നു ചിന്തിക്കാൻ കൂടുതൽ ബുദ്ധി വേണ്ടതുണ്ടോ.......! അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ-.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, ഖബർ സന്ദർശനവും അതുമായി ബന്ധപ്പെട്ടതുമായ കാര്യങ്ങളിൽ നൽകിയ ഫത്‌വകളുടെ ക്രോഢീകരണമാണ് ഈ പുസ്തകത്തിലുള്ളത്. ചോദ്യങ്ങളെല്ലാം ആദ്യത്തിൽ തന്നെ ചോദിച്ച് അതിന്ന് ഒറ്റയടി

ക്ക് മറുപടി തരുന്ന രീതിയാണ് അദ്ദേഹം ഇതിൽ അവലംബി ച്ചത്. വായനക്കാരന് ഇതൽപം ബുദ്ധിമുട്ടുണ്ടാക്കിയേക്കാം. ഒരു വിഷയത്തിൽ നിന്ന് മറ്റൊന്നിലേക്ക് പ്രവേശിക്കുമ്പോൾ കാണുന്ന തലക്കെട്ടും ശൈഖിൻേറതല്ല. പുസ്തകപ്രസാധകർ വായനക്കാരുടെ സൗകര്യാർഥം അക്കാര്യം വായനക്കാരെ അറി യിച്ചു കൊണ്ടു തന്നെ ചെയ്തതാണ്. പാരായണവേളയിലെ അവ്യക്തത ഇല്ലാതാക്കാൻ അതുപകരിച്ചിട്ടുണ്ട്. ഈ വിനീ തനും ആ തലക്കെട്ടുകൾ പകർത്തുകയാണ് ചെയ്തത്.

ശൈഖിൻെറ കർമ്മ നിരതമായ ജീവിതം സംക്ഷിപ്തമാ യി ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉജ്ജ്വലവും കർമ്മ നിരതവു മായ ആ ജീവിതം അൽപമെങ്കിലും ഉൾക്കൊള്ളാൻ അതുപകരി ക്കുമെന്ന് കരുതുന്നു. ശൈഖിനെ പരിഹസിക്കുന്ന നവീന 'പണ്ഡിതന്മാർ' എത്രമാത്രം ഭോഷന്മാരാണെന്ന് അങ്ങനെ മനസ്സിലാക്കാനാവും.

ഈ ഗ്രന്ഥത്തിൻെറ തർജ്ജമയിലും പരിശോധനയി ലും പകർത്തെഴുത്തിലും മറ്റും എന്നെ സഹായിച്ച പലരുമുണ്ട്. പ്രിയ സുഹൃത്തുക്കളായ കോയക്കുട്ടി ഫാറൂഖി, അലവിക്കുട്ടി മൗലവി (എ.ആർ നഗർ) എന്നിവരും ഉമ്മു ഫുർഖാനും പ്രത്യേ കം എടുത്തു പറയേണ്ടവരാണ്. എല്ലാവരെയും നന്ദിപൂർവ്വം ഞാൻ സ്മരിക്കുന്നു. ഏറ്റവും മെച്ചപ്പെട്ട പ്രതിഫലം തരുന്നവൻ അല്ലാഹുവാണ്. ഞങ്ങളുടെ ഈ പരിശ്രമങ്ങളെ ഞാനിതാ അല്ലാഹുവിങ്കൽ സമർപ്പിച്ചു കൊള്ളുന്നു.

അല്ലാഹുവേ......വന്നുപോയ അബദ്ധങ്ങൾ മാപ്പാക്ക ണേ.....ഞങ്ങളുടെ കർമ്മങ്ങൾ ശുഭാന്തമാക്കണേ........ഭൗതിക

ജീവിതത്തിൻെറ അവസാനങ്ങളും സുഗന്ധദായകമാക്കണേ....ബർസഖിയായ ലോകത്തും പരലോത്തും നീ ഞങ്ങളെ സ്വർഗ്ഗീയ ദൃശ്യങ്ങളേകി ആദരിക്കണേ...സർവ്വലോക നിയന്ഥാവേ.........നിനക്കത്രെ സർവ്വത്ര സ്തുതിയും. നീയാണേറ്റവും അറിയുന്നവൻ. ഞങ്ങൾക്കു വന്ന പ്രവാചകൻ മുഹമ്മദ്(സ)യിലും അവിടുത്തെ കുടുംബങ്ങളിലും സന്തതസഹചാരികളിലും നീ അനുഗ്രഹം വർഷിക്കുകയും ചെയ്യണേ.....

റിയാദ്
1-1-1420 H
17-04-1999

ഹനീഫ് പുല്ലിപ്പറമ്പ്,
പി.ബി.നമ്പർ: 2439,
റിയാദ്: 11451,
സൗദി അറേബ്യ

# ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെ പിതൃപരമ്പര

അബുൽ അബ്ബാസ് അഹ്മദ് ബിൻ അബ്ദുൽ ഹലീം ബിൻ അബ്ദുസ്സലാം ബിൻ അബ്ദുല്ലാഹ് ബിൻ മുഹമ്മദ് ബിൻ ഖിദ്ർ ബിൻ മുഹമ്മദ് ബിൻ ഖിദ്റ് ബിൻ അലി ബിൻ അബ്ദുല്ലാഹ് ബിൻ തൈമിയ്യ അൽ ഹർറാനി.

# ശൈഖുൽ ഇസ്‌ലാമിൻെറ ജീവിതം

ഉത്തര തുർക്കിയിലെ പഴയ പട്ടണമായ ഹർറാനിൽ ഹിജ്റ 661, റബീഉൽ അവ്വൽ പത്ത് തിങ്കളാഴ്ച അദ്ദേഹം ഭൂജാതനായി. ഏഴു വയസ്സായപ്പോൾ പിതാവിനോടൊപ്പം അദ്ദേഹം ദമാസ്കസിലേക്ക് താമസം മാറ്റി. ഈ മാറ്റം ഒരർഥത്തിൽ താർത്താരികളുമായുള്ള യുദ്ധത്തിൻെറ മുമ്പിൽ നിന്ന് കുടുംബസമേതമുള്ള രക്ഷപ്പെടലും കൂടിയായിരുന്നു.

മത വിജ്ഞാനീയങ്ങളുടെ വിപുലതയാർന്ന മഹാസൗഭാഗ്യങ്ങളുള്ള അനുഗൃഹീത കുടുംബത്തിലാണ് അദ്ദേഹം പിറന്നത്. അദ്ദേഹത്തിൻെറ സഹോദരങ്ങളും പിതാവും പിതാമഹന്മാരും പിതൃവ്യന്മാരിലേറെപ്പേരും പ്രസിദ്ധരായ പണ്ഡിതന്മാരായിരുന്നു. കർമ്മ ശാസ്ത്രത്തിലും നിദാന ശാസ്ത്രത്തിലും ഹദീസു വിജ്ഞാനീയങ്ങളിലും പ്രസിദ്ധങ്ങളായ രചനകൾ നടത്തിയവരാണ് ഇവരിലേറെപ്പേരും.

ശൈശവ കാല വിദ്യാഭ്യാസം അദ്ദേഹം പിതാവിൽ നിന്നും ദമാസ്കസിലെ പണ്ഡിതന്മാരിൽ നിന്നുമായി കരസ്ഥമാക്കി. നന്നെ ചെറുപ്പത്തിൽ തന്നെ ഖുർആൻ ഹൃദിസ്ഥമാക്കി. ഹദീസും കർമ്മശാസ്ത്രവും നിദാനശാസ്ത്രവും ഖുർആൻ വ്യാഖ്യാനവുമൊക്കെ സ്വായത്തമാക്കി. ഹൃദിസ്ഥമാക്കാനുള്ള

കഴിവ് കുഞ്ഞുന്നാളിലെ അദ്ദേഹത്തിൽ പ്രകടമായിരുന്നു. അഗാധമായ അന്വേഷണ പഠനങ്ങൾ അദ്ദേഹത്തിൻെറ കൂടപ്പിറപ്പായി. ഒരു പരിശ്രമശാലിയുടെ എല്ലാ അടയാളങ്ങളും യുവത്വത്തിലേക്ക് കാലൂന്നും മമ്പു തന്നെ അദ്ദേഹത്തിൽ ഒരുമിച്ചു കൂടിയിരുന്നു. വിജ്ഞാനത്തോടുള്ള അനുരാഗത്തിൽ അല്ലാഹുവിൻെറ സഹായം അദ്ദേഹത്തിന്ന് നന്നായുണ്ടായി. വിജ്ഞനത്തിൻെറ വീട്ടിലാണല്ലോ അദ്ദേഹം വളർന്നത്. അദ്ദേഹത്തിൻെറ ഗ്രാഹ്യശക്തിയിലും ഓർമ്മശക്തിയിലും അദ്ദേഹത്തിൻെറ അധ്യാപകർ അത്ഭുതപ്പെട്ടിട്ടുണ്ട്. വിജ്ഞാനങ്ങൾ അനവധി സമാഹരിക്കുകയും അതിൽ നീന്തിത്തുടിക്കുകയും ചെയ്തു അദ്ദേഹം. ഇസ്ലാമിക വിധികളുടെ കലകളിൽ ധാരാളം ഗവേഷണം നടത്തി. ദീനിലെ പരിഷ്കർത്താവും പ്രബോധകനുമായിരുന്നു. ഇരുപത് വയസ്സ് തികയുന്നതിന്നു മുമ്പു തന്നെ അദ്ദേഹം അധ്യാപകനും ഇമാമും മുഫ്തിയുമായി നിയമിക്കപ്പെട്ടു! സംഭാഷണത്തിലും തർക്കത്തിലും അദ്ദേഹം നിപുണനായിരുന്നു. തർക്കശാസ്ത്രവുമായി ബന്ധപ്പെട്ട വാഗ്വാദങ്ങളിൽ അവരെ ഉത്തരം മുട്ടിക്കുന്ന താത്വികനുമായിരുന്നു അദ്ദേഹം.

ഇരുന്നൂറിലേറെ പണ്ഡിതന്മാരിൽ നിന്ന് അദ്ദേഹം വിജ്ഞാനം ശേഖരിച്ചിട്ടുണ്ട്. ഒട്ടേറെ ഗ്രന്ഥങ്ങൾ പലയാവർത്തി അദ്ദേഹം പണ്ഡിതന്മാർക്കു വായിച്ചു കേൾപ്പിച്ചിട്ടുണ്ട്. ഇതിൽ ഇമാം അഹ്മദ് ബിൻ ഹമ്പലിൻെറ 'മുസ്നദ്' എന്ന ഗ്രന്ഥം മാത്രം ഇരുന്നൂറിലേറെ തവണ അദ്ദേഹം കേൾപ്പിച്ചു.

വെളുത്ത ശരീര പ്രകൃതിയായിരുന്നു അദ്ദേഹത്തിൻേറത്. കറുത്ത തലമുടിയിലും കറുത്തു നീണ്ട താടിരോമങ്ങളിലും അൽപം മാത്രമേ നര ബാധിച്ചിരുന്നുള്ളൂ. തലമുടി

ചെവിക്കുന്നിവരെ ഇറങ്ങി നിന്നിരുന്നു. അദ്ദേഹത്തിൻെറ കണ്ണുകൾ സംസാരിക്കുന്ന രണ്ടു നാവുകൾ കണക്കെ ഉജ്ജ്വലമായിരുന്നു. ഒത്ത വലിപ്പമുള്ളവരും ഉയർന്ന ശബ്ദമുള്ളവരും സ്ഫുടമായി സംസാരിക്കുന്നവരുമായിരുന്നു അദ്ദേഹം. ഖുർആൻ വേഗത്തിൽ പാരായണം ചെയ്യുന്ന ശീലമായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹത്തിൽ നിന്ന് കേൾക്കുന്നവർക്ക് അദ്ദേഹത്തെ കവച്ചു വെക്കുന്ന മറ്റാരും ഇല്ലെന്ന് തോന്നുമായിരുന്നു. അത്രയ്ക്ക് പ്രൗഢമായിരുന്നു അദ്ദേഹത്തിൻെറ ക്ലാസ്സുകൾ.

ഖുർആൻ വാക്യങ്ങൾ വളരെ വ്യാപ്തമായി വ്യാഖ്യാനിക്കപ്പെടുന്നതായിരുന്നു അദ്ദേഹത്തിൻെറ ദർസുകൾ. قل هو الله احد എന്ന വാക്യത്തിൻെറ വ്യാഖ്യാനം ഒരു വലിയ വാല്യം വരും. الرحمن على العرش استوى എന്ന ഭാഗം മാത്രം ഏകദേശം മുപ്പത്തഞ്ച് ലഘു കൃതികളിലായി അദ്ദേഹം വ്യാഖ്യാനിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ വ്യാഖ്യാനങ്ങളത്രയും സമാഹരിച്ചാൽ അതേകദേശം 50 വാല്യത്തോളം വരും! മർഈ ബിൻ യൂസുഫ് (മരണം 1033 ഹി.) എന്ന ഹമ്പലീ പണ്ഡിതൻ പറയുന്നു: "ചടങ്ങു നിൽക്കുന്നവനെയും ചടങ്ങു നിർത്തുന്നവനെയും അല്ലാഹു ശപിച്ചിരിക്കുന്നു" എന്ന ഹദീസിനെക്കുറിച്ച് ഒരിക്കൽ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. ഒരു വലിയ വാല്യത്തിൽ ഒതുക്കാൻ മാത്രമുണ്ടായിരുന്നു അതിൻെറ വിശദമായ മറുപടി!

അദ്ദേഹത്തിൻെറ തൂലികയും അപ്രകാരം ശക്തമായിരുന്നു. കണക്കറ്റ രചനകൾ അദ്ദേഹം നടത്തി. വലുതും ചെറുതുമായ വാല്യങ്ങളുള്ള ഗ്രന്ഥങ്ങളും ചെറിയ പുസ്തകങ്ങളും ലഘുലേഖകളും മറ്റുമായി ഒട്ടേറെ രചനകൾ. അവ നിരന്തരം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

അദ്ദേഹം സത്യം സംസാരിക്കുന്നവനും തിന്മ തടയുന്നവനും ധീരനും സ്വാധീനിക്കുന്നവനും മുഖസ്തുതി ഇഷ്ടപ്പെടാത്തവനുമായിരുന്നു. അദ്ദേഹത്തിൻെറ ഉദ്ധരണികളോരോന്നും ഖുർആനും ഹദീസുകളും കൊണ്ടോ അവയിൽ പ്രചോദിതമായ ഖിയാസ് കൊണ്ടോ ബലപ്പെട്ടതായിരുന്നു.

മുപ്പത്തേഴ് വാള്യങ്ങളിലുള്ള അദ്ദേഹത്തിൻെറ ഫതാവ വളരെ പ്രസിദ്ധമാണ്. നല്ല രചനാ പാടവവും ഉദ്ധരണികളിലെ മേന്മയും വ്യക്തതയും ക്രമീകരണവും മറ്റും കണ്ട് ചില ചരിത്രകാരന്മാർ പറയുകയുണ്ടായി. "ദാവൂദ് നബി(അ) ന് ഇരുമ്പ് വിധേയമാക്കിക്കൊടുത്തതു പോലെയാണ് ഇബ്നു തൈമിയക്ക് അല്ലാഹു വിജ്ഞാനം വിധേയമാക്കിക്കൊടുത്തത്" എന്ന്.

അഞ്ഞൂറിലേറെ ഗ്രന്ഥങ്ങൾ ഇബ്നു തൈമിയ്യയുടെതായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിൻെറ രചനകളും ഫത്‌വകളും ചോദ്യോത്തരങ്ങളും മറ്റുമായി വെളിച്ചം കാണാതെ, അജ്ഞാതമായി ലോകത്തിൻെറ വ്യത്യസ്ത മൂലകളിൽ ഒരു നിക്ഷേപം പോലെ കിടക്കുന്നവയും അനവധിയുണ്ട്.

പണ്ഡിതൻ, ഗ്രന്ഥകാരൻ, മുഫ്തി എന്നീ നിലകളിൽ മാത്രമല്ല അദ്ദേഹം പ്രസിദ്ധനായത്. അറിയപ്പെടുന്ന ഒരു യോദ്ധാവ് കൂടിയായിരുന്നു അദ്ദേഹം. യുദ്ധമുഖത്ത് മുസ്‌ലിംകളുടെ അഭിമാനവും ഇസ്‌ലാമിൻെറ ശക്തനായ സഹായിയുമായി നിലകൊണ്ടു. യുദ്ധഭൂമിയിൽ വാളുയർത്തി നല്ല ഓജസ്സുള്ള മേത്തരം കുതിരക്കാരനായി അദ്ദേഹം ചുറ്റിത്തിരിയുമായിരുന്നു. അങ്ങിനെ ജീവിതം മുഴുക്കെ അദ്ദേഹം ധർമ്മഭടനായി. പേന കൊണ്ടും നാവു കൊണ്ടും മാത്രമല്ല ശരീരം കൊണ്ടുമുള്ള പോരാളി. യുദ്ധഭൂമിയിൽ ധീരതയോടെ അദ്ദേഹം പൊരുതി. ജിഹാ

ദിലേക്ക് കുതിപ്പിച്ച പ്രബോധനം! യുദ്ധം കൊടുമ്പിരി കൊള്ളു മ്പോൾ അദ്ദേഹം ഊർജ്ജസ്വലനാവുന്നതാണ് കണ്ടത്.

അദ്ദേഹത്തിൻെറ ഗാംഭീര്യത്തെയും ധീരതയെയും അറി വിനെയും വാഴ്ത്തിക്കൊണ്ട് അക്കാലത്തും പിൽക്കാലത്തു മുണ്ടായ എല്ലാ മദ്ഹബിലും പെട്ട പല പ്രമുഖ പണ്ഡിതരും സം സാരിച്ചിട്ടുണ്ട്.

ജനങ്ങളിൽ ഏറ്റവും ഗാംഭീര്യമുള്ളവനും ദൃഢചിത്തനു മായിരുന്നു അദ്ദേഹം. അദ്ദേഹത്തേക്കാൾ മനോസ്ഥൈര്യമു ള്ള മറ്റൊരാളെയും കാണാനാവില്ല. ജിഹാദിൻെറ രംഗത്ത് അ ദ്ദേഹത്തേക്കാൾ ഫലപ്രദമായി പോരാടിയവനുമില്ല. അല്ലാഹു വിൻെറ മാർഗ്ഗത്തിൽ, ആക്ഷേപകരുടെ ആക്ഷേപങ്ങളൊന്നും അദ്ദേഹം ഭയന്നില്ല. മുസ്ലിം പട്ടാള മധ്യേ അദ്ദേഹത്തെ തല യെടുപ്പോടെ പ്രത്യേകം വേർതിരിച്ചു കാണാമായിരുന്നു. അ ദ്ദേഹം സമര ഭടന്മാരിൽ ആവേശം ജനിപ്പിക്കും. വിജയവും ആധിപത്യവും സമരാർജ്ജിത സമ്പത്തും അവർക്കദ്ദേഹം വാ ഗ്ദാനം ചെയ്യും. ജിഹാദിൻെറയും മുജാഹിദിൻെറയും ശ്രേഷ്ഠതകളെക്കുറിച്ച് അവരെ ബോധവാന്മാരാക്കും. അങ്ങ നെ അല്ലാഹു അവരിൽ പ്രശാന്തിയിറക്കും. യുദ്ധത്തിൽ കുതി രപ്പുറത്തേറിയാൽ തലപ്പാവ് താടിക്കടിയിലൂടെ ചുറ്റി അറ്റങ്ങൾ തലക്കു മുകളിലൂടെ വെച്ചു കെട്ടും. നല്ല തലയെടുപ്പോടും ധീരതയോടും കൂടി ശത്രുമുഖത്ത് അദ്ദേഹം ചുറ്റി നടക്കും. കു തിക്കാൻ നിൽക്കുന്ന കുതിരയെപ്പോലെ അദ്ദേഹം നിലകൊ ള്ളും. അവർക്കിടയിൽ തക്ബീർ മുഴക്കി സാഹസികതയോടെ അവരെ പ്രകോപിപ്പിക്കും. മരണത്തെ ഒട്ടും ഭയക്കാത്ത ഒരാളാ യി അദ്ദേഹത്തെ അവർക്ക് ബോധ്യപ്പെടുത്തും.

താർത്താരികളുടെ ഡമാസ്കസ് ഉപരോധത്തെ പ്രതിരോധിക്കവേ സഹപ്രവർത്തകരോടദ്ദേഹമൊരിക്കൽ പറഞ്ഞു: "നാം ശത്രുവിനെ അതിജയിക്കും." അപ്പോൾ ചിലരദ്ദേഹത്തോട് പറഞ്ഞു: "ഇൻശാ അല്ലാഹ്!" എന്നു പറയാൻ. അപ്പോഴദ്ദേഹം പറഞ്ഞു: "ഞാനത് യഥാർഥമായി പറയുന്നു; അനുബന്ധമായിട്ടല്ല. എന്ത് കൊണ്ടെന്നാൽ അല്ലാഹുവിനെ അനുസരിക്കാനും തയ്യാറെടുക്കാനും അവൻ കല്പിച്ചു. അപ്രകാരം അവൻ കൽപ്പിച്ച പോലെ നാമവനെ അനുസരിക്കുന്നു. ശത്രുവിനെ അഭിമുഖീകരിക്കാൻ നാം തയ്യാറെടുക്കുന്നു." അങ്ങിനെ ആ യുദ്ധത്തിൽ അല്ലാഹു അവർക്ക് വിജയം യഥാർഥ്യമാക്കി. തുടർന്നദ്ദേഹം ദമാസ്കസിലേക്ക് തിരിച്ചുപോയി. ഹിജ്റ 702-ലായിരുന്നു ഈ സംഭവം.

നാവും പേനയും കൊണ്ടുള്ള യുദ്ധമാണ് അദ്ദേഹത്തെ ലോക പ്രശസ്തനാക്കിയത്. ഇസ്ലാമിൻെറ ശത്രുക്കളുടെ വ്യാജമായ ആചാരക്രമങ്ങൾക്കും വാദഗതികൾക്കും വിഭാഗീയതകൾക്കും മുമ്പിൽ അദ്ദേഹം ഉരുക്കു പർവ്വതം പോലെ നിലകൊണ്ടു. അവരുമായി വാഗ്വാദങ്ങൾ നടത്തി. തിരസ്കരണവാദികൾ, യുക്തിവാദികൾ, സൂഫികളിലും ഇസ്മാഈലികളിലും നുസൈരികളിലും ഉള്ള ബാത്വിനികൾ, തത്വചിന്തകർ, ഖബറുകൾക്കും ദർഗ്ഗകൾക്കും സമീപം നിലകൊള്ളുന്ന നൂതനവാദികൾ എന്നിവർക്കെതിരെയും അപ്രകാരം നിലകൊണ്ടു. അല്ലാഹുവിൻെറ നാമങ്ങളും ഗുണവിശേഷണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജഹ്മിയാക്കളോടും മുഅ്തസിലികളോടും അശ്അരികളോടും അദ്ദേഹം ഈ നിലപാട് കൈക്കൊണ്ടു. തൗഹീദിൻെറ മൂന്നവസ്ഥകളെക്കുറിച്ച്, അഥവാ

توحيد الربوبية ، توحيد الألوهية ، توحيد الأسماء والصفات എന്നിവ വിശദീകരിച്ചുകൊണ്ട് അവരുമായി വാദിച്ചു.

നന്മ നടപ്പിലാക്കുന്നതിലും തിന്മ തടയുന്നതിലും അദ്ദേഹം കാട്ടിയ വിസ്മയകരമായ ആർജ്ജവം പോലെ അദ്ദേഹത്തിനു ശേഷം മറ്റാരെപ്പറ്റിയും നമുക്ക് കേൾക്കാനായിട്ടില്ല.

ഹിജ്റ 699, റജബ് പതിനേഴാം തിയതി നിഷിദ്ധ പാനീയങ്ങളുടെ നിർമ്മാണോപകരണങ്ങൾ അദ്ദേഹം തകർത്തു. അദ്ദേഹവും സഹപ്രവർത്തകരും കൂടി മദ്യ നിർമ്മാണ കേന്ദ്രങ്ങളിലും വിൽപനശാലകളിലും ചുറ്റിക്കറങ്ങി മദ്യം ഒഴുക്കിക്കളയുകയും മദ്യനിർമ്മാണോപകരണങ്ങൾ തകർത്തു കളയുകയും മദ്യ ഉടമകളെ ബോധവൽക്കരിക്കുകയും ചെയ്തു.

ഹിജ്റ 704 റജബ് മാസം. യൂഫ്രട്ടീസ് നദീതീരത്തുള്ള ചരിത്ര പ്രസിദ്ധമായ പള്ളിയെ ലക്ഷ്യമാക്കി അദ്ദേഹം പുറപ്പെട്ടു. കൂടെ അദ്ദേഹത്തിൻെറ സഹപ്രവർത്തകരും കുറെ കൽപ്പണിക്കാരും ഉണ്ടായിരുന്നു. ആളുകൾ ഭക്തിപൂർവ്വം സന്ദർശിക്കുകയും നേർച്ചയർപ്പിക്കുകയും ചെയ്തിരുന്ന വലിയൊരു പാറക്കല്ലുണ്ടായിരുന്നു അവിടെ. അത് പൊട്ടിച്ചു നീക്കം ചെയ്യാനദ്ദേഹം കൽപ്പിച്ചു. ഇബ്നു കസീർ(റ) ആ സംഭവം ഇങ്ങനെ സ്മരിക്കുന്നു: "അങ്ങനെ അദ്ദേഹം-ഇബ്നു തൈമിയ-അത് നീക്കം ചെയ്തു. അതിൽ നിന്നും ശിർക്കിൽ നിന്നും അല്ലാഹു മുസ്ലിംകളെ മോചിപ്പിക്കുകയും ചെയ്തു".

ഹിജ്റ 705 മുഹർറ മാസത്തിൻെറ തുടക്കം. ജർദ്, റംറദ്, തയാമിന പോലുള്ള പ്രദേശങ്ങളിലെ, ഇസ്ലാമികാധ്യാപനങ്ങളിൽ നിന്നു വ്യതിചലിച്ചു പോയ ആളുകൾക്കെതിരെ പുറപ്പെട്ട സംഘത്തിൽ നാമദ്ദേഹത്തെ കാണുന്നു. അവർ

വിധേയരാവുന്നത് വരെ, സന്മാർഗ്ഗത്തിലേക്ക് ഖേദിച്ചു മടങ്ങുന്നത് വരെ അവരുമായി അദ്ദേഹം യുദ്ധം ചെയ്തു.

ഒരു പ്രശ്നത്തിന്, തൻെറ ഭാഗത്തു നിന്നോ താൻ ഉൾക്കൊണ്ട സത്യത്തിൽ നിന്നോ പരിഹാരമുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കിയാൽ പിന്നെ കാത്തിരിക്കുക അദ്ദേഹത്തിൻെറ പതിവായിരുന്നില്ല. ഈ സ്വഭാവമാണ് ഈ സംഭവങ്ങളിലൊക്കെ ദൃശ്യമാവുന്നത്.

മാലികീ മദ്ഹബിലെ ഖാദിയായിരുന്ന സൈനുദ്ദീൻ ബിൻ മഖ്ലൂഫ് ഇങ്ങനെ പറയാറുണ്ടായിരുന്നു: "ഇബ്നു തൈമിയ്യയേക്കാൾ ഭക്തനായ ഒരാളെ നാം കണ്ടിട്ടില്ല. നമുക്ക് പിന്തിരിയാൻ പറ്റാത്ത വിധം കാര്യങ്ങളിൽ അദ്ദേഹം നമ്മെ വ്യാപൃതനാക്കി. നമ്മെക്കൊണ്ടാവാത്ത കാര്യത്തിൽ നമ്മെ ഒഴിവാക്കുകയും ചെയ്തു."

ജനങ്ങളുടെ സമ്പത്ത് പിടിച്ചു പറിച്ച് പരമാധികാരിയെപ്പോലെ കഴിഞ്ഞിരുന്ന അഹംഭാവിയായ ഒരാളെപ്പറ്റി അദ്ദേഹത്തോട് ജനങ്ങൾ പരാതി പറഞ്ഞു. അദ്ദേഹം അയാളുടെ അടുത്തേക്ക് പുറപ്പെട്ടു. അയാളുമായി സംസാരിക്കവെ ഇബ്നു തൈമിയ്യ(റ)യെ പരിഹസിച്ചുകൊണ്ടയാൾ ഇങ്ങനെ പറഞ്ഞു: "ഞാൻ നിങ്ങളുടെ അടുത്ത് വരാനുദ്ദേശിച്ചിരിക്കുകയായിരുന്നു. കാരണം നിങ്ങൾ പണ്ഡിതനും വിരക്തനുമായ ഒരാളാണല്ലോ....." അപ്പോൾഇബ്നു തൈമിയ്യ(റ) അയാളോട് പറഞ്ഞു: "കുതന്ത്രപ്പണി എന്നോട് വേണ്ട! ശൈഖ് തുടർന്നു: "മൂസാ (അ) എന്നേക്കാൾ ഉത്തമനായിരുന്നു. ഫിർഔനാവട്ടെ നിന്നേക്കാൾ മോശപ്പെട്ടവനും. മൂസാ(അ) ഫിർഔൻെറ വാതിൽക്കൽ എല്ലാ ദിവസവും പലപ്രാവശ്യം വരാറുണ്ടായിരുന്നു;

ഈമാൻ എന്താണെന്ന് അയാളെ ബോധ്യപ്പെടുത്താനായി".

ശൈഖുൽ ഇമാം, ആലിമുൽ അല്ലാമ, വാഖ്യാതാവ്, കർമ്മശാസ്ത്രജ്ഞൻ, പണ്ഡിതൻ, മുജ്തഹിദ്, ഖുർആൻ മനഃപാഠമാക്കിയവൻ, വാഗ്മി, ഹദീസു പണ്ഡിതൻ, ശൈഖുൽ ഇസ്ലാം, ആ കാലഘട്ടത്തിലെ അതുല്യൻ, ഗ്രന്ഥകാരൻ, വിവേകശാലി, അതിശയകരമായ ധാരണാശക്തിയുള്ളവൻ, തഖിയുദ്ദീൻ, അബുൽ അബ്ബാസ്, മുഫ്തിയുടെ പുത്രൻ, ദീനിൻെറ ജ്വാല, ഇമാമിൻെറ പുത്രൻ, മതപരിഷ്കർത്താവ്, പുണ്യങ്ങളുടെ ഉടമ, മതവിധികൾ രചിച്ചവൻ, പ്ര പിതാമഹൻെറ 'തൈമിയ്യ' എന്ന സ്ഥാനപ്പേര് സ്വീകരിച്ചവൻ എന്നിങ്ങനെയുള്ള വിശേഷണങ്ങളിലൂടെയൊക്കെ അദ്ദേഹത്തെ ചേർത്തു പറഞ്ഞു.

ഈ സമുദായത്തിലെ പൂർവ്വികരിലോ ആധുനികരിലോ വൈവിധ്യങ്ങളുടെ സങ്കലനം ഇബ്നു തൈമിയ്യ(റ)യിലെ പോലെ മറ്റാരിലും ഉണ്ടായിരുന്നില്ലായെന്ന് അഭിപ്രായപ്പെട്ട ചരിത്രകാരന്മാരുണ്ട്. അദ്ദേഹം രചിച്ചതുപോലുള്ള രചനകളോ അതിനടുത്തുപോലും എത്തുന്ന രചനകളോ ഉണ്ടായിട്ടില്ല. ഗ്രന്ഥരചനകളേറെയും നടന്നത് അദ്ദേഹത്തിൻെറ തടങ്കൽ ജീവിതത്തിലായിരുന്നുവെന്നത് അദ്ദേഹത്തിൻെറ ഓർമ്മശക്തിയെയും ബുദ്ധിശക്തിയെയും അളക്കാനഗ്രഹിക്കുന്നവർക്ക് വിസ്മയമുണ്ടാക്കും. ജയിലിൽ ഗ്രന്ഥ രചനക്ക് പ്രചോദനം നൽകുന്ന റഫറൻസ് ഗ്രന്ഥങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ലെന്ന് കൂടി അറിയുമ്പോഴോ....! അല്ലാഹു അദ്ദേഹത്തിന്ന് ധ്രുതഗ്രാഹ്യശക്തിയും വളരെ കുറഞ്ഞ മറവിയും നൽകി. വിജ്ഞാനം അദ്ദേഹത്തിൻെറ മജ്ജയിലും മാംസത്തിലും ചോരയിലും നിബിഢമായിരുന്നു എന്ന് അദ്ദേഹത്തെ അനുഭവിച്ചവർക്കറിയാൻ

കഴിഞ്ഞിട്ടുണ്ട്. പ്രവാചകൻ (സ) പറഞ്ഞല്ലോ......ഓരോ നൂറ്റാണ്ടിൻെറയും തുടക്കത്തിൽ ഈ ഉമ്മത്തിനെയും അതിൻെറ മതകാര്യങ്ങളെയും പുനരുദ്ധരിക്കുന്ന പരിഷ്കർത്താക്കളെ അല്ലാഹു നിയോഗിക്കുമെന്ന്". ഇബ്നു തൈമിയ്യ(റ)യുടെ കാലക്കാർക്കും പിൽക്കാലക്കാർക്കും ജാജ്വല്യമായ സേവനങ്ങളാണ് അദ്ദേഹം ചെയ്തത്.

ഇബ്നു തൈമിയ്യ(റ)യെക്കുറിച്ച് ഇമാം ദഹബി(റ) ഇങ്ങനെ സ്മരിക്കുന്നു: "ഇബ്നു തൈമിയ്യ ബുദ്ധികൂർമ്മതയുടെ ദൃഷ്ടാന്തമായിരുന്നു. അതിനിപുണനായിരുന്നു. അല്ലാഹുവിൻെറ ഗ്രന്ഥത്തിലും പ്രവാചകചര്യയിലുമുള്ള വിജ്ഞാനങ്ങളിലും അദ്ദേഹം മറ്റാരെയും കവച്ചു വെച്ചിരുന്നു. ഉദ്ധരണികളിൽ സമുദ്രമായിരുന്നു. അദ്ദേഹത്തിൻെറ കാലഘട്ടത്തിൽ അദ്ദേഹം അതുല്യനായിരുന്നു; അറിവിലും വിരക്തിയിലും. ഓജസ്സിലും ഔദാര്യത്തിലും. നന്മ കൽപ്പിക്കുന്നതിലും തിന്മ തടയുന്നതിലും. രചനകളുടെ ആധിക്യത്തിലും പാരായണത്തിലും കണ്ടെത്തലിലും. ഹദീസിലെയും കർമ്മശാസ്ത്രത്തിലെയും മികവിലും ഒക്കെ.

പതിനേഴ് വയസ്സായപ്പോൾ തന്നെ അദ്ദേഹം അധ്യാപകനും മുഫ്ത്തിയുമായി. വ്യാഖ്യാനത്തിലും നിദാനശാസ്ത്രത്തിലും അദ്ദേഹം വ്യുൽപത്തി നേടി. അടിസ്ഥാനപരവും ശാഖാപരവുമായ ഇസ്ലാമിക വിജ്ഞാനീയങ്ങളിൽ മുഴുവൻ മുന്നിട്ടു നിന്നു. അതിൻെറ സൂക്ഷ്മതയിലും പരിശുദ്ധിയിലും അപ്രകാരം തന്നെ. വ്യാഖ്യാനിക്കാൻ തുടങ്ങിയാൽ അതിൻെറ പതാക വാഹകനായിരിക്കും അദ്ദേഹം. കർമ്മശാസ്ത്ര പണ്ഡിതരുടെ കണക്കു നോക്കിയാൽ അദ്ദേഹം അവരിലെ ഏറ്റവും

പരിശ്രമപ്പെടുവായിരിക്കും. അദ്ദേഹം ഹാജറായാൽ താർക്കികന്മാർ ഉത്തരംമുട്ടും. അദ്ദേഹം വായന തുടങ്ങിയാൽ അവർ പരിഭ്രമചിത്തരാവും. അദ്ദേഹം സംതൃപ്തനാവുകയും അവർ പാപ്പരാവുകയും ചെയ്യും. ഇനി വാചാതലയെപ്പറ്റി പറഞ്ഞാലോ അക്കൂട്ടത്തിലദ്ദേഹം വ്യതിരിക്തത പുലർത്തും. അവരൊക്കെ അദ്ദേഹത്തെ ആശ്രയിക്കുന്നവരുമായിരിക്കും. ഇബ്നു സീനയെ ഓർമ്മിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിൻെറ താത്വിക വീക്ഷണം. തത്വശാസ്ത്രജ്ഞരെ നിഷ്പ്രഭരാക്കുന്ന ദാർശനികത അദ്ദേഹത്തിനുണ്ടായിരുന്നു. അവരുടെ മൂടുപടം അദ്ദേഹം വലിച്ചുകീറി. അവരുടെ ഉള്ളിലിരുപ്പ് അദ്ദേഹം പുറത്തുകാട്ടി. അറബി വിജ്ഞാനത്തിലും ഭാഷയിലും വ്യാകരണത്തിലും അദ്ദേഹത്തിന് അതീവ നൈപുണ്യമുണ്ടായിരുന്നു. വാക്യങ്ങളുടെ ക്രമീകരണത്തിലാവട്ടെ പേനത്തുമ്പിലെ വിശ്രുതിയിലാവട്ടെ, അദ്ദേഹം മഹാനാണ്. അദ്ദേഹത്തിൻെറ ജീവിത രീതിയും അറിവും വിജ്ഞാനവും പരീക്ഷണങ്ങളും പാലായനങ്ങളും മറ്റും കോർത്തിണക്കുന്നതായാൽ അത് രണ്ട് വാള്യങ്ങൾ വരും. അല്ലാഹു അദ്ദേഹത്തിന്ന് പൊറുത്തു കൊടുക്കട്ടെ. അവൻെറ വിശാല സ്വർഗ്ഗങ്ങളിൽ അദ്ദേഹത്തെ താമസിപ്പിക്കുകയും ചെയ്യട്ടെ. എന്തെന്നാൽ അദ്ദേഹം സമുദായത്തിൻെറ നായകനായിരുന്നു. കാലഘട്ടത്തിൽ അദ്ദേഹം അതുല്യനായിരുന്നു. ശരീഅത്തിൻെറ പതാക വാഹകൻ. മുസ്ലിംകളിലെ ഏറ്റവും വിഷമാവസ്ഥകളുടെ ഉടമ. വിജ്ഞാനത്തിലും അതെത്തിക്കുന്നതിലും തലവൻ. സത്യത്തിലും ജിഹാദിലും അദ്ദേഹം നില കൊണ്ടു. നന്മ കൽപ്പിക്കുന്നിടത്തും തിന്മ വിരോധിക്കുന്നിടത്തും അപ്രകാരം തന്നെ. ഒരാളും സന്നിഹിതനായില്ലെങ്കിലും തൻെറ വീ

ക്ഷണങ്ങളദ്ദേഹം എത്തിച്ചു. അതിൽ ഒരു മഹാ പണ്ഡിതൻെറ ലാഞ്ചന പോലും അദ്ദേഹം പ്രകടമാക്കിയില്ല. വിജ്ഞാനത്തിലും വ്യാഖ്യാനത്തിലും അദ്ദേഹം മികച്ചുനിന്നു. ഇരുപത് വർഷത്തോളം അദ്ദേഹം ഫത്‌വ നൽകുകയും പഠിപ്പിക്കുകയും ചെയ്തു. ഗ്രന്ഥങ്ങൾ അനവധി രചിച്ചു. അദ്ദേഹത്തിൻെറ വാർദ്ധക്യകാലത്ത്, അക്കാലത്തെ ഏറ്റവും വലിയ പണ്ഡിതന്മാരിലൊരാളായി അദ്ദേഹം മാറി. അദ്ദേഹത്തിൻേറതായി വലിയ വലിയ ഗ്രന്ഥങ്ങളുണ്ട്. രണ്ട് ചുമടുകാർക്ക് ചുമക്കാൻ മാത്രം വരുന്നതാണത്. നാലായിരത്തിലേറെ പേജ് വരുന്നവയും അതിലുണ്ട്. അല്ലാഹുവിൻെറ ഗ്രന്ഥത്തെ വർഷങ്ങളോളം ജുമുഅ ദിവസങ്ങളിൽ അദ്ദേഹം വ്യാഖ്യാനിച്ചു. ബുദ്ധിശക്തി ഉജ്ജ്വലമായിരുന്നു. ഇരുന്നൂറിലേറെ പണ്ഡിതന്മാരിൽ നിന്ന് അദ്ദേഹം ഹദീസ് കേട്ടു. വ്യാഖ്യാനത്തിൽ അങ്ങേയറ്റത്തെ അറിവായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ഹദീസ്, അതിൻെറ ഉദ്ധാരകർ, അതിൻെറ പ്രബലത, അതിൻെറ ദുർബലതകൾ, അതിൻെറ അനുബന്ധങ്ങൾ എന്നിവയെല്ലാം അദ്ദേഹം ഹൃദിസ്ഥമാക്കി. സ്വഹാബികളുടെയും താബിഉകളുടെയും, വിശേഷിച്ച് നാലു മദ്ഹബുകളുടെ ചര്യകളിൽ നിന്ന് കർമ്മാനുഷ്ഠാനങ്ങൾ ഉദ്ധരിക്കുന്നിടത്ത് അദ്ദേഹത്തിന് തുല്യനായി ആരുമുണ്ടായിരുന്നില്ല. എന്നാൽ മതവിഭാഗങ്ങളിലെ വിശ്വാസാചാരങ്ങൾ നിദാനശാസ്ത്രം, ഭാഷ എന്നിവയിൽ അദ്ദേഹത്തിന് സമശീർഷനായി മറ്റാരെങ്കിലും ഉണ്ടായിരുന്നോ എന്നെനിക്കറിഞ്ഞുകൂടാ....മൊത്തത്തിൽ ഭാഷാ ശുദ്ധിയും അറബി പ്രാഗത്ഭ്യവും ചരിത്രത്തിലും ജീവ ചരിത്രത്തിലുമുള്ള അറിവും മനസ്സിലാക്കുമ്പോൾ അത്ഭുതകരം തന്നെ അത്. എന്നാൽ അദ്ദേഹത്തിൻെറ

തലയെടുപ്പും പോരാട്ടവും ധീരതയും മറ്റെല്ലാവരെയും പിന്തള്ളാൻ പര്യാപ്തമാണെന്ന് കൽപ്പിക്കുന്നു. ഏറ്റവും ഔദാര്യന്മാരുമായി താരതമ്യപ്പെടുത്തിയാൽ അവരിലെ ഏറ്റവും ഔദാര്യന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. വസ്ത്രത്തിലെയും ആഹാരത്തിലെയും ലാളിത്യം കൊണ്ട് അദ്ദേഹം വിരക്തിയും സംതൃപ്തിയുമനുഭവിച്ചു." (العقود الدرية)

എവിടെ ദീനിന്നു പ്രയോജനമുണ്ടോ അവിടെ മഴയായ് അദ്ദേഹം പെയ്തിറങ്ങും. അദ്ദേഹത്തിൻെറ കാലഘട്ടത്തിലെ ഉന്നതശീർഷരായ പണ്ഡിതരും അവർക്കു ശേഷം വന്നവരുമൊക്കെ ഇബ്നു തൈമിയ്യ(റ) ശൈഖുൽ ഇസ്ലാമാണെന്നു (ഇസ്ലാമിൻെറ ശൈഖാണെന്ന) കാര്യത്തിൽ യോജിച്ചിട്ടുണ്ട്. അത്യുന്നതമായ വിജ്ഞാനം, ശ്രേഷ്ഠത, നേതൃപാടവം, വിരക്തി, ദൈവഭക്തി, സൽസ്വഭാവം, വിനയം, ചുമതലകൾ ഏറ്റെടുക്കാനുള്ള ആർജ്ജവം, അങ്ങിനെ ഒട്ടേറെ ബഹുമാന്യ സ്വഭാവങ്ങൾ അദ്ദേഹത്തെ ഈ പേരിന്നർഹമാക്കിയിരുന്നു.

എന്നാൽ ഇബ്നു നാസിറുദ്ദീൻ അദ്ദിമശ്ഖിയെപ്പോലുള്ളവരുടെ ആക്ഷേപത്തിന് അതും (ആ നാമകരണവും) പാത്രമായി. "ഇബ്നു തൈമിയ്യ(റ) ശൈഖുൽ ഇസ്ലാമാണെന്ന് ജൽപ്പിക്കുന്നവർ കാഫിറാണെ"ന്ന് അദ്ദേഹം പ്രഖ്യാപിച്ചു! ഈ ആക്രോശത്തിന് അലകളുണ്ടായില്ല. ഇസ്ലാമിലെ ഉന്നതരായ ഇമാമുകളിൽ 88 പേർ അദ്ദേഹത്തിന്ന് ശൈഖുൽ ഇസ്ലാം' എന്ന സ്ഥാനപ്പേർ നൽകി ആദരിച്ചു. ഇജ്മാഇൻെറ മാതൃക! സമുദായം വഴികേടിൽ യോജിക്കുകയില്ലല്ലോ! ഈ പണ്ഡിത സംഘത്തിൽ, സിറിയയുടെയും ഈജിപ്തിൻെറയും സംയുക്ത ഖാദിയും ഖാദി അൽ ഖുദാത്തുമായ അൽ അല്ലാമ അബൂ

അബ്ദുല്ലാഹ് മുഹമ്മദ് ബിൻ അസ്സ്വഫീ ഉസ്മാനുൽ ഹരീരീ അൽ അൻസ്വാരീ അൽ ഹനഫീയും ഉൾപ്പെട്ടു. അദ്ദേഹം ഒരിക്കൽ ചോദിക്കുകയുണ്ടായി: "ഇബ്നു തൈമിയ്യ(റ) ശൈഖുൽ ഇസ്‌ലാമല്ലെങ്കിൽ പിന്നെ മറ്റാരാണ്?" എന്ന്.

തൻേറ വിജ്ഞാനത്തേയും ദീനിന്ന് വേണ്ടി സമർപ്പിതമായ ആ ജീവിതത്തെയും അവർ അങ്ങിനെ ആദരിച്ചു. ശൈഖുൽ ഇസ്‌ലാമിനെ ആദരിച്ചു പറഞ്ഞ പിൽക്കാലക്കാല ശാഫിഈ പണ്ഡിത രിൽ പ്രമുഖർ ഇവരായിരുന്നു:

അൽ ഇമാമുൽ ഹാഫിദ് അൽ ബുർസാലി അശ്ശാഫിഈ (മരണം:ഹി. 738)

അൽ ഇമാമുൽ ഹാഫിദ് ഇബ്നു ഖുദാമ: (മരണം: ഹി.744)

മുഹമ്മദ് ബിൻ യൂസുഫ് അന്തുലുസി അശ്ശാഫിഈ (മരണം: ഹി: 745)

അൽ ഹാഫിദ് ശംസുദ്ദീനുദ്ദഹബി (മരണം: ഹി: 748)

അൽ ഇമാം ഉമർബിൻ മുദഫ്ഫർ അൽ വർദീ അശ്ശാഫിഈ (മരണം: ഹി: 749)

അൽ ഇമാം അഹ്മദ് ബിൻ യഹ്യാ അൽ അംറി അശ്ശാഫിഈ (മരണം: ഹി: 749)

അൽ ഇമാം ഇബ്നു കസീർ (മരണം: ഹി: 774)

ഈജിപ്തിലും സിറിയയിലുംപെട്ട ശാഫിഈ, ഹനഫീ, മാലികീ വിഭാഗങ്ങളിലെ ഒട്ടേറെ പണ്ഡിത പ്രമുഖർ ശൈഖുൽ ഇസ്‌ലാമിൻേറ മരണശേഷം അദ്ദേഹത്തെക്കുറിച്ച് വിലാപങ്ങൾ വരെ രചിച്ചിട്ടുണ്ട്.

ഇസ്‌ലാമിൻെറ കുപ്പായമണിഞ്ഞ ശത്രുക്കളെ പ്രതിരോധിക്കുന്നതിലും ഇസ്‌ലാം മതത്തെ സംരക്ഷിക്കുന്നതിലും വ്യാപൃതനാകവെ ഒരു വൈവാഹിക ജീവിതം പോലും അദ്ദേഹത്തിന്നു സാധിക്കാതെ വന്നു.

ഹിജ്റ 698ലെ റബീഉൽ അവ്വലിലാണ് ഇബ്നു തൈമിയ്യ (റ) ആദ്യമായി പരീക്ഷിക്കപ്പെട്ടത്. عقيدة الحموية الكبرى എന്ന പേരിൽ പിന്നീട് പ്രചുരമായ ഒരു ചോദ്യോത്തര പംക്തിയുടെ പേരിലായിരുന്നു ഇത്. ദൈവവചന ശാസ്ത്രക്കാരുടെ മദ്ഹബിനേക്കാൾ സച്ചരിതരായ പൂർവ്വികരുടെ മദ്ഹബിന് പ്രാധാന്യം നൽകിയതായിരുന്നു അവ.

അതിൻെറ അലകൾ കെട്ടടങ്ങി. വർഷങ്ങൾക്കു ശേഷം ഈജിപ്തിൽ, ഒരു പണ്ഡിതൻ-നസ്റുൽ മിൻജബി-കെയ്റോ രാഷ്ട്രനായകന്മാർക്കുമേൽ അവരോധിതനായി. അദ്ദേഹം ഇബ്നു തൈമിയ്യ(റ)യെക്കുറിച്ച് നവീനവാദിയെന്നും അദ്ദേഹത്തിൻെറ കെണിയിൽ ജനങ്ങൾ വന്നുപെടുന്നത് ഞാൻ ഭയക്കുന്നുവെന്നും പ്രഖ്യാപിച്ചു. തൻെറ വിശ്വാസം ചോദ്യം ചെയ്യപ്പെട്ട ഹിജ്റ 705 ലായിരുന്നു ഇത്. അവർക്കദ്ദേഹം തൻെറ "الواسطية" എന്ന രചന സമർപ്പിച്ചു. ഇത് ഏഴു വർഷങ്ങൾക്കു മുമ്പ്, താർത്താരികൾ സിറിയയിലേക്ക് വരുന്നതിനു മുമ്പ് എഴുതിയതായിരുന്നു. തുടർന്നദ്ദേഹത്തെ വാഗ്വാദത്തിന്നായി ഈജിപ്തിലേക്ക് ക്ഷണിച്ചു. ആ വർഷത്തെ റമദാനിനു ശേഷം രാജ്യത്തെ ഉന്നതരായ ഖാദിമാരും കാരണവന്മാരും അവിടെ അദ്ദേഹത്തിന്നായി ഒരുമിച്ചു കൂടി. "നിശ്ചയം അല്ലാഹു അർശിൻമേലാണ്. അത് യാഥാർഥ്യമാണ്. നിശ്ചയം അല്ലാഹു അക്ഷരവും ശബ്ദവും കൊണ്ട് സംസാരിക്കുന്നു" എന്ന അ

ദ്ദേഹത്തിൻെറ പ്രഖ്യാപനം അവരുടെ അതുവരെയുള്ള ധാരണകൾക്കു യോജിക്കാത്തതായിരുന്നു. അവരദ്ദേഹത്തെ ജയിലിലടച്ചു; ഒന്നര വർഷക്കാലം.

ഖുർആനിൽ ഏഴിടത്ത് പരാമർശിച്ച അല്ലാഹുവിൻെറ ആരോഹണത്തെ ( الإستواء ) സംബന്ധിച്ച് ഇമാം മാലിക് (റ) ൻെറ മൊഴികൾ അദ്ദേഹം ആവർത്തിച്ചു: "(الإستواء) നിർണ്ണയിക്കപ്പെട്ടതാണ്. അതെങ്ങിനെയെന്നറിഞ്ഞുകൂടാ. അതിൽ വിശ്വാസിക്കൽ നിർബന്ധമാണ്. അതേപ്പറ്റി ചോദിക്കൽ ബിദ്അത്തുമാണ്."

ഹിജ്റ 707 -ലെ ശവ്വാൽ മാസം. കെയ്റോവിലെ സൂഫി പണ്ഡിതൻ കരീമുദ്ദീൻ അൽ ആമിലിയും ഇബ്നു അത്വാഉം അഞ്ഞൂറോളം വരുന്ന സംഘവും അദ്ദേഹത്തെ നാട്ടിൽ നിന്ന് പുറത്താക്കണമെന്ന് പരാതി പറഞ്ഞു. അവരദ്ദേഹത്തോട് പറഞ്ഞു: "ഒന്നുകിൽ ഡമാസ്കസിൽ താമസിക്കുക. അല്ലെങ്കിൽ നിബന്ധനകളോടെ അലക്സാൻഡ്രിയയിൽ നിൽക്കാം. അതുമല്ലെങ്കിൽ ജയിൽ. ഇതിലേതാണ് വേണ്ടതെന്ന് തിരഞ്ഞെടുക്കാം." അദ്ദേഹം ജയിൽവാസം തിരഞ്ഞെടുത്തു! അദ്ദേഹം പറഞ്ഞു: "ഞാൻ തടവറയിലേക്ക് പോവുന്നു. രഞ്ജിപ്പിൻെറ ശേഷിപ്പുകളെ ഞാൻ അനുഗമിക്കുകയും ചെയ്യുന്നു."

ജയിലിലേക്ക് പ്രവേശിച്ചപ്പോൾ അദ്ദേഹം കാണുന്നത് തടവുകാർ നമസ്കാരത്തിലൊന്നും ശ്രദ്ധയില്ലാതെ ചൂതിലും ചെസ്സിലും മറ്റു കളികളിലും ഏർപ്പെട്ടു സമയം പാഴാക്കുന്നതാണ്. ശൈഖ് അവരെ അതിൽ നിന്നു വിലക്കി. നമസ്കാരത്തിൻെറ അനിവാര്യതയെക്കുറിച്ച് അവരോട് കൽപ്പിച്ചു. തസ്ബീഹുകളും പാപമോചനങ്ങളും പ്രാർഥനകളും തുടങ്ങി സൽക്കർ

മ്മങ്ങൾ കൊണ്ട് അല്ലാഹുവിലേക്ക് അടുക്കാൻ അവരെ പ്രേരിപ്പിച്ചു. സുന്നത്തെന്തെന്ന്, അതിനെ എങ്ങനെയാണ് അനുധാവനം ചെയ്യേണ്ടതെന്ന് അവരെ പഠിപ്പിച്ചു. പുണ്യ കാര്യങ്ങളോടുള്ള പ്രതിപത്തിയും ആ ഭാഗ്യം വന്നു ചേരാനുള്ള മോഹവും അവരിലുണ്ടാക്കി. എത്രത്തോളമെന്നാൽ, പുറത്ത് പാഠശാലകളിൽ നിന്നും സദസ്സുകളിൽ നിന്നും ലഭ്യമാവാത്തത്ര, ദീനിൻെറയും അറിവിൻെറയും പ്രാവർത്തിക കേന്ദ്രമായി തടവറ മാറി. അവരുടെ സ്വഭാവങ്ങളെപ്പോലും അത് പരിവർത്തിപ്പിച്ചു. ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും തടവുകാരിലേറെപ്പേരും പുറത്തുപോവാനാഗ്രഹിച്ചില്ല. അദ്ദേഹത്തോടൊപ്പം കഴിഞ്ഞുകൂടാനാണവർ തീരുമാനിച്ചത്. അത്തരക്കൊരെക്കൊണ്ട് തടവറ നിറഞ്ഞ അവസ്ഥ വരെയുണ്ടായി.

ഫത്‌വ നൽകുന്നത് ജയിലിലും അദ്ദേഹം തുടർന്നു. ജനങ്ങൾ അദ്ദേഹത്തിലേക്ക് കേന്ദ്രീകരിക്കുന്നതും അവരദ്ദേഹത്തെ സന്ദർശിക്കുന്നതും അവരിലെ കുഴഞ്ഞു മറിഞ്ഞ പ്രശ്നങ്ങൾക്ക് അദ്ദേഹത്തോട് ഫത്‌വ തേടുന്നതും പതിവായി. അവരിലെ നേതാക്കന്മാരും കൈകാര്യ കർത്താക്കളുമൊക്കെ അതിലുണ്ടായി. ഈ പ്രവാഹം അവരിലെ ശത്രുക്കളുടെ നെഞ്ചകം കറുപ്പിച്ചു. അവരദ്ദേഹത്തെ അലക്സാൻഡ്രിയയിലേക്ക് തടവറ മാറ്റാനാവശ്യപ്പെട്ടു. അതനുസരിച്ച് അദ്ദേഹത്തെ അവിടെ നിന്നും മാറ്റി.

ശത്രുക്കളുടെ ഇംഗിതങ്ങൾക്കൊത്ത ഈ മാറ്റങ്ങളൊന്നും അദ്ദേഹത്തെ അലോസരപ്പെടുത്തിയില്ല. അക്ഷരത്തിലും അർഥത്തിലും അദ്ദേഹം ക്ഷമാശാലിയായിരുന്നു. അദ്ദേഹം തന്നെ പറയുന്നത് നോക്കൂ...."എൻെറ ശത്രുക്കൾക്ക് എന്നെ

ക്കൊണ്ട് എന്തു ചെയ്യാനാവും? ഞാനെൻെറ നെഞ്ചിലെ പൂങ്കാവനത്തിലും എൻെറ തോട്ടത്തിലുമാണ്. അവ എന്നിൽ നിന്നു വേർപ്പെടുത്താനാവാത്ത വിധം എന്നോടൊപ്പമുണ്ട്. എൻെറ തടവറ എനിക്ക് പർണ്ണശാലയാണ്. എൻെറ വധം രക്തസാക്ഷിത്വവും എന്നെ നാട്ടിൽ നിന്ന് പുറത്താക്കൽ എനിക്ക് പാലായനവുമാണ്."

ഹിജ്റ 717- ലാണ് ത്വലാഖ് സംബന്ധമായ അദ്ദേഹത്തിൻെറ പ്രസിദ്ധമായ ഫത്വ പുറത്തു വരുന്നത്. ഒരു സമയം മൂന്ന് ത്വലാഖ് ഒന്നിച്ചു ചൊല്ലിയാൽ മടക്കിയെടുക്കാവുന്ന ഒറ്റ ത്വലാഖേ ആവൂ എന്ന് അദ്ദേഹം ഫത്വ നൽകി. ഈ സത്യം അന്നാട്ടിൽ നില നിന്നു പോന്നിരുന്ന ആചാരങ്ങൾക്ക് തീർത്തും വിരുദ്ധമായിരുന്നു. അവരെ സംബന്ധിച്ചേടത്തോളം അത് പുത്തനും ഇബ്നു തൈമിയ്യ കുഴപ്പക്കാരനുമായി. അങ്ങനെ, ഹിജ്റ 718-ൽ മുഖ്യ്യ്വാദി ശംസുദ്ദീൻ ഇബ്നു മസ്ലം, ശൈഖിനെ വിളിച്ചു വരുത്തി. ത്വലാഖ് സംബന്ധമായ പ്രശ്നത്തിൽ ഫത്വ നൽകരുതെന്ന് കൽപിച്ചു. അതേ അവസരത്തിൽ തന്നെ ഇബ്നു തൈമിയ്യ ഇനി ഫത്വ നൽകരുത് എന്ന് ഭരണാധികാരിയും ഉത്തരവ് പുറപ്പെടുവിച്ചു. ഇബ്നു തൈമിയ്യയുടെ ഇച്ഛാശക്തിയേയോ വിശ്വാസദാർഢ്യതയെയോ ഈ ഉത്തരവുകൾക്ക് ഒന്നും ചെയ്യാനാകുമായിരുന്നില്ല. അദ്ദേഹം പറയുമായിരുന്നു: "വിജ്ഞാനം മൂടി വെക്കാൻ എനിക്കാവില്ല" എന്ന്. വിജ്ഞാനം മൂടിവെക്കുന്നവർക്കെതിരെ പ്രവാചകൻ(സ) നൽകിയ മുന്നറിയിപ്പ് അദ്ദേഹത്തെ ഭയപ്പെടുത്തി. അങ്ങനെ അദ്ദേഹത്തോട് മതവിധിയന്വേഷിക്കുന്നവർക്ക് ഫത്വ നൽകുന്നത് അദ്ദേഹം തുടർന്നു. ഭരണാധികാരികൾ അദ്ദേഹത്തെ കൽതുറു

ങ്കിലടക്കുന്നതിന്ന് ഇത് കാരണമായി. ഹിജ്റ 720-ൽ ആയിരുന്നു ഇത്. അഞ്ചുമാസവും പതിനെട്ട് ദിവസവും അദ്ദേഹം അവിടെ കഴിഞ്ഞു.

അതിൽ നിന്നു പുറത്തു വന്നപ്പോൾ മറ്റൊരു പ്രശ്നം അദ്ദേഹത്തെ കാത്തിരിയ്ക്കുകയായിരുന്നു. തീർഥയാത്ര! ഇമാം മാലിക്(റ)യുടെ വാക്കുകളെടുത്ത് അദ്ദേഹം ഫത്‌വ നൽകി. "ഔലിയാക്കളുടെ ജാറങ്ങളിലേക്ക് തീർഥയാത്ര പോവുന്നത് ശരീഅത്തിൽ പെട്ടതല്ല. എന്നല്ല, അത് പാപവുമാണ്." റസൂൽ (സ) പറഞ്ഞു: "മൂന്ന് പള്ളികളിലേക്കല്ലാതെ തീർഥയാത്ര പാടില്ല. മസ്ജിദുൽ ഹറം, മസ്ജിദുൽ അഖ്സാ, എന്റെ ഈ പള്ളി (മസ്ജിദുന്നബി)." നാട്ടിൽ അത് വൻ കോളിളക്കം തന്നെയുണ്ടാക്കി.

ഹിജ്റ 726-ലെ ശഅബാൻ മാസം അവസാന പകുതി. ശൈഖ് നൽകിയ ഫത്‌വയുടെ പേരിൽ ഭരണാധികാരികൾ അദ്ദേഹത്തെ ദമാസ്കസിലെ ജയിലിലടച്ചു. അദ്ദേഹത്തെ മാത്രമല്ല, സുഹൃത്ത് സൈനുൽ ആബിദീൻ അബ്ദുർറഹ്മാനും അദ്ദേഹത്തിന്റെ കുറെ പണ്ഡിത സുഹൃത്തുക്കളും അതോടൊപ്പം അടക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിദ്യാർത്ഥികളിൽ പ്രസിദ്ധനായ ഇബ്നുൽ ഖയ്യിമും അതിൽ പെട്ടു. അദ്ദേഹത്തെ ജയിലിലടക്കാൻ കാരണമായ, തീർഥയാത്രാ സംബന്ധമായ അദ്ദേഹത്തിന്റെ ഫത്‌വയാണ് നിങ്ങളുടെ കൈയ്യിലിരിക്കുന്ന ഈ ഗ്രന്ഥം.

ഫത്‌വ നൽകുന്നത് പൂർണ്ണമായും വിരോധിക്കുക മാത്രമല്ല, ഗ്രന്ഥങ്ങൾ നൽകുന്നതും പേനയും കടലാസും മഷിയും എല്ലാം അദ്ദേഹത്തിന് വിലക്കി. ശൈഖുൽ ഇസ്‌ലാമിനെ ലോ

കം വാഴ്ത്തിപ്പറഞ്ഞു; വിദ്യാർഥികൾക്ക് അദ്ദേഹം സമ്പൂർണ്ണമായ ഒരു വിദ്യാലയമായിരുന്നുവെന്ന്! മഷിയും കടലാസും പേനയും ഗ്രന്ഥവും ഒക്കെ നിരോധിക്കപ്പെട്ട ആ പാഠശാല- ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ-യുടെ ആത്മാവ് അതേ കൽത്തുറുങ്കിൽ നിന്ന് പറന്നകന്നു! ഹിജ്റ 728 -ലെ ദുൽഖഅദ് മാസം 20-ാം തിയതി തിങ്കളാഴ്ച രാത്രി! നാവു കൊണ്ടും പേന കൊണ്ടും ശരീരം കൊണ്ടും ദീനിന്ന് വേണ്ടി പൊരുതിയ ആ ധീരപോരാളിയുടെ ഭൗതികശരീരം ദമാസ്കസിലെ സൂഫി മഖ്ബറയുടെ മണ്ണ് ഏറ്റുവാങ്ങി!

ഒരു ഉത്തമ പുരുഷൻെറ നന്മ നിറഞ്ഞ ജീവിതത്തിൻെറ അടയാളവും മുസ്‌ലിം ജനസാമാന്യത്തിനിടയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വീകാര്യതക്കുള്ള തെളിവുമായിരുന്നു അദ്ദേഹത്തിൻെറ മരണവേള. ഇമാം അഹ്മദ് ബിൻ ഹമ്പൽ(റ) പറഞ്ഞു: "ബിദ്അത്തിൻെറ ആളുകളോട് പറഞ്ഞേക്കുക. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ജനാസയുടെ ഒരു ദിനമുണ്ടെന്ന്."

അദ്ദേഹത്തിൻെറ മയ്യിത്ത് സംസ്കരണ കർമ്മം ഒരു മഹാസംഭവമായിരുന്നു. ആ നാട്ടിലെ ജനത മുഴുവൻ അതിൽ പങ്കാളികളായി. മുഖ്യ ഖാദി അലാഉദ്ദീൻ അൽ ഖൗനവിയ്യ് അദ്ദേഹത്തിന്ന് വേണ്ടി നമസ്കരിച്ചു. ഒരു നാടിനെ മുഴുവൻ പിടിച്ചുലച്ച ആ സംഭവത്തെക്കുറിച്ച് ഇബ്നു കസീർ(റ) തൻെറ ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തി: "ഡമാസ്കസിലെ ജനത മുഴുവൻ തങ്ങളുടെ ദുഃഖവും വിലാപവും പ്രകടിപ്പിച്ചു. നാട്ടിലെ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഒന്നടങ്കം അദ്ദേഹത്തിൻെറ അനുശോചന ചടങ്ങിൽ പങ്കുകൊണ്ടു!"

രണ്ട് ഇമാമുകാർക്ക് വേണ്ടിയാണ് ഇത്രയും ജനങ്ങൾ ഒരുമിച്ചു കൂടിയത്. ഇമാം അഹ്മദ് ബിൻ ഹമ്പൽ(റ)യും ഇമാം അഹ്മദ് ബിൻ തൈമിയ്യ(റ)യും. ദമാസ്കസും അതിന് പരിസരത്തുള്ളവരുമെല്ലാം അദ്ദേഹത്തിന് മയ്യിത്ത് നമസ്കരിച്ചു; അദ്ദേഹത്തിൻെറ ജനാസയെ അവരൊക്കെ പിന്തുടർന്നു. മുസ്ലിംകൾ അല്ലാഹുവിൻെറ ഭൂമിയിലെ അവൻെറ സാക്ഷികളാണല്ലോ........

നീണ്ട അറുപത്തേഴ് വർഷ ആയുഷ്ക്കാലം. അല്ലാഹുവിൻെറ ദീനിന്നു വേണ്ടി അദ്ദേഹം തനിച്ച് പൊരുതി. അദ്ദേഹത്തിൻെറ വിജ്ഞാനത്തെ അല്ലാഹു ഫലപ്രദമാക്കി. അദ്ദേഹത്തിൻെറ കാലഘട്ടത്തെ അല്ലാഹു പുണ്യകരമാക്കി. രാവു പകലുകളനവധി വന്നു പോയിട്ടും, കാലഘട്ടങ്ങളനവധി പിന്നിട്ടിട്ടും അദ്ദേഹത്തിൻെറ രചനകൾ ഈ പറഞ്ഞതിന് തെളിവും സാക്ഷ്യവുമായി നില കൊള്ളുന്നു!

❏

## ഖബർ സന്ദർശനവും സഹായാർഥനയും

ഇബ്നു തൈമിയ്യ (റ)യോട് ഇങ്ങനെയൊക്കെ ചോദിക്കുന്നു:

തനിക്കോ തൻെറ കുതിരക്കോ ഒട്ടകത്തിനോ ബാധിച്ച രോഗ ശമനത്തിന് വേണ്ടി ഖബറുകൾ സന്ദർശിച്ച് ഖബറാളികളോട് സഹായം തേടുന്ന ചിലരെപ്പറ്റി എന്തു പറയുന്നു?

എൻെറ യജമാനരെ! ഞാൻ നിങ്ങളുടെ ഏറ്റവും അടുത്തവനും നിങ്ങളുടെ പരിഗണനക്കർഹനുമാണല്ലോ. ഒരാളെന്നെ അക്രമിച്ചിരിക്കുന്നു. ഒരാളെന്നെ ഉപദ്രവിക്കാനുദ്ദേശിക്കുന്നു. എന്നിങ്ങനെ അയാൾ പറഞ്ഞാലോ? ഖബറാളി എനിക്കും അല്ലാഹുവിനുമിടയിലുള്ള മധ്യവർത്തിയാണോ?

ആശ്രമങ്ങൾക്കും പള്ളികൾക്കും ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ശൈഖുമാർക്കും പണവും ഒട്ടകവും ആടുകളും മെഴുകുതിരികളും എണ്ണയും മറ്റും നേർച്ചയാക്കുന്നുണ്ടല്ലോ?

എൻെറ കുട്ടി സുഖം പ്രാപിച്ചാൽ ഇന്ന ശൈഖിന് ഇന്നത് നൽകുന്നതാണ് എന്നൊക്കെ പറഞ്ഞാലോ?

അത്തരം (പ്രയാസകരമായ) അവസ്ഥയിൽ തൻെറ ഹൃദയ സ്ഥൈര്യത്തിന് തൻെറ ശൈഖിനോട് സഹായമഭ്യർഥിച്ചാലോ?

ചിലർ ശൈഖിന്നടുത്ത് വരികയും ഖബർ ചുംബിക്കുകയും മുഖം അതിൻ മേലിട്ട് ഉരുട്ടുകയും ഖബർ രണ്ടു കൈകൊണ്ടും തടവി അതുകൊണ്ട് മുഖം തടവുകയും മറ്റും ചെയ്യുന്നുവല്ലോ?

ചിലർ അവരുടെ ആവശ്യങ്ങൾക്കു വേണ്ടി ശൈഖിനെ ലക്ഷ്യം വെക്കുന്നു. "അല്ലയോ ബഹുമാന്യരെ, അങ്ങയുടെ അനുഗ്രഹത്താൽ" എന്നവൻ പറഞ്ഞാലോ?

"അല്ലാഹുവിൻെറ അനുഗ്രഹം കൊണ്ടും ശൈഖിൻെറ അനുഗ്രഹം കൊണ്ടും എൻെറ ആവശ്യം നിങ്ങൾ സഫലമാക്കിയിരിക്കുന്നു" എന്ന് പറഞ്ഞാലോ?

**കീർത്തിക്കു** വേണ്ടി ചിലർ ഖബറിന്നടുത്തേക്ക് വരികയും മറ നീക്കുകയും ശൈഖിനു മുമ്പിൽ തറയിൽ സാഷ്ടാംഗം ചെയ്ത് മുഖം വെക്കുകയും ചെയ്യുന്നുവല്ലോ? അല്ലാഹുവിൻെറ അസ്തിത്വഗുണങ്ങളുള്ള പരമസഹായിയും (ഗൗസ്) ഖുതുബുമായ ചിലരുണ്ടല്ലോ? ഇതിനൊക്കെ താങ്കൾ വിശദമായി ഞങ്ങൾക്ക് മതവിധിതന്നാലും: താങ്കൾക്കല്ലാഹു പ്രതിഫലം നൽകട്ടെ-.

ഉത്തരം: സർവ്വസ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു. അല്ലാഹു അവൻെറ പ്രവാചകന്മാരെ അയക്കുകയും അവൻെറ ഗ്രന്ഥങ്ങൾ അവർക്ക് ഇറക്കുകയും ചെയ്തിരിക്കുന്നു. മതമെന്നാൽ, പങ്കാളിയില്ലാത്ത ഏകനായ അല്ലാഹുവിനെ ആരാധിക്കലും അവനോട് സഹായം ചോദിക്കലും അവനിൽ ഭരമേൽപ്പിക്കലും പ്രയോജനപ്രദമായ കാര്യങ്ങൾക്കും ദോഷബാധയകറ്റാനും അവനോട് പ്രാർഥിക്കലുമാണ്. അല്ലാഹു പറയുന്നു:

تنزيل الكتٰب من الله العــزيز الحكيم. إنا أنزلنا اليك الكتٰب بالحق فاعبد الله مخلصا له الدين. ألا لله الدين الخالص والذين اتخذوا من دونهٖ أولياۤء ما نعبدهم إلا ليقربونآ إلى الله زلفى إن الله يحكم بينهم في ماهم فيه يختلفون.

(വേദഗ്രന്ഥത്തിൻെറ അവതരണം പ്രതാപശാലിയായ-അഗാധജ്ഞനായ-അല്ലാഹുവിങ്കൽ നിന്നാകുന്നു. നിശ്ചയമായും (ഈ) ഗ്രന്ഥം യഥാർഥ (മുറ) പ്രകാരം നിനക്കു നാം അവതരിപ്പിച്ചു തന്നിരിക്കുന്നു. ആകയാൽ മതം (അഥവാ കീഴ്‌വണക്കം) അല്ലാഹുവിന്ന് നിഷ്കളങ്കമാക്കികൊണ്ട് നീ അവനെ ആരാധിച്ചു കൊള്ളുക. അല്ലാ (അറിഞ്ഞേക്കുക)! നിഷ്കളങ്കമായ മതം (അഥവാ കീഴ്‌വണക്കം) അല്ലാഹുവിന്നുള്ളതാകുന്നു. അവനു പുറമെ കാര്യകർത്താക്കളെ ഏർപ്പെടുത്തിയിട്ടുള്ളവരാകട്ടെ, (അവർ പറയുന്നു): അല്ലാഹുവിങ്കലേക്ക് ഞങ്ങളെ (ശരിയായ) ഒരു അടുപ്പം അവർ അടുപ്പിച്ചു തരുവാൻ വേണ്ടിയല്ലാതെ, ഞങ്ങൾ അവരെ ആരാധിക്കുന്നില്ല. നിശ്ചയമായും തങ്ങൾ യാതൊന്നിൽ ഭിന്നിച്ചു കൊണ്ടിരിക്കുന്നുവോ അതിൽ, അല്ലാഹു അവർക്കിടയിൽ വിധി കൽപ്പിക്കുന്നതാകുന്നു-സുമർ: 1-3)

അല്ലാഹു പറയുന്നു: وأن المسٰجد لله فلا تدعوا مع الله أحدا.

(പള്ളികൾ അല്ലാഹുവിന്നുള്ളതാണ്. ആകയാൽ അല്ലാഹുവോടൊപ്പം ഒരാളെയും നിങ്ങൾ വിളി(ച്ചു പ്രാർഥി) ക്കരുത് എന്നും -ജിന്ന്:18). അല്ലാഹു പറയുന്നു: قل أمر ربي بالقسط واقيموا وجوهكم عند كل مسجد وادعوه مخلصين له الدين

(പറയുക: എൻെറ റബ്ബ് നീതിയെപ്പറ്റി (അതു പാലിക്കുവാൻ) അനുശാസിച്ചിരിക്കുന്നു. എല്ലാ നമസ്കാര സ്ഥാനത്തിങ്കലും നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ നേരെ നിർത്തുവിൻ എന്നും;

മതം (അഥവാ കീഴ്‌വണക്കം) അവനു നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളി(ച്ചു പ്രാർഥി)ക്കുകയും ചെയ്യുവിൻ എന്നും (കൽപ്പിച്ചിരിക്കുന്നു)-അഅ്റാഫ്: 29). അല്ലാഹു പറയുന്നു:

**قل ادعوا الذين زعمتم من دونه فلا يملكون كشف الضر عنكم ولا تحويلا. أولئك الذين يدعون يبتغون إلى ربهم الوسيلة أيهم أقرب ويرجون رحمته ويخافون عذابه إن عذاب ربك كان محذورا**

(പറയുക: അവനു (അല്ലാഹുവിനു) പുറമെ (ദൈവങ്ങളെന്നു) വാദിച്ചവരെ നിങ്ങൾ വിളിച്ചു പ്രാർഥിച്ചു കൊള്ളുവിൻ. എന്നാൽ നിങ്ങളിൽ നിന്ന് ഉപദ്രവം നീക്കിത്തരുവാനാവട്ടെ സ്ഥിതിമാറ്റം വരുത്തുവാനാവട്ടെ അവർക്കു സാധ്യമാവുന്നതല്ല. അവർ വിളി(ച്ചു പ്രാർഥി)ക്കുന്നവരായ അക്കൂട്ടർ, തങ്ങളുടെ റബ്ബിങ്കലേക്ക് സമീപനമാർഗ്ഗം തേടികൊണ്ടിരിക്കുന്നു. അതായത്, അവരിൽ അധികം അടുത്തവരേതോ അവർ (തന്നെ) അവർ അവൻെറ കാരുണ്യം അഭിലഷിക്കുകയും അവൻെറ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിശ്ചയമായും നിൻെറ റബ്ബിൻെറ ശിക്ഷ (ജാഗ്രതയോടെ) കരുതിയിരിക്കേണ്ടതാണ്-ഇസ്റാഅ്: 56, 57).

പൂർവ്വികരിൽ പെട്ട ഒരു വിഭാഗം പറഞ്ഞു: മാലാഖമാരെയും ഉസൈറിനെയും യേശുവിനെയും വിളിച്ചു പ്രാർഥിച്ചിരുന്ന സമൂഹം ഉണ്ടായിരുന്നു. അല്ലാഹു പറഞ്ഞു: നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്ന ആ വിഭാഗക്കാർ എൻെറ അടിമകളാണ്; നിങ്ങൾ എൻെറ അടിമകളായതു പോലെ. അവർ എൻെറ കാരുണ്യം അഭിലഷിക്കുന്നു; നിങ്ങൾ എൻെറ കാരുണ്യം ആശിക്കുന്നതുപോലെ. എൻെറ ശിക്ഷയെ അവർ ഭയപ്പെടുന്നു; നിങ്ങൾ എൻെറ ശിക്ഷയെ ഭയപ്പെടുന്നതുപോലെ. അവർ

എന്നിലേക്ക് സമീപന മാർഗ്ഗം തേടുന്നു; നിങ്ങളെന്നിലേക്ക് സമീപനമാർഗ്ഗം തേടുന്നതു പോലെ. മാലാഖമാരെയും പ്രവാചകന്മാരെയും വിളിച്ച് പ്രാർഥിക്കുന്നവരുടെ സ്ഥിതി ഇതാണെങ്കിൽ മറ്റുള്ളവരോട് പ്രാർഥിക്കുന്നവരുടെ കാര്യമെന്തായിരിക്കും!

അല്ലാഹു പറയുന്നു: أفحسب الذين كفروا أن يتخذوا عبادي من دوني أولياء إنا أعتدنا جهنم للكافرين نزلا

(എന്നാൽ എനിക്കു പുറമെ എന്റെ അടിയാന്മാരെ രക്ഷാകർത്താക്കളായി സ്വീകരിക്കാമെന്ന് അവിശ്വാസികൾ വിചാരിക്കുന്നുവോ! നിശ്ചയമായും നാം അവിശ്വാസികൾക്ക് നരകത്തെ വിരുന്നു സൽക്കാരമായി ഒരുക്കി വെച്ചിരിക്കുന്നു-കഹ്ഫ്: 102). അല്ലാഹു പറയുന്നു:

قل ادعوا الذين زعمتم من دون الله لا يملكون مثقال ذرة في السماوات ولا في الأرض ومالهم فيهما من شرك وما له منهم من ظهير. ولا تنفع الشفعة عنده إلا لمن أذن له

(നബിയേ) പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ (ആരാധ്യരായി) ജൽപ്പിക്കുന്നവരെ നിങ്ങൾ വിളിച്ചു (പ്രാർഥിച്ചു) കൊള്ളുക. ആകാശങ്ങളിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുത്തൂക്കവും അവർ അധീനമാക്കുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരിൽ നിന്ന് അവന് (അല്ലാഹുവിന്) യാതൊരു പിൻതുണക്കാരനുമില്ല. അവൻ സമ്മതം നൽകിയവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ ഫലപ്പെടുന്നതുമല്ല സബഅ്: 22,23). മനുഷ്യരും മാലാഖമാരും മറ്റുമായി അല്ലാഹുവെക്കൂടാതെ വിളിച്ചു പ്രാർഥിക്കുന്ന സർവ്വ സൃഷ്ടി ജാലങ്ങളെയും സംബന്ധിച്ച് അല്ലാഹു വിശദീകരിച്ചു. അവന്റെ ആധി

പത്യത്തിൽ ഒരു അണുത്തൂക്കവും അവർ ഉടമയാക്കുന്നില്ല. അവൻെറ ആധിപത്യത്തിൽ അവന്ന് പങ്കുകാരുമില്ല. എന്നാൽ പരിശുദ്ധനായ അല്ലാഹു, അവന്നാണ് ആധിപത്യം, അവന്നാണ് സർവ്വ സ്തുതിയും അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു. രാജാക്കന്മാർക്ക് സംരക്ഷകരും സഹായികളും ഉള്ളതു പോലെ അല്ലാഹുവിന് സഹായികളില്ല. അല്ലാഹു ഇഷ്ടപ്പെട്ടവർക്കല്ലാതെ അവൻറടുക്കൽ ആരും ശുപാർശ ചെയ്യുന്നതുമല്ല. അങ്ങനെ ശിർക്കിൻെറ എല്ലാ വാദമുഖങ്ങളും (അല്ലാഹു) അടച്ചു കളഞ്ഞു.

അല്ലാഹുവിനെ കൂടാതെ വിളിച്ചു പ്രാർഥിക്കുന്നവൻ ഒന്നുകിൽ ഉടമയായിരിക്കണം, അവൻ ഉടമയല്ലെങ്കിൽ അവന് പങ്കു വേണം. അവൻ പങ്കാളിയല്ലെങ്കിലോ അവൻ സഹായിയെങ്കിലുമായിരിക്കണം. അല്ലെങ്കിൽ ചോദിക്കുന്നവനോ ആവശ്യക്കാരനോ ആയിരിക്കണം. അപ്പോൾ ആദ്യത്തെ മൂന്ന് വിഭാഗം അഥവാ ഉടമസ്ഥത, പങ്കാളിത്തം, സഹായം എന്നിവ നിഷേധിക്കപ്പെട്ടതാകുന്നു. എന്നാൽ നാലാമത്തേത് അല്ലാഹുവിൻെറ അനുവാദത്തിന് ശേഷമല്ലാതെ ഉണ്ടാവുന്നതല്ല. അല്ലാഹു പറഞ്ഞതു പോലെ: من ذالذي يشفع عنده الا بإذنه (അവൻെറ അനുവാദ പ്രകാരമല്ലാതെ അവൻെറ അടുക്കൽ ശുപാർശ ചെയ്യുന്നവനാരുണ്ട്? (ആരുമില്ല)-ബഖറ: 255).

അല്ലാഹു പറയുന്നു: وكم من ملك في السمٰوات لا تغني شفعتهم شيئا إلا من بعد أن يأذن الله لمن يشاء ويرضى (ആകാശങ്ങളിൽ എത്രയോ മലക്കുകളുണ്ട്. അവരുടെ ശുപാർശ ഒട്ടും തന്നെ ഉപകരിക്കുകയില്ല. അല്ലാഹു ഉദ്ദേശിക്കുകയും

തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശ ചെയ്യുവാൻ) അവൻ അനുവാദം നൽകിയതിന്നു ശേഷമല്ലാതെ-നജ്മ്: 26).

അല്ലാഹു പറയുന്നു:

**أم اتخذوا من دون الله شفعآء قل أولو كانوا لا يملكون شيئا ولا يعقلون. قل لله الشفٰعة جميعا له ملك السمٰوات والارض**

(അതല്ല, അല്ലാഹുവിന് പുറമെ വല്ല ശുപാർശകരെയും അവർ ഏർപ്പെടുത്തിയിരിക്കുന്നുവോ! പറയുക: അവർ (ആ ശുപർ ശക്കാർ) യാതൊന്നും അധീനമാക്കുന്നില്ല. (ബുദ്ധി കൊണ്ട്) മനസ്സിലാക്കുന്നുമില്ല, എന്നിരുന്നാൽ പോലും? (എന്നാലും അവരെ ശുപാർശകരായി സ്വീകരിക്കുകയാണോ!). പറയുക: അല്ലാഹുവിനാണ് ശുപാർശ മുഴുവനും.(അവൻെറ ഹിതമനുസരിച്ചേ അത് നടക്കൂ) ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു-സുമർ: 43,44).

അല്ലാഹു പറയുന്നു: **الله الذي خلق السمٰوات والارض وما بينهما في ستة ايام ثم استوٰى على العرش مالكم من دونه من ولي ولا شفيع افلا تتذكرون**

(ആകാശങ്ങളും ഭൂമിയും അവ രണ്ടിനുമിടയിലുള്ളതും ആറു ദിവസങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളവനത്രെ അല്ലാഹു. പിന്നീടവൻ 'അർശി'ൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തു. അവനു പുറമെ നിങ്ങൾക്ക് ഒരു കൈകാര്യകർത്താവാകട്ടെ ശുപാർശകനാകട്ടെ ഇല്ല. എന്നിരിക്കെ നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ-സജദ: 4).

അല്ലാഹു പറയുന്നു: **وانذر به الذين يخافون ان يُحشروا الى**

ربهم ليس لهم من دونه ولي ولا شفيع لعلهم يتقون

(ഇത് (ഈ വഹ്‌യ് നൽകപ്പെടുന്നത്) മുഖേന നീ താക്കീത് നൽകുകയും ചെയ്യുക. തങ്ങളുടെ റബ്ബിങ്കലേക്ക് ഒരുമിച്ചു കൂട്ടപ്പെടുമെന്ന് ഭയപ്പെടുന്നവരെ; അവനു പുറമെ അവർക്കൊരു രക്ഷാധികാരി(കൈകാര്യകർത്താവ്) ആകട്ടെ ഒരു ശുപാർശകനാകട്ടെ (ഉണ്ടായിരിക്കുക) യില്ല. അവർ സൂക്ഷിച്ചേക്കാം -അൻആം: 51). അല്ലാഹു പറയുന്നു:

ما كان لبشر أن يؤتيه الله الكتٰب والحكم والنبوة ثم يقول للناس كونوا عبادا لي من دون الله ولكن كونوا ربٰنيين بما كنتم تُعلمون الكتٰب وبما كنتم تدرسون. ولا يأمركم ان تتخذوا الملئكة والنبيين اربابا أيأمركم بالكفر بعد اذ انتم مسلمون

(അല്ലാഹു ഒരാൾക്ക് വേദവും തത്വജ്ഞാനവും പ്രവാചകത്വവും നൽകുകയും എന്നിട്ട് അയാൾ ജനങ്ങളോട് "നിങ്ങൾ അല്ലാഹുവിൻെറ അടിമകളാകുന്നതിനു പകരം എൻെറ അടിമകളായിരിക്കുവിൻ" എന്ന് പറയുകയും ചെയ്യുക എന്നത് ഒരു മനുഷ്യന്നും പറ്റിയതല്ല. പ്രത്യുത, നിങ്ങൾ വേദഗ്രന്ഥം പഠിപ്പിച്ചു വരുന്നതു കൊണ്ടും നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും നിങ്ങൾ മതോപദേഷ്ടാക്കൾ (റബ്ബാനികൾ) ആയിത്തീരുവിൻ എന്നായിരിക്കും(അദ്ദേഹം പറയുക). നിങ്ങൾ മലക്കുകളെയും ദൈവദൂതന്മാരെയും റബ്ബുകളായി വരിക്കുവാൻ അദ്ദേഹം (ഒരിക്കലും) നിങ്ങളോട് കൽപ്പിക്കുകയുമില്ല. നിങ്ങൾ മുസ്‌ലിംകളായിക്കഴിഞ്ഞിരിക്കെ നിങ്ങളോടദ്ദേഹം അവിശ്വാസത്തിനു കൽപ്പിക്കുകയോ! ആലു ഇംറാൻ: 79, 80).

നബിമാരെയും മാലാഖമാരെയും കൈകാര്യകർത്താ

ക്കളാക്കിയ ഒരാൾ 'അവിശ്വാസി'യാകുമെങ്കിൽ ഇവരല്ലാത്തവരായ ശൈഖുമാരെയും മറ്റും രക്ഷാകർത്താക്കളാക്കാമോ?

ഈ മൊഴിയുടെ വിശദീകരണം; അല്ലാഹുവിനെക്കൊണ്ടല്ലാതെ സാധ്യമാവാത്ത കാര്യങ്ങളിൽ അടിമ ആവശ്യപ്പെടൽ. ഉദാഹരണമായി, മനുഷ്യരുടെയും കന്നുകാലികളുടെയും രോഗശമനത്തിനോ, നിർണ്ണിത മാർഗ്ഗത്തിലൂടെയല്ലാതെ ഋണബാധ്യത നിറവേറ്റാനോ, കുടുംബത്തിന്റെ സൗഖ്യത്തിനോ, ഐഹികവും പാരത്രികവുമായ കഷ്ടപ്പാടുകളിൽ നിന്നുള്ള മോചനത്തിനോ, ശത്രുവിനെ അതിജയിക്കുവാനോ, മനസ്സ് സന്മാർഗ്ഗം പ്രാപിക്കുവാനോ, പാപമോചനത്തിനോ, സ്വർഗ്ഗപ്രവേശനത്തിനോ, നരക മോചനത്തിനോ, ഖുർആനും വിജ്ഞാനവും സിദ്ധിക്കാനോ, മനഃശുദ്ധിക്കും സ്വഭാവ നന്മക്കും ആത്മസംസ്ക്കരണത്തിനും വേണ്ടിയോ അതുപോലുള്ള കാര്യങ്ങൾക്കോ വേണ്ടി ആവശ്യപ്പെടുക. ഈ കാര്യങ്ങൾ മുഴുവൻ അല്ലാഹുവിനോടല്ലാതെ ആവശ്യപ്പെടാൻ പാടില്ലാത്തതാകുന്നു. മലക്കിനോടോ നബിയോടോ ശൈഖിനോടോ-അയാൾ ജീവിച്ചിരിപ്പുള്ളവനോ മരിച്ചവനോ ആവട്ടെ-എന്റെ പാപം പൊറുത്തു തരണേ, എന്റെ ശത്രുവിന്നെതിരിൽ എന്നെ സഹായിക്കണേ, എനിക്ക് രോഗശാന്തി തരണേ, എനിക്ക് സൗഖ്യം തരണേ, അല്ലെങ്കിൽ എന്റെ കുടുംബത്തിന്നും എന്റെ മൃഗത്തിന്നും സൗഖ്യം തരണേ എന്നിങ്ങനെ പറയൽ അനുവദനീയമല്ല.

ഇതൊക്കെ സൃഷ്ടികളോട് ചോദിച്ചവനാരോ അവൻ ആരാവട്ടെ, അപ്പോഴവൻ അവന്റെ റബ്ബിനോട് ശിർക്ക് വെച്ചവനായി. മാലാഖമാരെയും നബിമാരെയും വിഗ്രഹങ്ങ

ളെയും ആരാധിക്കുന്ന മുശ്‌രിക്കുകളുടെ ഇനത്തിൽ പെട്ടവരായി അവർ. ക്രിസ്ത്യാനികളുടെ യേശുവിനോടും മാതാവിനോടും ഉള്ള പ്രാർഥനയുടെ ഇനത്തിലും ഇത് പെട്ടു. അല്ലാഹു പറഞ്ഞു: وإذ قال الله يٰعيسى ابن مريم أأنت قلت للناس اتخذوني وامي إلهين من دون الله

(അല്ലാഹു പറഞ്ഞ (അഥവാ പറയുന്ന) സന്ദർഭവും (ഓർക്കുക): മർയമിൻെറ പുത്രൻ ഈസാ! നീയാണോ മനുഷ്യരോട് പറഞ്ഞത്: എന്നെയും എൻെറ മാതാവിനെയും നിങ്ങൾ അല്ലാഹുവിന് പുറമെ രണ്ടു ആരാധ്യന്മാരാക്കിക്കൊള്ളുവിൻ എന്ന്! മാഇദ:116) എന്ന വാക്യം. അല്ലാഹു പറയുന്നു: اتخذوا احبارهم ورهبانهم اربابا من دون الله والمسيح ابن مريم وما امروا الا ليعبدوا إلها واحدا لا اله الا هو سبحنه عما يشركون

(തങ്ങളുടെ പണ്ഡിതന്മാരെയും തങ്ങളുടെ പുരോഹിതൻമാരെയും അല്ലാഹുവിന്നു പുറമെ അവർ റബ്ബുകളാക്കി വെച്ചു. മർയമിൻെറ മകൻ മസീഹിനെയും (റബ്ബാക്കി വെച്ചു). ഒരേ ആരാധ്യനെ (ഇലാഹിനെ) ആരാധിക്കുവാനല്ലാതെ അവരോടു കൽപ്പിക്കപ്പെട്ടിട്ടില്ല താനും. അവനല്ലാതെ ഒരു ആരാധ്യനേ ഇല്ല. അവർ പങ്കു ചേർക്കുന്നതിൽ നിന്നും അവൻ എത്രയോ പരിശുദ്ധൻ-തൗബ: 31).

ഒരാൾക്ക് സാധ്യമാവുന്ന കാര്യം അയാളോട് ചോദിക്കൽ ചില സന്ദർഭങ്ങളിൽ, അനുവദനീയമാണ്. കാരണം 'സൃഷ്ടിയോടുള്ള ചോദിക്കൽ' അനുവദനീയമായതും നിഷിദ്ധമായതുമുണ്ട്. അല്ലാഹു പറഞ്ഞു: فإذا فرغت فانصب. والى ربك فارغب (ആകയാൽ, നിനക്ക് ഒഴിവു കിട്ടിയാൽ നീ

അധ്യനിച്ചു കൊള്ളുക. നിൻെറ രക്ഷിതാവിങ്കലേക്കു തന്നെ നീ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുക-ഇൻശിറാഹ്:7,8).

ഇബ്നു അബ്ബാസ്(റ) നോട് നബി(സ) ഉപദേശിച്ചു:

إذا سألت فاسئل الله، وإذا استعنت فاستعن بالله

(നിങ്ങൾ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നിങ്ങൾ സഹായം അർഥിച്ചാൽ അല്ലാഹുവിനോട് മാത്രം അർഥിക്കുക). നബി(സ) തൻെറ സഹചാരികളിലെ ഒരു വിഭാഗത്തോട്, ജനങ്ങളോട് ഒന്നും ചോദിക്കാതിരിക്കാൻ ഉപദേശിച്ചു. എത്രത്തോളമെന്നാൽ, അവരിലൊരാളുടെ ഊന്നുവടി കയ്യിൽ നിന്നു വീണു പോയാൽ പോലും അതെനിക്ക് എടുത്തു തരൂ എന്ന് പറയാറുണ്ടായിരുന്നില്ല. (അത്രത്തോളം അവർ സൂക്ഷ്മത പുലർത്തിയിരുന്നുവെന്നർഥം.) നബി(സ) പറഞ്ഞതായി ബുഖാരിയിലും മുസ്ലിമിലും സ്ഥിരപ്പെട്ടു വന്നിരിക്കുന്നു:

يدخل الجنة من امتي سبعون الفا بغير حساب، وهم الذين لا يسترقون، ولا يكتوون. ولا يتطيرون، وعلى ربهم يتوكلون.

(എൻെറ സമുദായത്തിൽ നിന്ന് എഴുപതിനായിരം പേർ വിചാരണ കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അവർ മന്ത്രിക്കുവാനാവശ്യപ്പെടുന്നവരോ, ചൂടുവെക്കുന്നവരോ, പക്ഷി ലക്ഷണം നോക്കുന്നവരോ അല്ല. അവരുടെ റബ്ബിൽ ഭരമേൽപ്പിക്കുന്നവരുമാണവർ). الاسترقاء എന്നാൽ മന്ത്രത്തിന്നപേക്ഷിക്കൽ എന്നാണ്. ഇത് പ്രാർഥനയിൽ പെട്ടതാണ്. ഇതിൻെറ പുറമെ സ്ഥിരപ്പെട്ടു വന്ന നബി(സ)യുടെ മൊഴി ഇപ്രകാരമാണ്:

مامن رجل يدعو له اخوه بظهر الغيب دعوة الاوكل الله بها ملكا

كلما دعا الأخيه دعوة قال الملك: ولك مثل ذلك

(തൻെറ സഹോദരനു വേണ്ടി അവൻെറ അഭാവത്തിൽ പ്രാർഥിക്കുന്ന ഒരാൾക്ക് അല്ലാഹു ഒരു മലക്കിനെ ഏർപ്പെടുത്തും. തൻെറ സഹോദരന്നു വേണ്ടി പ്രാർഥിക്കുമ്പോഴൊക്കെ മലക്ക് പറയും: നിനക്ക് അപ്രകാരം ഉണ്ടാവട്ടെ).

സ്ഥലത്തില്ലാത്തവർ തൻെറ അഭാവത്തിലുള്ളവർക്ക് വേണ്ടി പ്രാർഥിക്കുക എന്നത് ഇസ്‌ലാമിക നിയമത്തിൽ പെട്ടതാണ്. അപ്രകാരം നബി(സ)ക്ക് സ്വലാത്ത് ചൊല്ലാനും അദ്ദേഹത്തിന്ന് വേണ്ടി വസീല:(സ്വർഗ്ഗത്തിലെ ഉന്നത പദവി) തേടാനും നമ്മോട് കൽപ്പിച്ചിട്ടുണ്ട്. അപ്രകാരം ചെയ്താൽ പ്രതിഫലമുണ്ടെന്ന് നമ്മോടവിടുന്ന് ഉണർത്തിയിട്ടുമുണ്ട്. ഹദീസിൽ പറയുന്നു:

اذا سمعتم المؤذن فقولوا مثل ما يقول، ثم صلوا علي، فإن من صلى علي مرة صلى الله عليه عشرا، ثم اسئلوا لى الوسيلة فإنها درجة في الجنة لاينبغي ان تكون الا لعبد من عباد الله ، وأرجوا أن اكون انا ذلك العبد ، فمن سئل الله لي الوسيلة حلة له شفاعتي يوم القيامة

(ബാങ്കു വിളിക്കുന്നതു കേട്ടാൽ നിങ്ങളും "മുഅദ്ദീൻ പറയുന്നതു പോലെ പറഞ്ഞു കൊള്ളുക. പിന്നെ എൻെറമേൽ സ്വലാത്ത് ചൊല്ലുക. എൻെറ മേൽ ഒരു തവണ സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്ന് പത്ത് പ്രാവശ്യം അനുഗ്രഹം ചൊരിയുന്നതാണ്. പിന്നെ എനിക്കുവേണ്ടി വസീല: തേടുക. അത് സ്വർഗ്ഗത്തിലെ ഒരു പദവിയാണ്. അല്ലാഹുവിൻെറ അടിമകളിൽ പെട്ട ഒരടിമക്കല്ലാതെ അത് ലഭിക്കുകയില്ല. ആ അടിമ ഞാനാകാൻ

ഞാനാഗ്രഹിയ്ക്കുന്നു. ഏതൊരാൾ എനിക്കു വേണ്ടി അല്ലാഹുവിനോട് വസീല: തേടിയോ അന്ത്യനാളിൽ എൻെറ ശുപാർശ അവന്നുറച്ചു)

തന്നെക്കാൾ ഉയർന്നവരോടോ താഴ്ന്നവരോടോ പ്രാർഥനക്കപേക്ഷിക്കൽ മതത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഉയർന്നവരോടും താഴ്ന്നവരോടും പ്രാർഥിക്കാൻ അപേക്ഷിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഉമർ(റ) നെ ഉംറക്ക് യാത്രയാക്കവെ തിരുമേനി(സ) ഇങ്ങനെ പറഞ്ഞു: "എൻെറ സഹോദരാ, നിങ്ങളുടെ പ്രാർഥനയിൽ നമ്മെ മറക്കരുതേ...." എന്നാൽ നബി(സ)ക്ക് സ്വലാത്ത് ചൊരിയാനും അവിടുത്തേക്ക് വസീല: തേടാനും കൽപ്പിച്ചപ്പോഴും, അവിടത്തേക്കുള്ള ഒരു സ്വലാത്തിന്നു അല്ലാഹു അവൻെറ മേൽ പത്ത് തവണ അനുഗ്രഹിക്കുമെന്നുണർത്തിയപ്പോഴും നബി(സ) ക്ക് വേണ്ടി വസ്വീലത്ത് തേടിയവന്ന് അന്ത്യനാളിൽ തിരുമേനി(സ)ൻെറ ശുപാർശ ഉറപ്പായി എന്ന് പറഞ്ഞപ്പോഴും അത് നമ്മുടെ ഗുണത്തിന് വേണ്ടി അദ്ദേഹം നമ്മോടാവശ്യപ്പെടലായി. അപേക്ഷിക്കപ്പെട്ടവൻെറ ഗുണത്തിന്നു വേണ്ടി മറ്റൊരാളോട് ചോദിക്കലും തൻെറ സ്വന്തം ആവശ്യങ്ങൾ അയാളോട് നേരിട്ട് ചോദിക്കലും തമ്മിൽ വ്യത്യാസമുണ്ട്. നബി(സ), ഉവൈസുൽ ഖർനിയെ സംബന്ധിച്ച് ഉമർ(റ) നോട് പറഞ്ഞു: "നിനക്ക് വേണ്ടി അദ്ദേഹത്തെക്കൊണ്ട് മാപ്പിനപേക്ഷിപ്പിക്കാൻ സാധിച്ചാൽ അങ്ങനെ ചെയ്യുക."

ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു: അബൂബക്കർ (റ)ൻെറയും ഉമർ(റ)ൻെറയും ഇടയിൽ ഉണ്ടായ പ്രശ്നത്തിൽ അബൂബക്കർ(റ), ഉമർ(റ) നോട് പറഞ്ഞു: "എനിക്ക് വേണ്ടി നിങ്ങൾ മാപ്പിനപേക്ഷിക്കുക." അബൂബക്കർ(റ) ഉമർ(റ) നോട്

കോപിച്ചതായിരുന്നുവെന്ന് ഹദീസിൽ വന്നിട്ടുണ്ട്. ചില ജനങ്ങൾ മന്ത്രിക്കാനാവശ്യപ്പെട്ടതായും (രോഗശമനത്തിനായി പ്രാർഥിക്കാനാവശ്യപ്പെട്ടതായും) നബി(സ) അവർക്ക് മന്ത്രിച്ചു കൊടുത്തതായും സ്ഥിരപ്പെട്ടിട്ടുണ്ട്.

ജനങ്ങൾ, അവർക്ക് വരൾച്ച നേരിട്ടപ്പോൾ നബി(സ)യുടെ അടുക്കൽ വന്ന് അവർക്ക് വേണ്ടി മഴയെ തേടാനാവശ്യപ്പെട്ടു. അങ്ങനെ തിരുമേനി(സ) അവർക്കു വേണ്ടി അല്ലാഹുവോട് പ്രാർഥിക്കുകയും അപ്രകാരം മഴ വർഷിക്കുകയും ചെയ്തു. ബുഖാരിയിലും മുസ്‌ലിമിലും വീണ്ടും ഉദ്ധരിക്കുന്നു: അബ്ബാസ്(റ) നോട് ഉമർ(റ) മഴക്കു വേണ്ടി പ്രാർഥിക്കാനാവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹം പ്രാർഥിച്ചു. അദ്ദേഹം ഉമർ(റ) പറഞ്ഞു: “അല്ലാഹുവെ! ഞങ്ങൾക്ക് വരൾച്ച ബാധിച്ചപ്പോൾ ഞങ്ങളുടെ നബിയെ മുൻനിർത്തി പ്രാർഥിക്കുകയും ഞങ്ങൾക്ക് മഴ വർഷിക്കുകയും ചെയ്തിരുന്നു. (ഇപ്പോഴിതാ) ഞങ്ങളുടെ നബി(സ)യുടെ പിതൃവ്യനെ മുൻനിറുത്തിക്കൊണ്ട് ഞങ്ങൾ നിന്നോട് പ്രാർഥിക്കുന്നു. ഞങ്ങൾക്ക് മഴ വർഷിപ്പിച്ചു തരേണമേ!” അങ്ങനെ അവർക്ക് മഴ ലഭിച്ചു.

ഒരു ഗ്രാമീണൻ നബി(സ)യുടെ അടുത്തു വന്നു ആവശ്യപ്പെട്ട കാര്യവും ഹദീസുകളിൽ വന്നിട്ടുണ്ട്. (അയാൾ പറഞ്ഞു): ജീവിതം ബുദ്ധിമുട്ടിലായി, കുടുംബം വിശന്നു, സമ്പത്ത് നശിച്ചു, ഞങ്ങൾക്ക് വേണ്ടി അല്ലാഹുവോടു പ്രാർഥിച്ചാലും. അങ്ങയോട് അല്ലാഹുവിനെ മുൻനിർത്തി ഞങ്ങൾ ശുപാർശ തേടുന്നു; അങ്ങയെ മുൻ നിർത്തി അല്ലാഹുവിനോടും. അപ്പോൾ നബി(സ) തസ്ബീഹ് ചൊല്ലി. അവിടുത്തെ അനുചരന്മാരുടെ മുഖങ്ങളിൽ അതിൻെറ (ആ ഗൗരവ കാര്യത്തി

ൻെറ) അടയാളം ദൃശ്യമായി. അവിടുന്ന് പറഞ്ഞു: നിനക്കു നാശം! നിശ്ചയം അല്ലാഹു അവൻെറ സൃഷ്ടികളിൽ ആർക്കിടയിലും ശുപാർശ ചെയ്യപ്പെടുന്നവനായി വരികയില്ല. അല്ലാഹുവിൻെറ കാര്യം അതിനേക്കാളേറെ മഹത്തരമാണ്. "അങ്ങയെ മുൻ നിർത്തി അല്ലാഹുവോട് ഞങ്ങൾ ശുപാർശ തേടുന്നു" എന്ന വാക്ക് നബി(സ) അംഗീകരിക്കുകയും "അല്ലാഹുവെ മുൻ നിർത്തി അങ്ങോട് ശുപാർശ തേടുന്നു എന്നത് നിഷേധിക്കുകയും ചെയ്തു. കാരണം ശുപാർശ ചെയ്യുന്നവൻ ശുപാർശ ചെയ്യപ്പെടുന്നവനോട് ചോദിക്കുകയാണ് വേണ്ടത്. അടിമ അവൻെറ നാഥനോട് ചോദിക്കുകയും അവങ്കലേക്ക് ശുപാർശ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ അടിമയോട് ചോദിക്കുന്നതല്ല; അവനോട് ശുപാർശ സ്വീകരിക്കാനാവശ്യപ്പെടുകയുമില്ല.

❒

# അനുവദനീയമായ ഖബർ സന്ദർശനം

മയ്യിത്തിന് സലാം ചൊല്ലുക, മയ്യിത്തിന് വേണ്ടി പ്രാർത്ഥിക്കുക എന്നിവ മയ്യിത്ത് നമസ്കാരത്തിൻെറ പദവിയിലാണുള്ളത്. നബി(സ) തൻെറ അനുചരന്മാരെ, അവർ ഖബർ സന്ദർശിക്കുമ്പോൾ ഇങ്ങനെ പറയാനായി പഠിപ്പിച്ചിരുന്നു.

سلام عليكم اهل دار قوم مؤمنين، وإنا انشاء الله بكم لاحقون ، يرحم الله المستقدمين منا ومنكم والمستأخرين نسأل الله لنا ولكم العافية، اللهم لا تحرمنا اجرهم ولا تفتنا بعدهم

(സത്യവിശ്വാസികളായ ഖബറാളികളെ! നിങ്ങൾക്കല്ലാഹുവിൻെറ ശാന്തിയുണ്ടാവട്ടെ-അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളെ അനുഗമിക്കുന്നതാണ്. ഞങ്ങളുടെയും നിങ്ങളുടെയും മുൻഗാമികളിലും പിൻഗാമികളിലും പെട്ടവർക്ക് അല്ലാഹു കാരുണ്യം ചൊരിയട്ടെ-ഞങ്ങൾക്കും നിങ്ങൾക്കും അല്ലാഹു സൗഖ്യം നൽകട്ടെ-അല്ലാഹുവെ ഇവയുടെ പ്രതിഫലം ഞങ്ങൾക്കു നീ തടയരുതേ..! ഇവർക്ക് ശേഷം ഞങ്ങളെ നീ കഠിന പരീക്ഷണങ്ങൾക്കു വിധേയരാക്കരുതേ...!). നബി(സ) യിൽ നിന്നു ദ്ധരിക്കുന്നു: مامن رجل يمر بقبر رجل كان يعرفه في الدنيا فيسلم عليه الا رد الله عليه روحه حتى يرد عليه السلام

(ഇഹലോകത്ത് തനിക്ക് പരിചയമുണ്ടായിരുന്ന ഒരാളുടെ ഖബർ സന്ദർശിക്കുകയും അയാൾക്ക് സലാം ചൊല്ലുകയും ചെയ്താൽ (ആ) സലാം മടക്കാനായി അല്ലാഹു അദ്ദേഹത്തിൻെറ ആത്മാവിനെ തിരിച്ചു കൊടുക്കുന്നതാണ്).

സത്യവിശ്വാസിയുടെ മയ്യിത്തിന് വേണ്ടി പ്രാർഥിച്ചവന്ന് അല്ലാഹു പ്രതിഫലം നൽകുന്നതാണ്; മയ്യിത്ത് നമസ്കരിച്ചാൽ പ്രതിഫലം കിട്ടുന്നതുപോലെ. എന്നാൽ കപടവിശ്വാസികൾക്കു വേണ്ടി ഇങ്ങനെ ചെയ്യുന്നത് അല്ലാഹു നബി(സ) യോട് വിരോധിച്ചിരിക്കുന്നു. അല്ലാഹു പറഞ്ഞു: ولا تصل على احد منهم مات أبدا ولا تقم على قبره (നബിയെ) അവരിൽ നിന്ന് മരണപ്പെട്ടതായ ഒരാളുടെ പേരിലും നീ നമസ്കരിക്കുകയും ചെയ്യരുത്. അവൻെറ ഖബറിങ്കൽ നിൽക്കുകയും ചെയ്യരുത്- തൗബ:84).

അപ്പോൾ നിയമവിധേയമായ സന്ദർശനം ജീവിച്ചിരിക്കുന്നവൻെറ ആവശ്യപൂരണത്തിന് വേണ്ടിയല്ല. മരിച്ചവനോട് ചോദിക്കലും അവനെ മധ്യവർത്തിയാക്കലും പാടില്ല. എന്നാൽ അതിൽ ജീവിച്ചിരിക്കുന്നവൻ മരിച്ചവന്ന് ഉപകാരം ചെയ്യലുണ്ട്; അയാൾക്കു വേണ്ടി നമസ്കരിക്കുന്നതു പോലെ. ഇവൻെറ പ്രാർഥന കൊണ്ടും മയ്യിത്തിന് ഇവൻ ചെയ്യുന്ന ഗുണം കൊണ്ടും മയ്യിത്തിന് അല്ലാഹുവിൻെറ കാരുണ്യം ലഭിക്കും. ഈ പ്രവൃത്തി കൊണ്ട് ഇവന്ന് പ്രതിഫലം കിട്ടുകയും ചെയ്യും. നബി(സ) ൽ നിന്ന് സഹീഹായ ഹദീസിൽ ഇത് സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. തിരുമേനി(സ) പറഞ്ഞു:

اذا مات ابن آدم انقطع عمله الامن ثلاث: صدقة جارية، او علم ينتفع به من بعده، او ولد صالح يدعوله

(മനുഷ്യൻ മരിച്ചു കഴിഞ്ഞാൽ, നിരന്തരഫലം നൽകുന്ന ദാനം, ഉപകാരപ്രദമായ അറിവ്, തനിക്ക് വേണ്ടി പ്രാർഥിക്കുന്ന നല്ല സന്താനം എന്നീ മൂന്നല്ലാത്ത എല്ലാ കർമ്മങ്ങളും നിലച്ചു പോകുന്നതാണ്-മുസ്‌ലിം)

❒

# സഹായം ഉദ്ദേശിച്ചുള്ള ഖബർ സന്ദർശനം

നബി(സ) യുടെയോ മഹാൻെറയോ ഖബറിങ്കൽ ഒരാൾ വന്നാൽ അല്ലെങ്കിൽ നബിയെന്നോ മഹാനെന്നൊ ഒക്കെ വിശ്വസിക്കപ്പെടുന്നതും എന്നാൽ (യഥാർഥത്തിൽ) അത്തരത്തിൽ പെടാത്തതുമായ ഖബ്വറിങ്കൽ വന്നാൽ, (എന്നിട്ട്) ആ -ഖബറാളി-യോട് ചോദിക്കുകയും സഹായം തേടുകയും ചെയ്താൽ അത് മൂന്നു തരം പദവിക്കർഹമായി. ഒന്ന്:അവൻെറ ആവശ്യം ചോദിക്കുക എന്നതാണ് അത്. ഉദാഹരണമായി, തൻെറയോ തൻെറ മൃഗത്തിൻെറയോ രോഗം ഇല്ലാതാക്കാനോ, തൻെറ കടം വീടാനോ, തൻെറ ശത്രുവിനെ അതിജയിക്കാനോ, തനിക്കും തൻെറ കുടുംബത്തിന്നും തൻെറ മൃഗത്തിന്നും സൗഖ്യം വന്നുചേരാനോ അതുപോലുള്ള, അല്ലാഹുവിനെക്കൊണ്ടല്ലാതെ കഴിയാത്ത കാര്യങ്ങൾ ചോദിക്കലൊണത്. ഇത് വ്യക്തമായ ശിർക്കാണ്. ഇങ്ങനെ ചെയ്യുന്നവനോട് പശ്ചാത്തപിച്ചു മടങ്ങാൻ ആവശ്യപ്പെടൽ നിർബന്ധമാണ്. അവൻ പശ്ചാത്തപിച്ചാൽ അവനെ (ഒഴിവാക്കാം); ഇല്ലെങ്കിൽ അവൻ വധിക്കപ്പെടണം.

അയാൾ എന്നേക്കാളും അല്ലാഹുവിങ്കൽ ഏറ്റവും അടുത്ത ആളെന്ന നിലക്കും ഈ കാര്യത്തിൽ എനിക്കയാൾ ശുപാർശ ചെയ്യാൻ വേണ്ടിയുമാണ് ഞാനയളോട് ചോദിച്ചത്, ഭരണാധികാരിയിലേക്ക് അയാളുടെ പ്രത്യേക ആളുകളെക്കൊണ്ടും സഹായികളെക്കൊണ്ടും ഇട തേടുന്നത് പോലെയാണ് ഞാൻ അല്ലാഹുവിലേക്ക് ഇടതേടിയത് എന്നൊക്കെ അവൻ പറഞ്ഞാൽ അപ്പോഴത് ക്രിസ്ത്യാനികളുടെയും ബഹുദൈവാരാധകരുടെയും കർമ്മങ്ങളിൽ പെട്ടതായി. അവർ അവരുടെ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും ശുപാർശക്കാരാക്കുകയും തങ്ങളുടെ ആവശ്യങ്ങൾക്ക് ആ ആളുകൾ ശുപാർശ ചെയ്യുന്നു എന്നവർ ജൽപ്പിക്കുകയും ചെയ്യുന്നു. അപ്രകാരം ബഹുദൈവാരാധകർ പറഞ്ഞതായി അല്ലാഹു പറയുന്നു: ما نعبدهم إلا ليقربونا الى الله زلفى (അല്ലാഹുവിങ്കലേക്ക് ഞങ്ങളെ (ശരിയായ) ഒരു അടുപ്പം അവർ അടുപ്പിച്ചു തരുവാൻ വേണ്ടിയല്ലാതെ, ഞങ്ങൾ അവരെ ആരാധിക്കുന്നില്ല-സുമർ:3). അല്ലാഹു പറയുന്നു: ام اتخذوا من دون الله شفعاء قل اولو كانوا لا يملكون شيئا ولا يعقلون قل لله الشفعة جميعا له ملك السموات والارض ثم اليه ترجعون

(അതല്ല, അല്ലാഹുവിന്നു പുറമെ വല്ല ശുപാർശകരെയും അവർ ഏർപ്പെടുത്തിയിരിക്കുന്നുവോ! പറയുക: അവർ (ആ ശുപാർശക്കാർ) യാതൊന്നും അധീനമാക്കുന്നുമില്ല, (ബുദ്ധി കൊണ്ട്) മനസ്സിലാക്കുന്നുമില്ല; എന്നിരുന്നാൽ പോലും? (എന്നാലും അവരെ ശുപാർശകരായി സ്വീകരിക്കുകയോ?) പറയുക: അല്ലാഹുവിനാണ് ശുപാർശ മുഴുവനും. (അവൻെറ ഹിതമനുസരിച്ചേ

അത് നടക്കു...) ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധി പത്യം അവന്നാകുന്നു. പിന്നീട് അവനിലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു-സുമർ:43, 44). അല്ലാഹു പറയുന്നു:

الله الذي خلق السمٰوات والارض وما بينهما في ستة ايام ثم استوىٰ على العرش مالكم من دونه من ولي ولا شفيع افلا تتذكرون

(ആകാശങ്ങളും ഭൂമിയും അവ രണ്ടിനുമിടയിലുള്ളതും ആറു ദിവസങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളവനത്രെ അല്ലാഹു. പിന്നീടവൻ 'അർശി' ൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തു. അവനു പുറമെ നിങ്ങൾക്ക് ഒരു കൈകാര്യകർത്താവാകട്ടെ ശുപാർശകനാകട്ടെ ഇല്ല. എന്നിരിക്കെ നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?-സജദ:4). അല്ലാഹു പറയുന്നു: من ذالذي يشفع عنده الا باذنه (അവൻെറ അനുവാദ പ്രകാരമല്ലാതെ അവൻെറ അടുക്കൽ ശുപാർശ ചെയ്യുന്നവനാരുണ്ട്? (ആരുമില്ല)-ബഖറ: 255). അങ്ങനെ അല്ലാഹുവിന്നും അവൻെറ സൃഷ്ടികൾക്കും ഇടയിലുള്ള വ്യത്യാസം അവൻ വ്യക്തമാക്കി.

ജനങ്ങളിലെ ഏറ്റവും വലിയ മഹാന്മാരിലേക്ക് ആദരണീയരായവരെ ശുപാർശകരാക്കുന്ന പതിവ് ജനങ്ങൾക്കുണ്ട്. അങ്ങനെ ആ ശുപാർശകൻ അയാളോട് (ആ വലിയ മഹാനോട്) ചോദിക്കും. അങ്ങനെ അവൻെറ ആവശ്യം സാധിപ്പിച്ചു കൊടുക്കും. ഒരു പക്ഷെ (ഈ സാധിപ്പിച്ചു കൊടുക്കൽ) മോഹത്താലോ ഭയത്താലോ ലജ്ജയാലോ സ്നേഹത്താലോ അതല്ലാത്ത മറ്റു വല്ല നിലക്കോ ആവാം. യഥാർഥത്തിൽ അല്ലാഹുവിൻെറ അടുക്കൽ ശുപാർകന് അവൻ സമ്മതം കൊടു

ക്കുന്നത് വരെ ഒരാളും ശുപാർശ ചെയ്യുകയില്ല. അവൻ ഉദ്ദേശിച്ചതല്ലാതെ അവൻ ചെയ്യുകയുമില്ല. ശുപാർശകൻെറ ശുപാർശ അവൻെറ സമ്മതത്തോടു കൂടി മാത്രം. അപ്പോൾ എല്ലാ അധികാരവും അവന്നു (അല്ലാഹുവിന്ന്) മാത്രമാണ്.

ഈ വിഷയത്തിൽ, നബി(സ) പറഞ്ഞത് അബൂഹുറൈറ(റ)യിൽ നിന്ന് ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. لا يقولون احدكم اللهم اغفرلي ان شئت، اللهم ارحمني ان شئت ولكن ليعزم المسألة فإن الله لا مكره له

(അല്ലാഹുവെ, നീ ഉദ്ദേശിച്ചാൽ എനിക്ക് പൊറുത്തു തരേണമേ...അല്ലാഹുവെ, നീ ഉദ്ദേശിച്ചാൽ എനിക്ക് കരുണ ചൊരിയേണമേ എന്ന് നിങ്ങളിൽ ഒരാളും പറഞ്ഞു പോവരുത്. എന്നാൽ അവൻ ദൃഢനിശ്ചയത്തോടെ ചോദിച്ചു കൊള്ളട്ടെ. അല്ലാഹുവിനോട് നിർബന്ധിപ്പിക്കലില്ല).

അപ്പോൾ അല്ലാഹു ഉദ്ദേശിച്ചത് അവൻ പ്രവർത്തിക്കുമെന്നും താൻ തിരഞ്ഞെടുക്കുന്നതിൽ അവനെ നിർബന്ധിപ്പിക്കാൻ ആർക്കുമാവില്ല എന്നും വ്യക്തമായി; ശുപാർശക്കാരൻ ശുപാർശ ചെയ്യപ്പെടുന്നവനോട് നിർബന്ധിപ്പിക്കുന്നത്പോലെ, ആവശ്യക്കാരൻ ചോദിക്കപ്പെടുന്നവനോട്ചോദിച്ചു വിഷമിപ്പിക്കുമ്പോൾ നിർബന്ധിതനാവുന്നതു പോലെയും.

അപ്പോൾ ആഗ്രഹം അല്ലാഹുവിലേക്കായിരിക്കൽ നിർബന്ധമായി. അല്ലാഹു പറഞ്ഞതുപോലെ:. فإذا فرغت فانصب. والى ربك فارغب (ആകയാൽ നിനക്കു ഒഴിവു കിട്ടിയാൽ നീ അദ്ധ്വാനിച്ചു കൊള്ളുക. നിൻെറ രക്ഷിതാവിലേക്കു തന്നെ നീ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുക-ഇൻശിറാഹ്: 7,8). അല്ലാ

ഹുവിനോടുള്ള ഭയമുണ്ടാവുകയും വേണം. അല്ലാഹു പറഞ്ഞതു പോലെ: وإياي فارهبون (എന്നെ മാത്രം ഭയപ്പെടുകയും ചെയ്യുവിൻ:-ബഖറ:40). അല്ലാഹു പറയുന്നു: فلا تخشوا الناس واخشون (അതിനാൽ നിങ്ങൾ മനുഷ്യരെ പേടിക്കരുത്. എന്നെ പേടിക്കുകയും ചെയ്യുവിൻ-മാഇദ:44)

പ്രാർഥനയിൽ നബി(സ)യുടെ മേൽ സ്വലാത്ത് ചൊരിയാൻ നമ്മോടു കൽപ്പിക്കുകയും നമ്മുടെ ഈ പ്രാർഥനക്ക് ഉത്തരം കിട്ടാൻ അത് കാരണമാക്കുകയും ചെയ്തിട്ടുണ്ട്.

വഴി പിഴച്ച കുറെ ആളുകൾ പറഞ്ഞു: "ഇവൻ അല്ലാഹുവിനോട് എന്നെക്കാൾ ഏറ്റവും അടുത്തവനാണ് (അടുത്തതാണ്). ഞാനാവട്ടെ ഈ മധ്യവർത്തിയിലൂടെയല്ലാതെ അല്ലാഹുവിനോട് പ്രാർഥിക്കാൻ സാധ്യമാവാത്ത വിധം അല്ലാഹുവിൽ നിന്ന് വളരെ വിദൂരമായവനുമാണ്." ഇതൊക്കെ ബഹുദൈവാരാധകരായ ആളുകളുടെ വാക്കുകളിൽ പെട്ടതാണ്. അല്ലാഹു പറയുന്നു: وإذا سألك عبادي عني فإني قريب أجيب دعوة الداع إذا دعان (നബിയെ) എൻെറ അടിയാന്മാർ എന്നെപ്പറ്റി നിന്നോട് ചോദിച്ചാൽ, നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു (എന്ന് പറയുക). എന്നെ വിളി(ച്ചു പ്രാർഥി)ക്കുന്നതായാൽ വിളി(ച്ചു പ്രാർഥി)ക്കുന്നവൻെറ വിളിക്ക് ഞാനുത്തരം നൽകുന്നതാണ്-ബഖറ: 186).

ഹദീസിൽ വന്നിരിക്കുന്നു: സഹാബാക്കൾ ചോദിച്ചു: "അല്ലാഹുവിൻെറ റസൂലെ, ഞങ്ങളുടെ റബ്ബ് സമീപസ്ഥനാണോ ഞങ്ങൾക്കവനോട് രഹസ്യ സംഭാഷണം നടത്താൻ? അതോ അവൻ വിദൂരനാണോ ഞങ്ങൾക്കവനെ (ഉച്ചത്തിൽ) വിളി

ച്ചു പ്രാർഥിക്കാൻ?" അപ്പോഴാണ് അല്ലാഹു മേൽ സൂക്തമിറക്കിയത്.

സ്വീകാര്യമായ ഹദീസിൽ (ഇങ്ങനെ കാണാം) അവർ (സ്വഹാബാക്കൾ) യാത്രയിലായിരുന്നു. അവർ ഉറക്കെ തക്ബീർ ചൊല്ലി. അപ്പോൾ നബി(സ) അവരോട് പറഞ്ഞു:

يا ايها الناس اربعوا على أنفسكم فإنكم لا تدعون اصم ولا غائبا بل تدعون سميعا قريبا. إن الذي تدعونه اقرب الى احدكم من عنق راحلته

(ജനങ്ങളെ നിങ്ങൾ സ്വയം മിതത്വം പാലിക്കുക. എന്തെന്നാൽ ഒരു ബധിരനെയോ അദൃശ്യനെയോ അല്ല നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നത്. പ്രത്യുത, കേൾക്കുന്നവനായ സമീപസ്ഥനെയാണ്. നിങ്ങളുടെ യാത്രാമൃഗത്തിൻെറ പിരടിയോട് നിങ്ങൾ എത്ര അടുത്തിരിക്കുന്നുവോ അതിനേക്കാൾ നിങ്ങളോടടുത്തവനാണ് നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവൻ).

അല്ലാഹുവിന്ന് നമസ്കരിക്കുവാനും അവനുമായി അഭിമുഖ സംഭാഷണത്തിലേർപ്പെടാനും എല്ലാ അടിമകളോടും അല്ലാഹു കൽപ്പിച്ചു. അവരോടെല്ലാം اياك نعبد واياك نستعين (നിന്നെ മാത്രമാണ് ഞങ്ങൾ ആരാധിക്കുന്നത്. നിന്നോട് മാത്രമാണ് ഞങ്ങൾ സഹായം തേടുന്നത്-ഫാതിഹ: ) എന്ന് പറയാനും അവൻ കൽപ്പിച്ചു.

ബഹുദൈവാരാധകർ പറയുന്നതായി അല്ലാഹു പറയുന്നു: ما نعبدهم إلى ليقربونا الى الله زلفى (അല്ലാഹുവിങ്കലേക്ക് ഞങ്ങളെ (ശരിയായ) ഒരു അടുപ്പം അവർ അടുപ്പിച്ചു തരുവാൻ വേണ്ടിയല്ലാതെ ഞങ്ങൾ അവരെ ആരാ

ധിക്കുന്നില്ല - സുമർ : 3)

പിന്നെ ഈ മുശ്രിക്കിനോട് ചോദിക്കണം: നീ ഇവരെ വിളിച്ചു പ്രാർഥിച്ചാൽ ഇവർ നിൻെറ അവസ്ഥ അറിയുന്നവരാണെന്നും നീ ചോദിച്ചത് തരാൻ കഴിവുള്ളവരാണെന്നും അല്ലെങ്കിൽ നിന്നോട് കരുണ കാണിക്കുന്നവരാണെന്നും നീ കരുതുന്നുണ്ടോ? എന്നാൽ ഇത് അറിവില്ലായ്മയും വഴികേടും അവിശ്വാസവുമാണ്.

നിശ്ചയം അല്ലാഹുവാണ് ഏറ്റവും അറിയുന്നവനും ഏറ്റവും കഴിവുള്ളവനും ഏറ്റവും കരുണ്യമുള്ളവനും എന്ന് നീ അറിയുന്നുവെങ്കിൽ പിന്നെയെന്തിനാണ് നീ അവനോട് (അല്ലാഹുവോട്) ചോദിക്കാതെ മറ്റുള്ളവരോട് ചോദിച്ചത്? ബുഖാരിയിലും മറ്റും ജാബിർ(റ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തത് നീ കേട്ടിട്ടില്ലേ......അദ്ദേഹം പറഞ്ഞു

كان رسول الله (ص) يعلمنا الاستخارة في الامور. كما يعلمنا السورة من القرآن، يقول: اذاهم احدكم بأمر فليركع ركعتين من غير الفريضة ، ثم ليقل: اللهم اني استخيرك بعلمك ، واستقدرك بقدرتك، واسألك من فضلك العظيم، فإنك تقدر ولا اقدر ، وتعلم ولا اعلم، وانت علام الغيوب ، اللهم ان كنت تعلم ان هذا الامر خيرلي في ديني ومعاشي وعاقبة أمري، فاقدره لي ويسره لي ثم بارك لي فيه، وان كنت تعلم ان هذا الامر شرلي في ديني ومعاشي، وعاقبة امري، فاصرفه عني، واصرفني عنه واقدر لي الخير حيث كان ،ثم ارضني به - قال ويسمي حاجته.

(ഖുർആനിലെ അദ്ധ്യായം പഠിപ്പിച്ചു തരുന്നത് പോലെ എല്ലാ കാര്യത്തിലും നന്മ തേടേണ്ട ക്രമം നബി(സ) ഞങ്ങൾക്ക് പഠിപ്പി

ച്ചു തന്നിരുന്നു. തിരുമേനി (സ) ഇങ്ങനെ പറഞ്ഞു: നിങ്ങളിലൊരാൾ ഒരു കാര്യത്തിനുദ്ദേശിച്ചാൽ നിർബന്ധമല്ലാത്ത രണ്ടു റക്അത്ത് നമസ്കരിക്കട്ടെ. എന്നിട്ടിപ്രകാരം പ്രാർഥിക്കട്ടെ:

"അല്ലാഹുവെ, ഞാൻ നിന്റെ അറിവ് കൊണ്ട് നന്മ ഏതെന്ന് നിന്നോട് ചോദിക്കുന്നു. നിന്റെ കഴിവ് കൊണ്ട് നിന്നോട് കഴിവ് ചോദിക്കുകയും ചെയ്യുന്നു. നിന്റെ മഹത്തായ അനുഗ്രഹത്തിൽ നിന്ന് ഞാൻ ചോദിക്കുന്നു. നീ ഏറ്റവും കഴിവുള്ളവനല്ലോ; ഞാനോ കഴിവില്ലാത്തവനും. നീ അറിയുന്നു; ഞാനാവട്ടെ നന്നായി അറിയാത്തവനും. നീ അദൃശ്യ ജ്ഞാനം കൂടി അറിയുന്നവനല്ലോ. അല്ലാഹുവെ! എന്റെ ഈ കാര്യം എന്റെ ദീനിലും ഉപജീവനത്തിലും കാര്യത്തിന്റെ അന്ത്യത്തിലും ഗുണകരമെന്ന് നീ അറിയുന്നുവെങ്കിൽ അതെനിക്കു സാധിപ്പിച്ചു തരേണമേ.... അതിനുള്ള മാർഗ്ഗം എളുപ്പമാക്കുകയും അതിൽ നീ അനുഗ്രഹിക്കുകയും ചെയ്യേണമേ....... അതല്ല എന്റെ ദീനിലും ഉപജീവനത്തിലും കാര്യത്തിന്റെ പരിസമാപ്തിയിലും ദോഷകരമാണെന്നാണ് നീ അറിയുന്നതെങ്കിൽ എന്നിൽ നിന്ന് അതകറ്റുകയും എന്നെ അതിൽ നിന്നകറ്റുകയും നന്മ എവിടെയായിരുന്നാലും അതെനിക്ക് നിർണ്ണയിച്ചു തരികയും എന്നെ അതിൽ, സംതൃപ്തനാക്കുകയും ചെയ്യേണമേ....." അവിടുന്ന് പറഞ്ഞു: അവന്റെ ആവശ്യം അതോടൊപ്പം പറയുകയും ചെയ്യട്ടെ- ബുഖാരി) നിന്റെ അറിവ് കൊണ്ട് നന്മ ഏതെന്ന് നിന്നോട് ചോദിക്കുന്നു. നിന്റെ കഴിവ് കൊണ്ട് നിന്നോട് ഞാൻ കഴിവ് ചോദിക്കുന്നു. നിന്റെ മഹത്തായ അനുഗ്രഹത്തിൽ നിന്ന് ഞാൻ ചോദിക്കുന്നു എന്ന് പറയാൻ അടിമയോട് കൽപ്പിക്കപ്പെട്ടിരിക്കുന്നു.

ഇനിയവൻ നിന്നേക്കാൾ അല്ലാഹുവിനോട് ഏറ്റവും അടുത്തവനും അല്ലാഹുവിങ്കൽ നിന്നേക്കാൾ ഉയർന്ന പദവിയിലുള്ളവനുമാണെന്ന് നീ അറിയുന്നുവെങ്കിൽ അത് സത്യം തന്നെ. പക്ഷെ അസത്യം ഉദ്ദേശിച്ചുകൊണ്ടുള്ള സത്യമൊഴിയാണത്. എന്ത് കൊണ്ടെന്നാൽ, അവൻ നിന്നേക്കാൾ അല്ലാഹുവിനോടടുത്തവനും സ്ഥാനത്തിൽ നിന്നേക്കാൾ ഉയർന്നവനുമാണെങ്കിൽ അവന്ന് നിനക്കു തരുന്നതിനേക്കാൾ കൂടുതൽ നൽകുകയും കൂടുതൽ പ്രതിഫലം ലഭിക്കുകയും ചെയ്യും എന്നാണതിന്നർഥം. നീ അല്ലാഹുവിനോട് വിളിച്ചു പ്രാർഥിച്ചാൽ സാധിക്കുന്നതിനേക്കാൾ മെച്ചമായി നിൻെറ ആവശ്യം അയാളോട് പ്രാർഥിച്ചാൽ അല്ലാഹു പൂർത്തീകരിച്ചു തരുമെന്നല്ല ഇതിന്നർഥം. എന്നാൽ നീ ശിക്ഷക്കും പ്രാർഥന തിരസ്കരിക്കപ്പെടാനും അർഹനാണെങ്കിൽ- ഉദാഹരണമായി, അക്രമത്തിൻെറ പേരിൽ -അപ്പോൾ നബിയും സജ്ജനങ്ങളും അല്ലാഹു വെറുത്ത കാര്യത്തിൽ നിന്നെ സഹായിക്കുകയില്ല. അല്ലാഹു കോപിച്ച കാര്യത്തിൽ അവർ പരിശ്രമിക്കുകയുമില്ല. ഇനി ഇപ്രകാരമല്ലെങ്കിലോ സ്വീകാര്യത കൊണ്ടും കാരുണ്യം കൊണ്ടും അല്ലാഹുവാണ് ഏറ്റവും നല്ലവൻ.

❑

## ജീവിച്ചിരിക്കുന്നവരോടും മരിച്ചവരോടും പ്രാർഥിക്കൽ

അല്ലാഹുവോട് അവർ പ്രാർഥിച്ചാൽ ഞാൻ പ്രാർഥിക്കുന്നതിനേക്കാൾ ഉത്തമമായി ഉത്തരം ലഭിക്കുമെന്നാണ് നീ പറയുന്നതെങ്കിൽ അപ്പോഴതാണ് രണ്ടാമത്തേത് (മൂന്ന് പദവികളുണ്ടെന്ന് നേരത്തെ പറഞ്ഞുവല്ലോ. അതിൽ രണ്ടാമത്തേത്)

(അല്ലാഹുവിനോടല്ലാതെ) ഒരാളോട് ഒരു കാര്യം സാധിപ്പിച്ചു തരാൻ ആവശ്യപ്പെടാതിരിക്കുക.( അല്ലാഹുവിനോടല്ലാതെ) ഒരാളോട് പ്രാർഥിക്കാതിരിക്കുക. (എന്നീ നിലപാടുകളാണത്.) എന്നാൽ നിനക്ക് വേണ്ടി പ്രാർഥിക്കാൻ മറ്റൊരാളോട് അപേക്ഷിക്കാം; ജീവിച്ചിരിക്കുന്നവരോട് പറയുന്നതുപോലെ. ''എനിക്കു വേണ്ടി പ്രാർഥിക്കൂ...'' അല്ലാഹു അനുഗ്രഹം ചൊരിഞ്ഞ സ്വഹാബാക്കൾ അപ്രകാരമായിരുന്നല്ലോ. അവർ നബി (സ)യോട് പ്രാർഥിക്കാനാവശ്യപ്പെട്ടിരുന്നു. ജീവിച്ചിരിക്കുന്നവരോട് ഇപ്രകാരം ചെയ്യൽ അനുവദനീയമാണ്. എന്നാൽ മരിച്ചുപോയ നബിമാരോ സജ്ജനങ്ങളോ മറ്റോ ആയവരോട് "ഞങ്ങൾക്കു വേണ്ടി പ്രാർഥിക്കൂ...., നിന്റെ റബ്ബിനോട് ഞങ്ങൾ ചോദിക്കുന്നില്ല." എന്ന് പറഞ്ഞു കൂടാ. സ്വഹാബികളിൽ നിന്നോ പിൻഗാമികളിൽ നിന്നോ ഒരാളും ഇങ്ങനെ ചെയ്തിട്ടില്ല. ഇമാ

മുകളിലാരും ഇങ്ങനെ കല്പിച്ചിട്ടുമില്ല. ഇത്തരത്തിൽ ഒരു ഹദീസും ഉദ്ധരിക്കപ്പെട്ടില്ല. മറിച്ച് സ്ഥിരപ്പെട്ട ഒരു ഹദീസ് വന്നത്, ഉമർ(റ)ൻെറ കാലത്ത് വരൾച്ച ബാധിച്ചപ്പോൾ അബ്ബാസ്(റ) നെക്കൊണ്ട് മഴക്ക് തേടിയതാണ്. അദ്ദേഹം പറഞ്ഞു: "അല്ലാഹുവെ, ഞങ്ങൾക്കു വരൾച്ച ബാധിച്ചപ്പോൾ ഞങ്ങളുടെ നബിയെക്കൊണ്ട് ഞങ്ങൾ നിന്നോട് ഇടതേടുകയും ഞങ്ങൾക്കു നീ മഴ വർഷിപ്പിച്ചു തരികയും ചെയ്തിരുന്നുവല്ലോ... (ഇപ്പോൾ) ഞങ്ങളിതാ നബി(സ)യുടെ പിതൃവ്യനെക്കൊണ്ട് നിന്നിലേക്ക് ഞങ്ങൾ ഇടതേടുന്നു. ഞങ്ങൾക്കു മഴ വർഷിപ്പിച്ചു തരേണമേ...." അങ്ങനെ മഴ വർഷിക്കുകയും ചെയ്തു. അവരാരും നബി(സ)യുടെ ഖബറിന്നടുത്ത് വന്ന് "അല്ലാഹുവിൻെറ റസൂലേ..., ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കൂ...., ഞങ്ങൾക്കു മഴ വർഷിപ്പിച്ചു തരൂ.... ഞങ്ങളുടെ കഷ്ടപ്പാടുകളെപ്പറ്റി ഞങ്ങളങ്ങയോട് പരാതിപ്പെടുന്നു......" എന്നിങ്ങനെ പറഞ്ഞിരുന്നില്ല. സ്വഹാബികളിൽ നിന്ന് ഒരാളും ഇപ്രകാരം ചെയ്തിട്ടുമില്ല.

പ്രത്യുത, അല്ലാഹുവിൽ നിന്ന് അത് സംബന്ധമായി (യാതൊരു) തെളിവും ഇറങ്ങാത്ത ബിദ്അത്താണത്. എന്നാൽ അവർ നബി(സ)യുടെ ഖബറിന്നടുത്ത് വന്ന് സലാം ചൊല്ലിയിരുന്നു. പ്രാർഥിക്കാനുദ്ദേശിച്ചാൽ വിശുദ്ധ ഖബറിന് നേരെ തിരിഞ്ഞു പ്രാർഥിക്കാത്തവരുമായിരുന്നു. എന്നാൽ അവിടെ നിന്ന് തിരിഞ്ഞ് ഖിബ്ലയെ അഭിമുഖീകരിക്കുകയും മറ്റു സന്ദർഭങ്ങളിലെ അവരുടെ പ്രാർഥനപോലെ യാതൊരു പങ്കുകാരനുമില്ലാത്ത ഏകനായ അല്ലാഹുവിനോട് പ്രാർഥിക്കുന്നവരുമായിരുന്നു അവർ.

"موطأ" ലും മറ്റും നബി(സ) പറഞ്ഞതായി വന്നിട്ടുണ്ട്.

اللهم لا تجعل قبري وثنا يعبد ، اشتد غضب الله على قوم اتخذوا قبور انبيائهم مساجد

(അല്ലാഹുവെ, എൻെറ ഖബറിനെ ആരാധിക്കപ്പെടുന്ന വിഗ്രഹമാക്കി മാറ്ററുതേ... തങ്ങളുടെ പ്രവാചകന്മാരുടെ ഖബറുകളെ ആരാധനാ സ്ഥലമാക്കിയ സമൂഹത്തോട് അല്ലാഹു കഠിനമായി കോപിച്ചിരിക്കുന്നു.)

നബി(സ) പറഞ്ഞതായി ഹദീസിൽ വന്നിരിക്കുന്നു:

لا تتخذوا قبرى عيدا ، وصلوا علي حيثما كنتم ، فإن صلاتكم تبلغني

(എൻെറ ഖബറിനെ നിങ്ങൾ ഉത്സവ(സ്ഥല) മാക്കരുത്. നിങ്ങളെവിടെയായാലും എനിക്ക് സ്വലാത്ത് ചൊല്ലുക. അപ്പോൾ നിങ്ങളുടെ സ്വലാത്തെനിക്കെത്തിച്ചേരുന്നതാണ്).

അവിടുന്ന് അന്ത്യയാത്ര പോയ ആ രോഗത്തിലായിരിക്കെ, തിരുമേനി (സ) പറഞ്ഞതായി സ്വഹീഹായി വന്നിട്ടുണ്ട്.

لعن الله اليهود والنصارى اتخذوا قبور انبيائهم مساجد

(ജൂതരെയും ക്രിസ്ത്യാനികളെയും അല്ലാഹു ശപിച്ചിരിക്കുന്നു. അവരുടെ നബിമാരുടെ ഖബറുകളെ അവർ ആരാധനാ സ്ഥലമാക്കി മാറ്റി).

അവരുടെ ചെയ്തികളെ പറ്റി. (പ്രവാചകൻ(സ)) മുന്നറിയിപ്പു തരുകയാണ്. ആയിശ(റ) പറഞ്ഞു: അങ്ങനെയല്ലായിരുന്നെങ്കിൽ (നബി(സ) അങ്ങനെ പറഞ്ഞിട്ടില്ലായിരുന്നെങ്കിൽ) തിരുമേനി (സ)യുടെ ഖബർ പ്രത്യക്ഷത്തിലാക്കുമായിരുന്നു.

എന്നാൽ അവിടുന്ന്, അത് ആരാധനാ സ്ഥലമാക്കുന്നത് വെറുത്തു.

മുസ്‌ലിം, സ്വഹീഹായി റിപ്പോർട്ടു ചെയ്ത ഒരു ഹദീസിൽ, മരിക്കുന്നതിൻെറ അഞ്ച് ദിവസം മുമ്പ് നബി(സ) പറഞ്ഞു: ان من كان قبلكم كانوا يتخذون القبور مساجد ، الا فلا تتخذوا القبور مساجد ، فإني انهاكم عن ذلك (നിങ്ങൾക്കു മുമ്പുള്ളവർ (വിഭാഗക്കാർ) ഖബറുകളെ ആരാധനാസ്ഥലമാക്കിയിരുന്നു. അറിയുക. നിങ്ങൾ ഖബറുകളെ ആരാധനാ സ്ഥലമാക്കരുത്. തീർച്ചയായും നിങ്ങളെ ഞാനതിൽ നിന്ന് തടയുന്നു.) നബി (സ) പറഞ്ഞതായി അബൂദാവൂദ് റിപ്പോർട്ട് ചെയ്യുന്നു: لعن الله زوارات القبور، والمتخذين عليها المساجد والسرج (ഖബറുകൾ സന്ദർശിക്കുന്നത് ശീലമാക്കിയ സ്ത്രീകളെയും അതിൻമേൽ ആരാധനാലയങ്ങൾ പണിയുന്നവരെയും അവിടെ ദീപം തെളിക്കുന്നവരെയും അല്ലാഹു ശപിച്ചിരിക്കുന്നു.)

ഇത് കൊണ്ടാണ് ഖബറിൻമേൽ പള്ളി പണിയുന്നത് അനുവദനീയമല്ല എന്ന് നമ്മുടെ പണ്ഡിതന്മാർ പറഞ്ഞത്. അവർ പറഞ്ഞു: ഖബറിന്ന് നേർച്ചയാക്കാൻ പാടില്ലാത്തതാകുന്നു. ഖബറിനെ ചുറ്റിപ്പറ്റി കൂടുന്നവർക്കും യാതൊന്നും നൽകാവതല്ല. പണമോ എണ്ണയോ മെഴുകുതിരിയോ മൃഗമോ മറ്റോ ഒന്നും നൽകികൂടാ. ഇവയെല്ലാം കുറ്റകരമായ നേർച്ചയാണ്.

നബി(സ) പറയുന്നു:، من نذر ان يطيع الله فليطعه ومن نذر ان يعصي الله فلا يعصه (അല്ലാഹുവിനെ അനുസരിക്കുന്ന കാര്യത്തിൽ വല്ലവനും നേർച്ചയാക്കിയാൽ അവനത് പാലിക്കട്ടെ. അല്ലാഹുവിനെ ധിക്കരി

ക്കുന്ന കാര്യത്തിൽ വല്ലവനും നേർച്ചയാക്കിയാൽ അത് പാലി ക്കേണ്ടതില്ല.)

നേർച്ചയാക്കിയവന്ന് പ്രായശ്ചിത്തമുണ്ടോ ഇല്ലേ എന്ന കാര്യത്തിൽ പണ്ഡിതന്മാർ വ്യത്യസ്താഭിപ്രായക്കാരാണ്. പൂർവ്വീകരായ ഇമാമുകളാരും, ഖബറുകളുടെ അടുത്തോ ജാറത്തി ങ്കലോ നമസ്കരിക്കൽ സുന്നത്താണെന്നോ പുണ്യകരമാണെ ന്നോ പറഞ്ഞിട്ടില്ല. മറ്റുള്ള സ്ഥലങ്ങളെ അപേക്ഷിച്ച് അവിടെ വെച്ചുള്ള നമസ്കാരമോ പ്രാർഥനകളോ ശ്രേഷ്ഠതരമാണെന്നും പറഞ്ഞിട്ടില്ല. എന്നാൽ പള്ളികളിലോ വീടുകളിലോ വെച്ചുള്ള നമസ്കാരമാണ് ഖബറിന്നടുത്തു വെച്ചുള്ള നമസ്കാര ത്തെക്കാൾ ഉത്തമമെന്ന കാര്യത്തിൽ അവരെല്ലാവരും ഏകാഭി പ്രായക്കാരാണ് താനും. പ്രസ്തുത ഖബറുകൾ നബിമാരുടെ തോ സച്ചരിതരുടേതോ ആയാലും, അതിന് സ്മാരകമെന്നോ മ റ്റോ പേര് പറഞ്ഞാലും ഇല്ലെങ്കിലും ശരി.

സ്മാരകങ്ങളിലല്ലാതെ പള്ളികളിൽ അല്ലാഹുവും അവ ൻെറ റസൂലും പല കാര്യങ്ങളും നിയമമാക്കിയിരിക്കുന്നു.

ومن اظلم ممن منع مسٰجد الله ان يذكر فيها اسمه وسعىٰ في خرابها

(അല്ലാഹുവിൻെറ പള്ളികളിൽ അവൻെറ നാമം പ്രകീർത്തിക്ക പ്പെടുന്നതിന്ന് തടസ്സമുണ്ടാക്കുകയും അവയുടെ -പള്ളികളു ടെ- തകർച്ചക്കായി ശ്രമിക്കുകയും ചെയ്തവനെക്കാൾ വലിയ അതിക്രമകാരി ആരുണ്ട്? -ബഖറ : 114)

അവിടെ സ്മാരകം എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. അല്ലാഹു പറയുന്നു: وانتم عاكفون في المساجد (എന്നാൽ

നിങ്ങൾ പള്ളികളിൽ (നിന്ന് വിട്ടുപോവാതെ) ഭജനമിരിക്കു മ്പോൾ -ബഖറ-187) സ്മാരകത്തിൽ എന്ന് പറഞ്ഞില്ല. അല്ലാഹു പറയുന്നു: قل امر ربي بالقسط واقيموا وجوهكم عند كل مسجد (പറയുക: എൻെറ രക്ഷിതാവ് നീതി പാലിക്കുവാനാണ് കല്പിച്ചിട്ടുള്ളത്. എല്ലാ നമസ്ക്കാര സ്ഥാനത്തിങ്കലും( എല്ലാ ആരാധനാലയങ്ങളിലും) നിങ്ങളുടെ മുഖങ്ങളെ നേരെ (അവനി ലേക്ക് തിരിച്ചു) നിർത്തുകയും ചെയ്യുവിൻ എന്നും - അഅ്റാഫ്-29)

അല്ലാഹു പറയുന്നു: انما يعمر مسٰجد الله مَن آمن بالله واليوم الآخر واقام الصلوٰة وءاتى الزكوٰة ولم يخش الا الله فعسىٰ اولئك ان يكونوا من المهتدين

(അല്ലാഹുവിൻെറ പള്ളികൾ പരിപാലിക്കേണ്ടത് അല്ലാഹുവി ലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നമസ്ക്കാരം മുറ പോലെ നിർവ്വഹിക്കുകയും സകാത്ത് നല്കുകയും അല്ലാഹു വിനെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്തവർ മാത്രമാ ണ്. (അവർക്കേ അതിന്നർഹതയുള്ളൂ). എന്നാൽ അത്തരക്കാർ സന്മാർഗ്ഗം പ്രാപിക്കുന്നവരുടെ കൂട്ടത്തിലായിത്തീർ ന്നേക്കാം.-തൗബ: 18).

അല്ലാഹു പറയുന്നു: وان المساجد لله فلا تدعوا مع الله احدا

(പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർഥിക്കരുത് എന്നും -ജിന്ന്: 18)

നബി(സ) പറഞ്ഞു: صلاة الرجل في المسجد تفضل على صلاته فى بيته وسوقه بخمس وعشرين ضعفا

(പള്ളിയിൽ വെച്ചുള്ള ഒരാളുടെ നമസ്ക്കാരം, വീട്ടിലൊ, അങ്ങാടിയിലൊ വെച്ചുള്ള നമസ്കാരത്തെക്കാൾ ഇരുപ്ത്തിയഞ്ച് മടങ്ങ് ശ്രേഷ്ഠതരമാണ്). നബി(സ) പറഞ്ഞു: من بني لله مسجدا بني الله له بيتا في الجنة (അല്ലാഹുവിൻെറ-തൃപ്തിക്കായി-ഒരു പള്ളി പണിതവനാരോ അവന്ന് അല്ലാഹു സ്വർഗ്ഗത്തിൽ ഒരു വീട് പണിതിരിക്കുന്നു).

ഖബ്റുകൾ പള്ളികളാക്കുന്നത് നബി(സ) വിരോധിച്ചിട്ടുണ്ട്. അങ്ങനെ ചെയ്യുന്നവനെ ശപിക്കുകയും ചെയ്തു. സ്വഹാബികളിലും പിൻഗാമികളിലുമായി എത്രയോ പേർ ഇക്കാര്യം സ്മരിച്ചിട്ടുണ്ട്. ബുഖാരി (റ) തൻെറ സ്വഹീഹിലും ത്വബറാനിയും മറ്റും അവരുടെ വ്യാഖ്യാന ഗ്രന്ഥങ്ങളിലും ഇത് സൂചിപ്പിച്ചിട്ടുണ്ട്.

"وثيمة" യും മറ്റും "قصص الانبياء" ൽ وقالوا لا تذرن ءالهتكم ولا تذرن وداً ولا سواعا ولا يغوث ويعوق ونسرا (അവർ പറഞ്ഞു: ജനങ്ങളെ നിശ്ചയമായും നിങ്ങൾ നിങ്ങളുടെ ദൈവങ്ങളേ വിട്ടേക്കരുത്. വദ്ദിനെയും സുവാഇനെയും നിങ്ങൾ വിട്ടേക്കരുത്. യഗൂഥിനെയും യഊഖിനെയും നസ്റിനെയും (നിങ്ങൾ വിട്ടേക്കുകയും) അരുത് (എന്നൊക്കെ)-നൂഹ്: 23) എന്ന വചനത്തിൻെറ വ്യാഖ്യാനത്തിൽ അവർ പറയുന്നു: നൂഹ് നബിയുടെ ജനതയിലെ സച്ചരിതരായ ആളുകളുടെ പേരുകളായിരുന്നു ഇതെല്ലാം. അവർ മരണപ്പെട്ടപ്പോൾ അവരുടെ ഖബറിങ്കൽ ആളുകൾ ഭജനമിരുന്നു. പിന്നെ, കാലം കുറെ കടന്നുപോയി. അങ്ങനെ അവരുടെ രൂപങ്ങളെ പ്രതിമകളാക്കി

മാറ്റി. അവർ ഖബറുകൾക്കടുത്ത് ഒരുമിച്ചു കൂടുകയും അത് തടവുകയും അത് കൊണ്ട് ചുംബിക്കുകയും അതിനോടും അതിന്നടുത്ത് വെച്ചും പ്രാർഥിക്കുകയും മറ്റും ചെയ്തു! തന്മൂലം ശിർക്കിൻേറയും വിഗ്രഹാരാധനയുടെയും അടിസ്ഥാനമായി അത് മാറി. ഇത് കൊണ്ടാണ് നബി(സ) പറഞ്ഞത്

اللهم لا تجعل قبرى وثنا يعبد (അല്ലാഹുവെ, എന്റെ ഖബറിനെ ആരാധിക്കപ്പെടുന്ന വിഗ്രഹമാക്കരുതെ).

നബി(സ)യുടെയോ നബിയല്ലാത്തവരായ സജ്ജനങ്ങളുടെയോ മറ്റോ ഖബർ ഒരാൾ സന്ദർശിച്ചാൽ, അതിനെ തടവുകയോ ചുംബിക്കുകയോ ചെയ്യരുത് എന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. ഇഹലോകത്ത് ഹജറുൽ അസ്‌വദ് അല്ലാത്ത ഒരു അചേതന വസ്തുവെയും ചുംബിക്കാൻ അനുവാദമില്ല. ഉമർ(റ) പറഞ്ഞതായി ഹദീസിൽ വന്നിട്ടുണ്ട്. والله انى لأعلم انك حجر لا تضر ولا تنفع ، ولولا أني رئيت رسول الله صلى الله عليه وسلم يقبلك ما قبلتك

(അല്ലാഹുവാണെ സത്യം; ഉപകാരോപദ്രവങ്ങൾക്ക് സാധിക്കാത്ത കേവലം ഒരു കല്ല് മാത്രമാണ് നീയെന്ന് എനിക്ക് നന്നായറിയാം. നബി(സ) നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടില്ലായിരുന്നുവെങ്കിൽ ഞാനും നിന്നെ ചുംബിക്കുമായിരുന്നില്ല-ബുഖാരി മുസ്‌ലിം).

ഇത് കൊണ്ടാണ് കഅ്ബയുടെ ഹിജ്റ് ഇസ്മായീലിന്നടുത്തുള്ള രണ്ടു മൂലകളും ചുംബിക്കുന്നതും തടവുന്നതും ഇമാമുകൾ ഏകോപിച്ച് കൊണ്ട് സുന്നത്തല്ല എന്ന് പറഞ്ഞത്. കഅ്ബയുടെ ചുമരുകളും, മഖാമു ഇബ്റാഹീമും, ബൈത്തുൽ

മുഖദ്ദസിലെ വിശുദ്ധ കല്ലും നബിമാരിലും സജ്ജനങ്ങളിലും പെട്ടവരുടെ ഖബറുകളും അപ്രകാരം തന്നെ. നബി(സ)യുടെ മിമ്പറുണ്ടായിരുന്ന കാലത്ത് അതിന്മേൽ കൈ വെക്കുന്നതിൽ പോലും കർമ്മശാസ്ത്ര പണ്ഡിതന്മാർ ഭിന്നാഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ഇമാം മാലിക്(റ)യും മറ്റും അക്കാര്യം വെറുക്കുകയുണ്ടായി; അത് ബിദ്അത്താണെന്നതിനാൽ. عطاء (എന്ന പണ്ഡിതൻ) അപ്രകാരം ചെയ്യുന്നത് കണ്ടപ്പോൾ ഇമാം മാലിക് (റ) അദ്ദേഹത്തിൽ നിന്ന് വിജ്ഞാനം സ്വീകരിച്ചില്ല. (എന്നാൽ) അഹ്മദ്(റ) യും മറ്റും ഇതിന് ഇളവ് നൽകുകയും ചെയ്തു. ഇബ്നു ഉമർ(റ) അങ്ങനെ ചെയ്തിരുന്നുവെന്നതാണ് കാരണം. എന്നാൽ നബി(സ)യുടെ ഖബറിനെ തടവുന്നതും ചുംബിക്കുന്നതുമൊക്കെ അവരെല്ലാവരും വെറുക്കുകയും തടയുകയും ചെയ്തിട്ടുണ്ട്. എന്തെന്നാൽ ശിർക്കിന്റെ മുരട് പോലും മുറിച്ച് മാറ്റുകയും തൗഹീദിനെ യാഥാർഥീകരിക്കുകയും ലോകരക്ഷിതാവായ റബ്ബിന് മാത്രം മതത്തെ നിഷ്കളങ്കമാക്കുകയും ചെയ്യുക എന്ന നബിയുടെ ഉദ്ദേശം അവർ മനസ്സിലാക്കിയത് കൊണ്ടാണത്.

നബി(സ) യോടോ സച്ചരിതനായ മനുഷ്യനോടോ അവരുടെ ജീവിതകാലത്ത് ചോദിക്കുന്നതും അവർ മരണപ്പെട്ട ശേഷം അവരുടെ അഭാവത്തിൽ ചോദിക്കുന്നതും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നതാണ് ഇത്. അപ്രകാരം അവിടുത്തെ ജീവിതകാലത്ത് തിരുമേനി (സ)യുടെ സാന്നിദ്ധ്യത്തിൽ ഒരാളും അദ്ദേഹത്തെ ആരാധിച്ചിരുന്നില്ല. നബിമാരോ സച്ചരിതരോ ആരാവട്ടെ, (അവർക്കല്ലാഹു അനുഗ്രഹം വർഷിക്കട്ടെ) അവർ ജീവിച്ചിരിക്കെ അവരുടെ സാന്നിദ്ധ്യത്തിൽ ഒരാളെയും

ശിർക്ക് ചെയ്യാനനുവദിച്ചിരുന്നില്ല. എന്നല്ല അവരത് വിരോധിക്കുകയും അക്കാര്യത്തിൽ ശിക്ഷാവിധി നടപ്പാക്കുകയും ചെയ്തു. അത് കൊണ്ടാണ് ഈസാ(അ) പറഞ്ഞത്.

ما قلت لهم الا ما امرتني به ان اعبدو الله ربي وربكم وكنت عليهم شهيدا مادمت فيهم فلما توفيتني كنت انت الرقيب عليهم وانت على كل شيئ شهيد

(നീ എന്നോട് എന്ത് കൽപ്പിച്ചുവോ അതല്ലാതെ ഞാൻ അവരോട് പറഞ്ഞിട്ടില്ല. അതായത്, എൻെറ റബ്ബും നിങ്ങളുടെ റബ്ബുമായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കണമെന്ന് (അല്ലാതെ). ഞാനവരിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെ മേൽ (നോട്ടം വഹിക്കുന്ന) സാക്ഷിയായിരുന്നു. അങ്ങനെ നീയെന്നെ പൂർണ്ണമായെടുത്തപ്പോൾ അവരുടെ മേൽനോട്ടം വഹിക്കുന്നവൻ നീ തന്നെ ആയിരുന്നു. നീയാകട്ടെ എല്ലാ കാര്യത്തിന്നും മേൽ (നോട്ടം വഹിക്കുന്ന) സാക്ഷിയുമാകുന്നു -മാഇദ: 117)

ഒരാൾ നബി(സ) യോട് പറഞ്ഞു

ماشاء الله وشئت فقال: اجعلتني لله ندا ؟ ماشاء الله وحده وقال: لا تقولوا ما شاء الله وشاء محمد ، ولكن قولوا ما شاء الله ثم شاء محمد.

(അല്ലാഹുവും താങ്കളും ഉദ്ദേശിച്ചാൽ. അപ്പോൾ തിരുമേനി (സ) ചോദിച്ചു: നിങ്ങളെന്നെ അല്ലാഹുവിന് തുല്യമാക്കിയോ? ഒരുവനായ അല്ലാഹു ഉദ്ദേശിച്ചാൽ (എന്ന് മാത്രം പറയുക) അവിടുന്നു പറഞ്ഞു: അല്ലാഹു ഉദ്ദേശിച്ചതും മുഹമ്മദ് ഉദ്ദേശിച്ചതും എന്ന് നിങ്ങൾ പറയരുത്. എന്നാൽ അല്ലാഹു ഉദ്ദേശിച്ചതും പിന്നെ മുഹമ്മദ് ഉദ്ദേശിച്ചതും എന്ന് നിങ്ങൾ പറയുക.)

ജുവൈരിയ്യഃ എന്ന സ്ത്രീ പറഞ്ഞു:

"وفينا رسول الله يعلم ما في غد" قال: دعي هذا وقولي بالذي كنت تقولين، وقال: لا تطروني كما اطرت النصارى ابن مريم، انما انا عبد، فقولوا عبد الله ورسوله

("നാളെയെക്കുറിച്ച് അറിയുന്ന ഒരു പ്രവാചകൻ ഞങ്ങളിലുണ്ട്." തിരുമേനി (സ) പറഞ്ഞു: ആ വാക്കുപേക്ഷിക്കൂ... നിങ്ങൾ ഇത് വരെ പറഞ്ഞതൊക്കെ പറഞ്ഞുകൊള്ളുക. അവിടുന്ന് പറഞ്ഞു: മറിയമിൻെറ പുത്രനെ ക്രിസ്ത്യാനികൾ പുകഴ്ത്തിയതുപോലെ എന്നെ നിങ്ങൾ പുകഴ്ത്തരുത്. ഞാനൊരു അടിമ മാത്രമാണ്. അതിനാൽ അല്ലാഹുവിൻെറ അടിമയും അവൻെറ ദൂതനും എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക).

തിരുമേനി (സ)യുടെ പിന്നിൽ അവർ അണിചേർന്നു നിന്നപ്പോൾ അവിടുന്ന് പറഞ്ഞു: لا تعظموني كما تعظم الأعاجم بعضهم بعضا (അനറബികൾ പരസ്പരം ബഹുമാനിക്കുന്നതുപോലെ എന്നെ നിങ്ങൾ ബഹുമാനിക്കരുത്).

അനസ്(റ) പറഞ്ഞു: അല്ലാഹുവിൻെറ ദൂതനെക്കാൾ ഏറെ ഇഷ്ടപ്പെട്ട ഒരാളും അവർക്ക് -സ്വഹാബാക്കൾക്ക് - ഉണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹത്തെ കണ്ടാൽ അദ്ദേഹത്തിന്നു വേണ്ടി അവർ എഴുന്നേല്ക്കാറില്ലായിരുന്നു. നബി തിരുമേനിക്ക് വെറുപ്പുള്ള കാര്യമാണ് അതെന്ന് അവർക്കറിയാമായിരുന്നു.

മുആദ്(റ) നബി(സ)ക്ക് സുജൂദ് ചെയ്തപ്പോൾ നബി (സ) അദ്ദേഹത്തെ തടഞ്ഞുകൊണ്ട് പറഞ്ഞു:

انه لا يصلح السجود إلا لله، ولو كنت آمرا احدا ان يسجد لأحد لأمرت المرأة ان تسجدلزوجها من عظم حقه عليها

(അല്ലാഹുവിന്നല്ലാതെ സുജൂദ് ചെയ്യൽ ശരിയാവുന്നതല്ല. വല്ലവനോടും ഞാൻ സുജൂദ് ചെയ്യാൻ കല്പിക്കുമായിരുന്നെങ്കിൽ സ്ത്രീയോട് തന്റെ ഭർത്താവിന്ന് സുജൂദ് ചെയ്യാൻ ഞാൻ കല്പിക്കുമായിരുന്നു. അവൾക്ക് അയാളോടുള്ള ഉത്തരവാദിത്വത്തിന്റെ പ്രാധാന്യം (അത്രമാത്രമുണ്ട് എന്നത്) മൂലം.

അലി(റ) യിൽ ദിവ്യത്വമുണ്ടെന്ന് വിശ്വസിക്കുകയും അതിരു കടന്ന് പുകഴ്ത്തുകയും ചെയ്ത നിരീശ്വരവാദികളെ അദ്ദേഹത്തിന്നു മുമ്പിൽ കൊണ്ടു വന്നപ്പോൾ തീ കൊണ്ട് കത്തിച്ചു കളയാനദ്ദേഹം ആജ്ഞാപിച്ചു.

അപ്പോൾ, അല്ലാഹുവിന്റെ പ്രവാചകന്മാരുടെയും വലിയ്യുകളുടെയും സ്ഥിതി ഇതായിരുന്നു. അനാവശ്യവും അമിതവുമായി പുകഴ്ത്താനും ആദരിക്കാനും ഒരാൾ സമ്മതിച്ചാൽ അയാൾ ഫിർഔനെയും മറ്റും പോലെ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും കേമനാവാനുമാണ് ഉദ്ദേശിക്കുന്നത്. വഴിപിഴച്ച ശൈഖുമാരുടെ ഉദ്ദേശം തന്നെ ഭൂമിയിൽ പെരുമയും കുഴപ്പവുമുണ്ടാക്കലാണ്. (അത്തരക്കാർ) നബിമാരെയും സജ്ജനങ്ങളെയും ഉപയോഗിച്ച് കുഴപ്പമുണ്ടാക്കുകയും അവരെ റബ്ബുകളാക്കുകയും അവരുടെ അഭാവത്തിലും മരണത്തിലും അവരെ പങ്കുചേർക്കുകയും ചെയ്യുന്നു; യേശുവിനെയും ഉസൈറിനെയും (അല്ലാഹുവിൽ) പങ്കു ചേർത്തതു പോലെ.

നബി(സ)യോടും സജ്ജനങ്ങളോടും അവരുടെ ജീവിതകാലത്തും സാന്നിദ്ധ്യത്തിലും ചോദിക്കുന്നതും, അവരുടെ മരണശേഷമോ അഭാവത്തിലോ, ചോദിക്കുന്നതും തമ്മിലുള്ള വ്യത്യാസം ഇത് വ്യക്തമാക്കിത്തരുന്നു. ഈ സമുദായത്തിലെ പൂർവ്വിക സ്വഹാബാക്കളുടെ കാലത്തോ അവരുടെ പിൻഗാ

മകളുടെ കാലത്തൊ താബിഉകളിലൊ - പിൻഗാമികളുടെ പിൻ ഗാമികളിലൊ - ഒരാളും നബിമാരുടെ ഖബറുകളുടെ സമീപം പ്രാർഥനക്കോ നമസ്ക്കാരങ്ങൾക്കോ തിരഞ്ഞെടുക്കുകയോ അവരോട് ചോദിക്കുകയോ സഹായമർഥിക്കുകയോ ചെയ്തിരുന്നില്ല. അവരുടെ അഭാവത്തിലും അവരുടെ ഖബറിന്നടുത്ത് വെച്ചും അങ്ങനെ ചെയ്തിരുന്നില്ല. ഭജനമിരിക്കലും അപ്രകാരം തന്നെ (ചെയ്തിരുന്നില്ല.)

ചോദ്യകർത്താവ് സൂചിപ്പിച്ചപോലെ മരിച്ചവനോ അദൃശ്യനൊ ആയ ഒരാളോട് സഹായം തേടുകയെന്നത് ഏറ്റവും വലിയ ശിർക്കിൽ പെട്ടതാണ്. വിപൽഘട്ടങ്ങളിൽ സഹായാർഥന നടത്തുന്ന ആൾ പറയുന്നത് പോലെ! അവൻെറ ദുരിതം നീക്കനൊ വല്ല പ്രയോജനവും സാധിതമാക്കനോ (ഉദ്ദേശിച്ച്) ഇന്നവരായ എൻെറ യജമാനരേ... എന്ന് പറഞ്ഞ് അവൻ ആവശ്യപ്പെടുന്നത് പോലെ!

ഈസാ (അ)യിലും അദ്ദേഹത്തിൻെറ മാതാവിലും അവരുടെ പുരോഹിതന്മാരിലും സന്യാസിമാരിലും ക്രിസ്ത്യാനികളുടെ അവസ്ഥ ഇങ്ങനെയായിരുന്നു. നമ്മുടെ നബി മുഹമ്മദ് (സ) അല്ലാഹുവിങ്കൽ സൃഷ്ടികളിലെ ഉത്തമനും അവരിലെ ഏറ്റവും മാന്യനുമാണെന്ന കാര്യം വ്യക്തമാണല്ലോ. അദ്ദേഹത്തിൻെറ അവസ്ഥയും സ്ഥാനവും ജനങ്ങളിൽ ഏറ്റവും നന്നായി അറിയുന്നവർ അദ്ദേഹത്തിൻെറ സ്വഹാബാക്കളായിരുന്നല്ലോ. എന്നിരിക്കെ തിരുമേനിയുടെ അഭാവത്തിലൊ അവിടുത്തെ മരണശേഷമോ അവരാരും ഇപ്രകാരം ചെയ്തിരുന്നില്ല.

മുശ്‌രിക്കുകളായ ആ ആളുകൾ വ്യാജവും ചേർത്ത് ശിർക്കിനെ പുൽകിയിരിക്കുന്നു. അങ്ങനെ ശിർക്കുമായി കളവ്

അനായിക്കപ്പെട്ടു. അല്ലാഹു പറയുന്നു: فاجتنبوا الرجس من الاوثان واجتنبوا قول الزور. حنفاء لله غير مشركين به (ആകയാൽ വിഗ്രഹങ്ങളാകുന്ന അശുദ്ധിയെ നിങ്ങൾ വർജ്ജിക്കുവിൻ. കള്ളം പറയലും വർജ്ജിക്കുവിൻ. അല്ലാഹുവിന്ന് വേണ്ടി നിഷ്കളങ്കമാനസരായി, അവനോട് (യാതൊന്നിനെയും) പങ്കുചേർക്കാത്ത നിലയിൽ (ആയിരിക്കണം) -ഹജ്ജ് 30,31)

നബി(സ) പറഞ്ഞു: عدلت شهادت الزور الاشراك بالله مرتين أوثلاثا (അല്ലാഹുവിൽ രണ്ടോ മൂന്നോ തവണ പങ്കുചേർക്കുന്നതിന്ന് തുല്യമാണ് കള്ളസാക്ഷ്യം വഹിക്കൽ)

അല്ലാഹു പറയുന്നു: ان الذين اتخذوا العجل سينالهم غضب من ربهم وذلة في الحيواة الدنيا وكذلك نجزى المفترين (നിശ്ചയമായും പശുക്കുട്ടിയെ ഉണ്ടാക്കി (ആരാധന നടത്തി) യവർ അവർക്കു തങ്ങളുടെ റബ്ബിങ്കൽ നിന്ന് കോപവും, ഐഹിക ജീവിതത്തിൽ നിന്ദ്യതയും ബാധിക്കുന്നതാണ്. (വ്യാജം) കെട്ടിച്ചമക്കുന്നവർക്ക് നാം പ്രതിഫലം നൽകുന്നത് അപ്രകാരമത്രെ! അഅ്റാഫ് : 152)

ഇബ്റാഹിം നബി(അ) പറഞ്ഞു:

أئفكا ءالهة دون الله تريدون. فما ظنكم برب العالمين
(അല്ലാഹുവിന്ന് പുറമെ വ്യാജമായി നിങ്ങൾ മറ്റു ദൈവങ്ങളെ ഉദ്ദേശിക്കുകയാണോ? അപ്പോൾ ലോക രക്ഷിതാവിനെപ്പറ്റി നിങ്ങളുടെ ധാരാണയെന്താണ്? -സ്വാഹ്ഫാത്ത് : 86,87)

അവരിലൊരാൾ തന്റെ ശൈഖിനെക്കുറിച്ച് (ഇങ്ങനെ) പറയൽ അവരുടെ കളവിൽപ്പെട്ടതാണ്; "മുരീദ് (ഉദ്ദേശ്യാർഥി) പടിഞ്ഞാറും, അവന്റെ ശൈഖ് കിഴക്കുമാ

ണെങ്കിൽ (അവർക്കിടയിലെ) മറ നീക്കം ചെയ്യുകയും അവന്ന് ശൈഖ് മറുപടി കൊടുക്കുകയും ചെയ്യുന്നു. ശൈഖ് അങ്ങനെയല്ലെങ്കിൽ അയാൾ ശൈഖല്ല."

പിശാചുക്കൾ അവരെ വഴി പിഴപ്പിച്ചു കഴിഞ്ഞു; വിഗ്രഹാരാധകരെ വഴിപിഴപ്പിച്ചത്പോലെ. അറബികൾക്ക് അവരുടെ വിഗ്രഹങ്ങളിൽ സംഭവിച്ചത്പോലെ. ശിർക്കിലും മാരണങ്ങളിലും പെട്ട താന്ത്രിക വിദ്യക്കാർക്കും നക്ഷത്രാരാധകർക്കും (സംഭവിച്ചത്പോലെ) . താർത്താരികൾക്കിടയിലും ഇന്ത്യയിലും സുഡാനിലുമുള്ള മറ്റു ദൈവവിശ്വാസികളിലും സംഭവിച്ചത് പോലെ.

പിശാചുക്കൾ അവരെ വഴിപിഴപ്പിക്കുകയും അവരുമായി സംഭാഷണത്തിലേർപ്പെടുകയും മറ്റും ചെയ്യുന്നു. ഇത്തരത്തിൽപെട്ട പലതും ഈ വിഭാഗം ആളുകളിൽ ധാരാളം സംഭവിച്ചിട്ടുണ്ട്; പ്രത്യേകിച്ചും ചൂളം വിളിയും കൈകൊട്ടും കേൾക്കുമ്പോൾ. പിശാചുക്കൾ അവരിൽ അവതരിക്കുകയും, ബോധരഹിതനായവനെപ്പോലെ അവരിലൊരാൾ അസഹനീയമായി അട്ടഹസിക്കുകയും വായിൽ നിന്ന് നുരയും പതയും ഒലിപ്പിക്കുകയും ചെയ്യും. അവന്നോ അവിടെ കൂടിയവർക്കോ മനസ്സിലാവാത്ത രീതിയിൽ സംസാരിക്കുകയും ചെയ്യും. ഇത്തരം വഴിപിഴച്ചവരിൽ ഇതുപോലെ പലതും കാണും.

❐

# ജാഹ് കൊണ്ടും ഹുർമത്ത് കൊണ്ടും ഇടതേടൽ

മൂന്നാമത്തെ കാര്യം: (മൂന്ന് പദവികളുണ്ടെന്ന് പറഞ്ഞതിൽ മൂന്നാമത്തേത്). അല്ലാഹുവേ... നിൻറടുക്കൽ ഇന്ന ആൾക്കുള്ള മഹത്വം കൊണ്ട്, ഇന്ന ആൾക്കുള്ള പുണ്യം കൊണ്ട്, ഇന്ന ആൾക്ക് നിൻറടുക്കലുള്ള ബഹുമാനം കൊണ്ട് ഇന്നാലിന്നത് എനിക്കു സാധിപ്പിച്ചു തരേണമേ... എന്ന് പറയൽ. ജനങ്ങളിലേറെപ്പേരും ചെയ്യുന്ന കാര്യമാണിത്. എന്നാൽ ഇത്തരത്തിലുള്ള ഒരു പ്രാർഥന സ്വഹാബികളോ അവരുടെ പിൻഗാമികളോ സച്ചരിതരായ മുൻഗാമികളോ പ്രാർഥിക്കുന്നതായി സ്ഥിരപ്പെട്ടിട്ടില്ല. പണ്ഡിതന്മാരിൽ ഒരാളിൽ നിന്നും എനിക്കും ഇപ്രകാരം എത്തിച്ചേർന്നിട്ടില്ല; അബീമുഹമ്മദ്ബിൻ അബ്ദുസ്സലാം എന്ന കർമ്മശാസ്ത്ര പണ്ഡിതൻെറ ഫത്വകളിൽ ഞാൻ കണ്ടതല്ലാതെ. അദ്ദേഹം ഇങ്ങനെ ഫത്വ നൽകുന്നു: "നബി (സ)യോടല്ലാതെ ഇപ്രകാരം ചെയ്യാൻ ഒരാൾക്കും പാടില്ലാത്തതാണ്."

അക്കാര്യത്തിൽ വന്ന ഹദീസ് ശരിയാണെങ്കിൽ അതിപ്രകാരമാണ്. നബി(സ) തൻെറ അനുചരന്മാരിൽ ചിലരെ

പ്രാർഥിക്കാൻ പഠിപ്പിച്ചതായി നസാഇയും തിർമിദിയും മറ്റും ഇങ്ങനെ ഉദ്ധരിക്കുന്നു: " അല്ലാഹുവെ! കാരുണ്യത്തിൻെറ പ്രവാചകനായ നിൻെറ നബിയെ നിന്നിലേക്ക് ഇടതേടിക്കൊണ്ട് നിന്നോട് ഞാൻ ചോദിക്കുന്നു. മുഹമ്മദേ, അല്ലാഹുവിൻെറ ദൂതരെ! എൻെറ ആവശ്യപൂർത്തീകരണത്തിന്നുവേണ്ടി എൻെറ റബ്ബിലേക്ക് അങ്ങയെക്കൊണ്ടു ഞാൻ ഇടതേടുന്നു. അല്ലാഹുവെ, അതിനാൽ എന്നിൽ അദ്ദേഹത്തിൻെറ ശുപാർശ സ്വീകരിക്കേണമേ....."

നബി(സ)യുടെ ജീവിത കാലത്തും മരണശേഷവും നബി(സ) യെക്കൊണ്ട് ഇടതേടൽ അനുവദനീയമാണെന്നതിലേക്ക് ഒരുവിഭാഗം ആളുകൾ ഈ ഹദീസ് തെളിവായെടുക്കുന്നു. അവർ പറയുന്നു: ഇടതേടലിൽ സൃഷ്ടികളോട് പ്രാർഥിക്കലോ സൃഷ്ടികളെക്കൊണ്ട് സഹായം തേടലോ ഇല്ല. എങ്കിലും സൃഷ്ടിയുടെ മഹത്വം കൊണ്ട് അല്ലാഹുവോട് പ്രാർഥിക്കലും സഹായം തേടലുമാണുള്ളത്.

നമസ്കാരത്തിന്നു വേണ്ടി പുറപ്പെടുമ്പോഴുള്ള പ്രാർഥനയിൽ നബി(സ) പറഞ്ഞതായി ഇബ്നു മാജഃ ഇങ്ങനെ ഉദ്ധരിക്കുന്നു:

اللهم اني اسألك بحق السائلين عليك وبحق ممشاي هذا، فإني لم اخرج اشرا ولا بطرا، ولا رياء ولا سمعة، خرجت اتقاء سخطك وابتغاء مرضاتك، اسألك ان تنقذني من النار، وان تغفرلي ذنوبي فإنه لا يغفر الذنوب الا انت

(നിന്നോട് ചോദിക്കുന്നവരുടെ ഹഖ് കൊണ്ട് അല്ലാഹുവേ നി

ന്നോട് ഞാൻ ചോദിക്കുന്നു. എന്റെ ഈ നടത്തത്തിന്റെ ഹഖ് കൊണ്ടും. പ്രസിദ്ധിക്കോ ലോകമാന്യത്തിനോ അഹങ്കാരത്തിനോ ധിക്കാരത്തിനോ വേണ്ടി ഞാൻ പുറപ്പെട്ടിട്ടില്ല. നിന്റെ കോപത്തെ പേടിച്ചു കൊണ്ടും നിന്റെ തൃപ്തി ആശിച്ചു കൊണ്ടുമാണ് ഞാൻ പുറപ്പെട്ടത്. നരകത്തിൽ നിന്ന് എന്നെ മോചിപ്പിക്കാനും എന്റെ പാപങ്ങൾ എനിക്ക് പൊറുത്തു തരാനും ഞാൻ നിന്നോട് ചോദിക്കുന്നു. പാപങ്ങൾ പൊറുത്തു തരുന്നവൻ നീയല്ലാതെ ഇല്ല.)

അവർ പറയുന്നു: ഈ ഹദീസിൽ, ചോദിക്കുന്നവരുടെ ഹഖ് കൊണ്ടും നമസ്കാരത്തിലേക്ക് പോവുന്നതിന്റെ ഹഖ് കൊണ്ടും ചോദിക്കലുണ്ട്. അല്ലാഹു തന്റെ സ്വന്തത്തിൽ തന്നെ ഹഖിനെ ആക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു: وكان حقا علينا نصر المؤمنين (സത്യവിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാദ്ധ്യതയായിരിക്കുന്നു. -റൂം : 47) അപ്രകാരം തന്നെ അവൻ പറയുന്നു: كان على ربك وعدا مسئولا (അത് നിന്റെ രക്ഷിതാവ് ബാദ്ധ്യത ഏറ്റിട്ടുള്ള വാഗ്ദാനമാവുന്നു. ചോദിക്കപ്പെടാവുന്നതുമാകുന്നു -ഫുർഖാൻ : 16)

മുആദ് ബിൻ ജബൽ (റ)ൽ നിന്ന്: നബി(സ) അദ്ദേഹത്തോട് പറഞ്ഞതായി ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു.

يا معاذ اتدري ماحق الله على العباد ؟ قال: الله ورسوله اعلم، قال: حق الله على العباد ان يعبدوه ولا يشركوا به شيئا ، اتدري ما حق العباد على الله اذا فعلوا ذلك؟ فإن حقهم عليه ان لا يعذبهم

(മുആദേ! അടിമകളുടെ മേൽ അല്ലാഹുവിൻെറ അവകാശം എന്താണെന്ന് താങ്കൾക്കറിയുമോ? അദ്ദേഹം പറഞ്ഞു: അല്ലാഹുവിനും അവൻെറ റസൂലിനും അറിയാം. തിരുമേനി(സ) പറഞ്ഞു: അടിമകളുടെ മേൽ അല്ലാഹുവിന്നുള്ള അവകാശം എന്തെന്നാൽ അവർ അവനെ, അവനോട് യാതൊന്നും പങ്കു ചേർക്കാതെ ആരാധിക്കുക എന്നതാണ്. അവരങ്ങനെ ചെയ്താൽ അടിമകൾക്ക് അല്ലാഹുവിൻെറ മേലുള്ള അവകാശമെന്തെന്ന് താങ്കൾക്കറിയുമോ? എന്നാൽ അവർക്ക് അവൻെറ മേലുള്ള അവകാശം, അവൻ അവരെ ശിക്ഷിക്കുകയില്ല എന്നതാണ്.) മറ്റൊരു ഹദീസിൽ വന്നിട്ടുണ്ട്: " അല്ലാഹുവിന്ന് ഇന്നിന്നതൊക്കെ ബാധ്യതയുണ്ട്" എന്ന്.

തിരുമേനി (സ) പറഞ്ഞതു പോലെ:

من شرب الخمر لم تقبل له صلاة اربعين يوما ، فإن تاب تاب الله عليه ، فإن عاد فشربها في الثالثة او الرابعة كان حقا على الله ان يسقيه من طينة الخبال- قيل: وما طينة الخبال؟ قال: عصارة اهل النار

(ആര് മദ്യപിച്ചോ അയാളുടെ നാൽപതു ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുന്നതല്ല. ഇനിയവൻ പശ്ചാത്തപിച്ചാൽ അല്ലാഹു അവന് പൊറുത്തു കൊടുക്കുന്നതാണ്. എന്നിട്ടവൻ വീണ്ടും മൂന്നാമതും നാലാമതും അത് കുടിച്ചാൽ طينة الخبال ൽ നിന്ന് അവനെ കുടിപ്പിക്കുക എന്നത് അവൻെറ മേൽ അല്ലാഹുവിൻെറ അവകാശമാണ്. (അപ്പോൾ തിരുമേനി (സ)യോട്) ചോദിക്കപ്പെട്ടു: طينة الخبال എന്താണ് എന്ന്. അവിടുന്ന്

മറുപടി പറഞ്ഞു: നരകവാസികളുടെ ചീഞ്ഞചലം).

ഒരു വിഭാഗം പറയുന്നു: നബി(സ)യുടെ മരണശേഷമോ അവിടുത്തെ അഭാവത്തിലോ ഇടതേടുന്നതിന്ന് ഇത് തെളിവല്ല. എന്നാൽ ഇത് അവിടുത്തെ ജീവിതകാലത്ത് തിരുമേനി (സ)യുടെ സാന്നിദ്ധ്യത്തിൽ വെച്ച് ഇടതേടുന്നതിനെപ്പറ്റിയാണ്. ബുഖാരിയിൽ ഉദ്ധരിച്ചത് പോലെ. അബ്ബാസ് (റ) നെക്കൊണ്ട് ഉമർ(റ) ഇടതേടി. അപ്പോഴദ്ദേഹം പറഞ്ഞു: "അല്ലാഹുവെ ഞങ്ങൾക്ക് വരൾച്ച ബാധിച്ചപ്പോൾ ഞങ്ങളുടെ നബിയെക്കൊണ്ട് നിന്നിലേക്ക് ഞങ്ങൾ ഇടതേടുകയും അങ്ങനെ ഞങ്ങൾക്കു മഴ വർഷിപ്പിച്ചു തരുകയും ചെയ്തിട്ടുണ്ട്. ഞങ്ങൾ നിന്നിലേക്ക് ഇതാ ഞങ്ങളുടെ നബിയുടെ പിതൃവ്യനെക്കൊണ്ട് ഇടതേടുന്നു. ഞങ്ങൾക്കു മഴ വർഷിപ്പിച്ചു തരേണമേ....." അങ്ങനെ മഴ വർഷിക്കുകയും ചെയ്തു. നബി(സ)യുടെ ജീവിതകാലത്ത് തിരുമേനി (സ) യെക്കൊണ്ട് അവർ ഇടതേടിയിരുന്നെന്നും അങ്ങനെ അവർക്ക് മഴ ലഭിക്കുകയുണ്ടായിയെന്നും ഉമർ (റ) വ്യക്തമാക്കിയിട്ടുണ്ട്.

തിരുമേനി(സ) യെക്കൊണ്ടുള്ള ഈ തവസ്സുൽ (ഇടതേട്ടം) എന്നത് അവർക്ക് വേണ്ടി അല്ലാഹുവോട് പ്രാർഥിക്കാൻ അവർ നബി (:സ)യോട് ആവശ്യപ്പെടുകയും അപ്പോഴദ്ദേഹം അവർക്കുവേണ്ടി പ്രാർഥിക്കുകയും തിരുമേനി (സ) യോടൊപ്പം അവരും പ്രാർഥിക്കുകയും തിരുമേനി (സ)യുടെ ശുപാർശ കൊണ്ടും പ്രാർഥനകൊണ്ടും അവർ ഇടതേടുകയും ചെയ്തു എന്നാണ്.

അനസ്(റ) ഉദ്ധരിച്ചത് പോലെ: دار القضاء

ൻെറ അടുത്തുള്ള വാതിലിലൂടെ വെള്ളിയാഴ്ച ഒരാൾ പള്ളിയിൽ പ്രവേശിച്ചു. നബി(സ) നിന്നു കൊണ്ട് ഖുതുബ നിർവ്വഹിക്കുകയാണ്. അയാൾ നബി(സ)യെ അഭിമുഖീകരിച്ചു കൊണ്ട് പറഞ്ഞു: "അല്ലാഹുവിൻെറ ദൂതരെ! സ്വത്തൊക്കെ നശിച്ചു. വഴികളൊക്കെ അടഞ്ഞു, അത് കൊണ്ട് ഇത് (മഴ) ഞങ്ങളിൽ നിന്ന് പിടിച്ചു നിർത്താൻ അല്ലാഹുവിനോട് പ്രാർഥിച്ചാലും. അപ്പോൾ നബി(സ) കൈ രണ്ടും ഉയർത്തി പറഞ്ഞു:

اللهم حـوالينا ولا علينا ، اللهم على الآكـام والضـراب وبطون الأودية ومنابت الشجر (അല്ലാഹുവെ, ഞങ്ങൾക്കു മതി. ഞങ്ങളുടെ പരിസരങ്ങളിൽ ചൊരിഞ്ഞാലും അല്ലാഹുവെ, കുന്നുകളിലും മേടുകളിലും മലഞ്ചെരിവുകളിലും വനമേഖലകളിലും പെയ്യിക്കേണമേ...)

അദ്ദേഹം പറയുന്നു: മഴ നിന്നു. അങ്ങനെ നല്ല വെയിലിൽ ഞങ്ങൾ (പള്ളിയിൽ നിന്ന്) പുറത്തേക്ക് പിരിഞ്ഞു പോയി. ഈ ഹദീസിൽ അദ്ദേഹം "ഞങ്ങളിൽ നിന്ന് മഴയെ പിടിച്ചു നിർത്താനായി അല്ലാഹുവോട് പ്രാർഥിക്കൂ" എന്ന് പറഞ്ഞതായി ഉണ്ട്.

അബ്ദുല്ലാഹ് ബിൻ ഉമർ പറഞ്ഞതായി ഹദീസിൽ ഉദ്ധരിക്കപ്പെടുന്നു: "റസൂൽ (സ)യെപ്പറ്റി അബീ ത്വാലിബ് പറഞ്ഞകാര്യം ഞാനോർക്കുന്നു:

وابيض يستسقى الغمام بوجـهه ثمال اليتامى عصمة للأرامل

(അനാഥകളുടെ സംരക്ഷണവും വിധവകളുടെ സുരക്ഷയുമായ ആ തിരുമുഖം മൂലം വന്ധ്യമേഘങ്ങളും മഴ തൂകുന്നു). ഇ പ്രകാരമായിരുന്നു മഴയെത്തേടുന്നതിലും മറ്റും തിരുമേനി (സ)

യെക്കൊണ്ട് അവർ ഇടതേടിയിരുന്നത്. എന്നാൽ തിരുമേനി (സ) മരിച്ചപ്പോൾ അവർ അബ്ബാസ് (റ) നെക്കൊണ്ട് ഇടതേടി. തിരുമേനി (സ)യെ ക്കൊണ്ട് ഇടതേടുകയും മഴയെത്തേടുകയും ചെയ്തിരുന്നത് എപ്രകാരമായിരുന്നോ അപ്രകാരം തന്നെ. തിരുമേനി(സ)യുടെ മരണശേഷം അദ്ദേഹത്തെക്കൊണ്ടോ അദ്ദേഹത്തിൻെറ അഭാവത്തിലൊ അദ്ദേഹത്തിൻെറയോ മറ്റുള്ളവരുടെയോ ഖബറിന്നടുത്ത് വെച്ചോ അവരാരും മഴയെതേടിയിരുന്നില്ല. അപ്രകാരം തന്നെ യസീദ് ബിൻ അസ്‌വദുൽ ജറശി (റ) യെക്കൊണ്ട് മുആവിയ ബിൻ അബീ സുഫ്‌യാൻ മഴയെ തേടിക്കൊണ്ട് (ഇങ്ങനെ) പറഞ്ഞു: "അല്ലാഹുവെ, ഞങ്ങളിലെ ഉത്തമനായവനെക്കൊണ്ട് നിന്നിലേക്ക് ഞങ്ങൾ ശുപാർശ തേടുന്നു. യസീദെ, താങ്കളുടെ കൈകൾ അല്ലാഹുവിലേക്കുയർത്തൂ...." അങ്ങനെ അദ്ദേഹം കൈയുയർത്തുകയും പ്രാർഥിക്കുകയും ചെയ്തു. അവരും പ്രാർഥിച്ചു. അങ്ങനെ മഴ വർഷിക്കുകയും ചെയ്തു." അതുകൊണ്ടാണ് നല്ലവരും ഉത്തമരുമായ ആളുകളെക്കൊണ്ട് മഴയെത്തേടൽ അനുവദനീയമാണെന്ന് പണ്ഡിതന്മാർ പറഞ്ഞത്. അത് നബി കുടുംബങ്ങളിൽപെട്ടവരെക്കൊണ്ടാവുമ്പോൾ വളരെ ഉത്തമമായി.

നബി(സ)യെക്കൊണ്ടോ സച്ചരിതരെക്കൊണ്ടോ അവരുടെ മരണശേഷമോ അവരുടെ അഭാവത്തിലോ മഴയെത്തേടലും ഇടതേടലും അനുവദനീയമാണെന്ന് പണ്ഡിതന്മാരിൽ ഒരാളും പറഞ്ഞിട്ടില്ല. മഴയെത്തേടുന്നതിലോ സഹായം തേടുന്നതിലോ മറ്റു പ്രാർഥനകളിലോ ഇങ്ങനെ സുന്നത്താക്കിയിട്ടുമില്ല. പ്രാർഥന ആരാധനയുടെ മജ്ജയാണല്ലോ....

ആരാധനയുടെ ഉറവിടം സുന്നത്തിലും അതിനെ

പിൻപറ്റലിലുമാണ്. ദേഹേച്ഛകളിലോ പുതുനിർമ്മിതികളിലോ അല്ല. അല്ലാഹു നിയമമാക്കിയത് കൊണ്ടാണ് അവനെ ആരാധിക്കേണ്ടത്. അല്ലാതെ ദേഹേച്ഛകൾ കൊണ്ടോ ബിദ്അത്ത് കൊണ്ടോ അല്ല.

അല്ലാഹു പറയുന്നു: ام لهم شركاؤا شرعوا لهم من الدين مالـم يأذنْ به الله (അതല്ല (ഒരു പക്ഷെ) അല്ലാഹു അനുവാദം നൽകിയിട്ടില്ലാത്ത വല്ലതും മതത്തിൽ പെട്ടതായി തങ്ങൾക്കു നിയമിച്ചു കൊടുത്തിട്ടുള്ള വല്ല പങ്കാളികളും അവർക്കുണ്ടോ- ശൂറാ : 21) അല്ലാഹു പറയുന്നു: ادعوا ربكم تضرعا وخفية انه لا يحب المعتدين (മനുഷ്യരെ) താഴ്മ കാണിച്ചു കൊണ്ടും സ്വകാര്യമായി ക്കൊണ്ടും നിങ്ങളുടെ റബ്ബിനെ നിങ്ങൾ വിളി(ച്ചു പ്രാർഥി)ക്കുവിൻ. നിശ്ചയമായ് അവൻ അതിരു വിടുന്നവരെ ഇഷ്ടപ്പെടുകയില്ല. അഅ്റാഫ്: 55) നബി (സ) പറഞ്ഞു:

انه سيكون في هذه الأمة قوم يعتدون في الدعاء والطهور

(പ്രാർഥനയിലും ശുദ്ധിയിലും അതിരു വിടുന്ന ഒരു വിഭാഗം തീർച്ചയായും ഈ സമുദായത്തിലുണ്ടായിത്തീരും.) (അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുക എന്നതാണ് പ്രാർഥനയിലെ അതിരു കവിയൽ).

❑

## ശൈഖിനോട് സഹായം ചോദിക്കൽ

ഒരാളെ വിപത്ത് ബാധിക്കുകയോ അല്ലെങ്കിൽ അയാൾ വല്ലതും ഭയപ്പെടുകയോ ചെയ്താൽ അത്തരം സന്ദർഭങ്ങളിൽ തൻെറ ഹൃദയത്തിന്ന് സ്ഥൈര്യം നൽകാനപേക്ഷിച്ചു കൊണ്ട് തൻെറ ശൈഖിനോട് സഹായം തേടിയാൽ അത് ശിർക്കിൽ പെട്ടതായി. അത് ക്രൈസ്തവതയാണ്. ദുരിതം നീക്കം ചെയ്യുന്നവനും കാരുണ്യം ചൊരിയുന്നവനും തീർച്ചയായും അല്ലാഹുവാണ്. അവൻ പറയുന്നു: وَإِن يَمْسَسْكَ اللهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُوَ وَإِنْ يُرِدْكَ بِخَيرٍ فَلاَ رَآدَّ لِفَضْلِهِ (വല്ല ഉപദ്രവവും അല്ലാഹു നിനക്കു ബാധിപ്പിക്കുന്ന പക്ഷം അവനല്ലാതെ അതിനെ നീക്കം ചെയ്യുന്ന ഒരുവനുമില്ല. അവൻ നിനക്കു വല്ല നന്മയും ഉദ്ദേശിക്കുന്നുവെങ്കിലോ അവൻെറ ദയവിനേ (അനുഗ്രഹത്തെ) തട്ടിക്കളയുന്നവനുമില്ല-യൂനുസ്: 107)

അല്ലാഹു പറയുന്നു: ما يفتح الله للناس من رحمةٍ فلا ممسك لها وما يمسك فلا مُرسِل له من بعده

(കാരുണ്യമായുള്ള ഏതൊന്നിനെയും അല്ലാഹു മനുഷ്യർക്ക് തുറന്നു കൊടുക്കുന്നപക്ഷം അതിനെ പിടിച്ചു വെക്കുന്നവനില്ല. അവൻ എന്തെങ്കിലും പിടിച്ചുവെക്കുന്നതായാൽ, അതിനു

ശേഷം അതിനെ (തുറന്നു) വിടുന്നവനുമില്ല-ഫാതിർ: 2) അല്ലാഹു പറയുന്നു:

قل أرأيتكم ان أتاكم عـذاب الله او أتتكم السـاعـة أغـيـر الله تدعـون ان كنتم صادقين. بل اياه تدعـون فيكشف ما تدعون اليه إن شاء وتنسون ما تُشرِكون

((നബിയെ) പറയുക: നിങ്ങൾ കണ്ടുവോ? നിങ്ങൾക്ക് അല്ലാഹുവിൻെറ ശിക്ഷ വന്നെത്തുകയോ അല്ലെങ്കിൽ അന്ത്യസമയം വന്നെത്തുകയോ ചെയ്തുവെങ്കിൽ, അല്ലാഹു അല്ലാത്തവരെയോ നിങ്ങൾ വിളി(ച്ചു പ്രർഥി)ക്കുക? നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ! (ഇതൊന്നു പറയുവിൻ. കേൾക്കട്ടെ!) (അല്ല) എന്നാൽ നിങ്ങൾ അവനെത്തന്നെ വിളി(ച്ചു പ്രാർഥി)ക്കുന്നതാണ്. 'അപ്പോൾ നിങ്ങൾ ഏതൊന്നിലേക്ക് (അവനെ) വിളി(ച്ചു പ്രാർഥി)ക്കുന്നുവോ അവനിച്ഛരിക്കുന്നുവെങ്കിൽ അതിനെ അവൻ നീക്കം ചെയ്യുന്നു. നിങ്ങൾ (അവനോട്) പങ്കുചേർക്കുന്നവയെ നിങ്ങൾ വിസ്മരിക്കുകയും ചെയ്യുന്നു-(അൻആം: 40, 41) അല്ലാഹു പറയുന്നു:

قلِ ادعوا الذين زعمتم من دونه فلا يملكون كشف الضر عنكم ولا تحويلا اولئك الذين يدعون يبتغون الى ربهم الوسيلة ايهم اقرب ويرجون رحمته ويخافون عذابه ان عذاب ربك كان محذورا

(പറയുക അവനു (അല്ലാഹുവിനു) പുറമെ (ദൈവങ്ങളെന്നു) വാദിച്ചവരെ നിങ്ങൾ വിളിച്ചു പ്രാർഥിച്ചു കൊള്ളുവിൻ. എന്നാൽ നിങ്ങളിൽ നിന്ന് ഉപദ്രവം നീക്കിത്തരാനാവട്ടെ സ്ഥിതിമാറ്റം വരുത്തുവാനാകട്ടെ അവർക്കു സാദ്ധ്യമാകുന്നതല്ല. അവർ വിളി(ച്ചു പ്രാർഥി)ക്കുന്നവരായ അക്കൂട്ടർ, തങ്ങളുടെ റബ്ബിങ്കലേക്ക്

സമീപനമാർഗ്ഗം തേടിക്കൊണ്ടിരിക്കുന്നു. അതായത്. അവരിൽ അധികം അടുത്തവരേതൊ അവർ (തന്നെ). അവർ അവൻെറ കാരുണ്യം അഭിലഷിക്കുകയും അവൻെറ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിശ്ചയമായും നിൻെറ റബ്ബിൻെറ ശിക്ഷ (ജാഗ്രതയോടെ) കരുതിയിരിക്കേണ്ടതാണ് - ഇസ്റാഅ്: 56, 57)

അപ്പോൾ വിളിച്ചു പ്രാർഥിക്കപ്പെടുന്നവർ - അവർ മാലാഖമാരോ നബിമാരോ മറ്റാരോ ആവട്ടെ- ഉപദ്രവം നീക്കാനോ സ്ഥിതിമാറ്റം വരുത്താനോ സാധിക്കുന്നവരല്ലെന്ന് വ്യക്തമായി.

ഞാൻ ശൈഖിനെ വിളിക്കുന്നത് അദ്ദേഹം എനിക്ക് ശുപാർശകനായിത്തീരാൻ വേണ്ടിയാണ് എന്ന് ഒരാൾ പറഞ്ഞെന്നിരിക്കട്ടെ- മറിയമിനോടും പുരോഹിതന്മാരോടും പാതിരിമാരോടുമുള്ള ക്രിസ്ത്യാനികളുടെ പ്രാർഥനയുടെ ഗണത്തിൽ പെട്ടു അപ്പോഴത്. എന്നാൽ ഒരു സത്യവിശ്വാസി അവൻെറ റബ്ബിനെ ആശിക്കുകയും ഭയക്കുകയും ചെയ്യും. കീഴ്വണക്കം അല്ലാഹുവിന്ന് മാത്രമാക്കിക്കൊണ്ട് നിഷ്കളങ്കമായി അവനോട് പ്രാർഥിക്കുകയും ചെയ്യും.

അവന് വേണ്ടി കരുണയ്ക്ക് ചോദിക്കാനും അവന്നു വേണ്ടി പ്രാർഥിക്കാനും അവൻെറ ശൈഖിന് അവകാശമുണ്ട്. എന്നാൽ ഏറ്റവും ഉൽകൃഷ്ടമായ സൃഷ്ടി നബി(സ)യാകുന്നു. അവിടുത്തെ അനുചരന്മാരാവട്ടെ അദ്ദേഹത്തിൻെറ കൽപനയും സ്ഥാനവും ജനങ്ങളിൽ എറ്റവും (നന്നായി) അറിവുള്ളവരും ജനങ്ങളിൽ ഏറ്റവും അധികം അദ്ദേഹത്തെ അനുസരിച്ചവരുമാകുന്നു. വിഭ്രാന്തിയുടേയോ ഭയപ്പാടിൻെറയോ സമയത്ത് "എ

ൻെറ യജമാനരേ, അല്ലാഹുവിൻെറ റസൂലേ..." എന്നൊക്കെ പറയാൻ അദ്ദേഹം അവരിലാരോടും കൽപിച്ചിരുന്നില്ല. അവിടുത്തെ ജീവിത കാലത്തോ തിരുമേനി(സ)യുടെ മരണശേഷമോ അവരാരും അപ്രകാരം പ്രവർത്തിച്ചിരുന്നുമില്ല. പ്രത്യുത അല്ലാഹുവിനെ സ്മരിക്കാനും അവനോട് പ്രാർഥിക്കാനും നബി(സ)യുടെ മേൽ സ്വലാത്തും സലാമും ചൊരിയാനുമാണ് അവരോട് തിരുമേനി(സ) കൽപിച്ചത്. അല്ലാഹു പറയുന്നു:

الذين قال لهم الناس ان الناس قد جمعوا لكم فاخشوهم فزادهم ايمانا وقالوا حسبنا الله ونعم الوكيل. فانقلبوا بنعمة من الله وفضل لم يمسسهم سوء واتبعوا رضوان الله والله ذوفضل عظيم

(അതായത്) യാതൊരു കൂട്ടർക്ക്, അവരോട് ജനം പറഞ്ഞു നിശ്ചയമായും നിങ്ങളോട് (നേരിടുവാൻ ആ) മനുഷ്യർ (ആളുകളെ) ശേഖരിച്ചിട്ടുണ്ട്. ആകയാൽ, നിങ്ങൾ അവരെ പേടിച്ചുകൊള്ളുവിൻ. അപ്പോൾ അതവർക്ക് വിശ്വാസം വർദ്ധിപ്പിച്ചു. അവർ പറയുകയും ചെയ്തു. നമുക്കല്ലാഹു മതി. അവൻ എത്രയോ നല്ല ഭരമേല്പിക്കുന്നൻ! അങ്ങനെ അവർ അല്ലാഹുവിങ്കൽ നിന്നുള്ള ഒരു (മഹത്തായ) അനുഗ്രഹവും ഔദാര്യവുമായി തിരിച്ചെത്തി. ഒരു തിന്മയും അവരെ സ്പർശിച്ചില്ല. (മാത്രമല്ല) അവർ അല്ലാഹുവിൻെറ പ്രീതി പിൻപറ്റുകയും ചെയ്തു. അല്ലാഹുവാകട്ടെ വമ്പിച്ച ഔദാര്യവാനുമാകുന്നു- ആലു ഇംറാൻ: 173, 174)

ഇബ്റാഹിം നബി(അ) യെ തീയലെറിയപ്പെട്ടപ്പോൾ അദ്ദേഹം ഈ വാക്യം (ഹസ്ബുനല്ലാഹു വനിഅ്മൽ വകീൽ

എന്ന്) ഉച്ചരിച്ചിരുന്നതായി ഇബ്നു അബ്ബാസിൽ നിന്ന് ബുഖാരി സ്വഹീഹായുദ്ധരിക്കുന്നുണ്ട്.

ജനങ്ങൾ വന്നു പറഞ്ഞു: "ആളുകൾ ഇതാ താങ്കൾക്കെതിരിൽ സംഘടിച്ചിരിക്കുന്നു." അപ്പോൾ മുഹമ്മദ്(സ)യും അനുചരന്മാരും ആ വാക്യം (ഹസ്ബുനല്ലാഹു വനിഅ്മൽ വകീൽ എന്ന്) ഉച്ചരിച്ചിട്ടുണ്ട്.

വിപൽഘട്ടങ്ങളിൽ നബി(സ) (ഇങ്ങനെ) പറയുന്നതായി ഹദീസിൽ വന്നിട്ടുണ്ട്:

لا اله الا الله العظيم الحليم، لا اله الا الله رب العرش الكريم،
لا اله الا الله رب السموات والارض ورب العرش العظيم،

(മഹാനും സഹനശീലനുമായ അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ല. ആദരണീയ സിംഹാസനത്തിൻെറ നാഥനായ അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ല. ആകാശങ്ങളുടെയും ഭൂമിയുടെയും നാഥനും മഹത്തായ സിംഹാസനത്തിന്നധിപനുമായ അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ല.)

അവിടുത്തെ കുടുംബക്കാരിൽ ചിലർക്ക് ഇത്തരം പ്രാർഥന തിരുമേനി(സ) പഠിപ്പിച്ചു കൊടുത്തിരുന്നതായി നിവേദനമുണ്ട്. നബി(സ)യെ വല്ല കാര്യവും വിഷമിപ്പിച്ചാൽ അവിടുന്ന് يا حي يا قيوم برحمتك استغيث (എന്നെന്നും ജീവിക്കുന്നവനും നില നില്ക്കുന്നവനുമായവനെ.... നിൻെറ കാരുണ്യം കൊണ്ട് ഞാൻ സഹായം തേടുന്നു) എന്ന് പറയുമായിരുന്നെന്ന് ഹദീസിൽ വന്നിട്ടുണ്ട്. തിരുമേനി(സ) തൻെറ മകൾ ഫാത്വിമ(റ)യോട് يا حي يا قـوم ، يا بديع السـموات والارض، لا الـه الا انت ، برحـمتك استـغيث، اصلح

لي شئني كله، ولا تكلني الى نفسي طرفة عين ولا الى احد من خلقك

(നിത്യ ജീവന്നുടമയായ നിയന്താവെ, ആകാശങ്ങളെയും ഭൂമിയെയും മാതൃകയില്ലാതെ സൃഷ്ടിച്ചവനെ നീയല്ലാതെ ഒരാരാധ്യനുമില്ല. നിൻെറ കാരുണ്യം കൊണ്ട് ഞാൻ സഹായം തേടുന്നു. എൻെറ കാര്യങ്ങളെല്ലാം എനിക്കു നീ ശരിയാക്കിത്തരേണമേ..... എന്നിലേക്കോ നിൻെറ സൃഷ്ടികളിൽ പെട്ട ഒരാളിലേക്കോ ഒരു നിമിഷം പോലും എന്നെ നീ ഏല്പിക്കരുതേ....) എന്ന് പറയാൻ പഠിപ്പിച്ചിരുന്നതായും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

ഇമാം അഹ്മദ്(റ) തൻെറ مسند ലും, അബീ ഹാതിമുൽ ബുസ്തിയുടെ സ്വഹീഹിലും നബി(സ) പറഞ്ഞതായി ഇബ്നു മസ്ഊദ്(റ) റിപ്പോർട്ട് ചെയ്യുന്നു: ഒരു അടിമക്ക് വിഷമമോ ദുഃഖമോ അനുഭവപ്പെടുകയും അപ്പോഴവൻ

اللهم اني عبدك وابن عبدك وابن امتك ، ناصيتي بيدك، ماضٍ في حكمك، عدل في قضاؤك اسألك بكل اسم هولك سميت به نفسك او انزلته في كتابك، او علمته احدا من خلقك، او استأثرت به علم الغيب عندك، ان تجعل القرآن العظيم ربيع قلبي ونور صدري وجلاء حزني وذهاب همي وغمي

(അല്ലാഹുവെ, നിശ്ചയം ഞാൻ നിൻെറ അടിമ, നിൻെറ അടിമയുടെ പുത്രൻ. നിൻെറ ദാസിയുടെ സന്താനം. എൻെറ നിയന്ത്രണം നിൻെറ കയ്യിലാണ്. എന്നിൽ വന്നു പോകുന്നത് നിൻെറ തീരുമാനമാണ്. നീതി, നിൻെറ വിധിയിലാണ്. നീ സ്വയം പേര് വെച്ച, അല്ലെങ്കിൽ നിൻെറ ഗ്രന്ഥത്തിലൂടെ നീ അവതീർണ്ണമാക്കിയ, അല്ലെങ്കിൽ നിൻെറ സൃഷ്ടികളിലാർക്കെങ്കിലും നീ പഠിപ്പിച്ച, അല്ലെങ്കിൽ നിൻെറ അദൃശ്യ ജ്ഞാ

നത്തിൽ നിന്ന് നീ തിരഞ്ഞെടുത്ത, നിനക്കുള്ള എല്ലാ നാമങ്ങളുടെ പേരിലും ഞാൻ നിന്നോടു ചോദിക്കുന്നു: വിശുദ്ധ ഖുർആൻ എന്റെ ഹൃദയത്തിന്റെ വസന്തമാക്കണേ...., എന്റെ മനസ്സിന്റെ പ്രകാശവുമാക്കണേ...., എന്റെ ദുഃഖം നീക്കം ചെയ്യണേ...., എന്റെ വ്യാകുലതയും അസന്തുഷ്ടിയും ഇല്ലാതാക്കണേ...) എന്ന് പറയുകയും ചെയ്താൽ അല്ലാഹു അവന്റെ ദുഃഖവും വിഷമവും പോക്കിക്കളയുകയും ആ സ്ഥാനത്ത് സന്തോഷം പകരം നൽകുകയും ചെയ്യുന്നതാണ്. അവർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! ഞങ്ങളിത് പഠിക്കട്ടെയോ?' തിരുമേനി (സ) പറഞ്ഞു: 'ഇത് കേട്ടവരൊക്കെ പഠിക്കൽ അനിവാര്യമാണ്.'

തിരുമേനി(സ) തന്റെ സമുദായത്തോട് പറഞ്ഞു:

إن الشمش والقمر آيتان من آيات الله لا ينكسفان لموت احد ولا لحياته ولكن الله يخوف بهما عباده، فإذا رئيتم ذلك فافزعوا الى الصلاة وذكر الله والاستغفار

(സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ട രണ്ടു ദൃഷ്ടാന്തങ്ങളാണ്. ഒരാളുടെയും ജനനമോ മരണമോ മൂലം അവയ്ക്ക് ഗ്രഹണം ബാധിക്കുന്നില്ല. പക്ഷെ അല്ലാഹു അവ കൊണ്ട് അവന്റെ അടിമകളെ ഭയപ്പെടുത്തുന്നു. നിങ്ങള പ്രകാരം കണ്ടാൽ നമസ്ക്കാരത്തിലേക്ക് വേഗം വരുവിൻ; അല്ലാഹുവിന്റെ സ്മരണയിലേക്കും പാപ മോചനത്തിലേക്കും)

അപ്പോൾ ഗ്രഹണം ബാധിച്ചാൽ നമസ്ക്കരിക്കാനും പ്രാർഥിക്കാനും (അല്ലാഹുവിനെ) സ്മരിക്കാനും, (അടിമയെ) മോചിപ്പിക്കാനും ധർമ്മം ചെയ്യുവാനും നബി(സ) അവരോട്

കല്പിച്ചു. സൃഷ്ടികളെ വിളിച്ചു പ്രാർഥിക്കാനോ മലക്കിനോടൊ, നബിയോടൊ, സൃഷ്ടികളിലാരെക്കൊണ്ടോ (ആരുമാവട്ടെ) വിളിച്ചു പ്രാർഥിക്കാനോ അവരോട് കല്പിച്ചിരുന്നില്ല.

നബി ചര്യകളിൽ ഇങ്ങനെ ധാരാളം കാണാം. ഭയപ്പാടിന്റെ നേരത്ത് അല്ലാഹു കല്പിച്ചതായ അല്ലാഹുവോടുള്ള പ്രാർഥന, അവനെ സ്മരിക്കൽ, അവനോട് പാപമോചനം തേടൽ, നമസ്കാരം, ധർമ്മം ഇതുപോലുള്ളതല്ലാത്ത ഒന്നും തിരുമേനി(സ) നിയമമാക്കിയിട്ടില്ല. അപ്പോൾ അല്ലാഹുവിലും അവന്റെ ദൂതരിലും വിശ്വസിച്ച ഒരു സത്യവിശ്വാസി, അല്ലാഹുവും അവന്റെ റസൂലും ശറആക്കിയതിൽ നിന്നും യാതൊരു തെളിവുമില്ലാത്ത, ക്രിസ്തീയരുടെയും ബഹുദൈവാരാധകരുടെയും മാർഗ്ഗത്തിനു സമാനമായ അനാചാരത്തിലേക്ക് എങ്ങനെയാണ് വ്യതിചലിച്ചുപോവുക!

ഇതുപോലുള്ളത്(ശൈഖിനോടു പ്രാർഥിച്ചത്) കൊണ്ട് തന്റെ ആവശ്യം പൂർത്തീകരിച്ചുവെന്നും അവന്റെ ശൈഖ് അവന്ന് പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നും മറ്റും ഒരാൾ ജൽപ്പിച്ചാൽ, (അറിയുക) നക്ഷത്ര-വിഗ്രഹാരാധകരും അവരെപ്പോലുള്ളവരുമായ ശിർക്കിന്റെ ആളുകളിലും ഇതുപോലെ സംഭവിച്ചിട്ടുണ്ട്. മുൻ കഴിഞ്ഞുപോയ ബഹുദൈവാരാധകരിലും ഇക്കാലത്തെ ബഹുദൈവാരാധകരിലും അതേപ്പറ്റി ധാരാളം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്ങനെയല്ലായിരുന്നെങ്കിൽ വിഗ്രഹങ്ങളെയും മറ്റും ആരാധിക്കപ്പെടുമായിരുന്നില്ലല്ലോ! ഇബ്റാഹീം (അ) പറഞ്ഞു:

واجنبني وبني ان نعبد الأصنام. رب انهن اضللن كثيرا من الناس

(എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാ

ധിക്കുന്നതിൽ നിന്ന് അകറ്റുകയും ചെയ്യേണമേ! എൻെറ നാഥാ! നിശ്ചയമായും അവ മനുഷ്യരിൽ വളരെ ആളുകളെ വഴി പിഴപ്പിച്ചിരിക്കുന്നു -ഇബ്റാഹീം: 35, 36)

❒

# ബിംബാരാധനയുടെ തുടക്കം

ഇബ്റാഹീം (അ) ൻെറ (കാല)ശേഷം മക്കാമണ്ണിൽ ബഹുദൈവാരാധന ആദ്യമായി പ്രത്യക്ഷപെട്ടത് അംറുബിനുൽ ലുഹയ്യുൽ ഖുസാഈ വഴിക്കാണെന്ന് പറയപ്പെടുന്നു. അയാളാണ് തൻെറ കുടൽമാലയുമായി നരകത്തിൽ കെട്ടിമറിയുന്നത് (മിഅ്റാജിൻെറ രാത്രിയിൽ) നബി(സ) കണ്ട വ്യക്തി. നേർച്ച മൃഗങ്ങളെ വിഗ്രഹങ്ങൾക്ക് നേരുന്ന സമ്പ്രദായം ആദ്യമായി തുടങ്ങിയവനും ഇബ്റാഹീം (അ)ൻെറ ദീനിനെ മാറ്റി മറിച്ചവനും ഇയാൾ തന്നെ! ഉപദ്രവങ്ങൾ തടയാനും ഉപകാരം ചെയ്യാനും കഴിവുണ്ടെന്ന് ജല്പിക്കുന്ന, സിറിയയിലെ 'ബൽഖാഉ'കാരുടെ വിഗ്രഹം അയാൾ കണ്ടു. അങ്ങനെ അയാളത് മക്കയിലേക്ക് കൊണ്ടു വരുകയും വിഗ്രഹാരാധനയും ബഹുദൈവാരാധനയും അറബികളിൽ ഒരു സമ്പ്രദായമാവുകയും ചെയ്തു.

ശിർക്ക്, മാരണം, വധം, വ്യഭിചാരം, കള്ളസാക്ഷ്യം, മദ്യപാനം മുതലായവ അല്ലാഹുവും അവൻെറ റസൂലും ഹറാമാക്കിയ കാര്യങ്ങളാണല്ലോ. അത് ചിലപ്പോൾ ശരീരത്തിന് ഉപകാരമുള്ളതോ ഉപദ്രവം തടയുന്നതോ ആയേക്കാം. അതുണ്ടായിരുന്നില്ലെങ്കിൽ ഒരു നിലക്കും യാതൊരു പുണ്യവുമില്ലാത്ത ഈ ഹറാമുകളിലേക്ക് ആളുകൾ പോകുമായിരുന്നില്ലല്ലോ.

മനുഷ്യനെ ഹറാമിൽ വീഴ്ത്തുന്നത് അജ്ഞതയോ സ്വാർഥതയോ മാത്രമായിരിക്കും. ഒരു കാര്യം ചീത്തയാണെന്നും വിരോധിക്കപ്പെട്ടതാണെന്നും അറിയുന്നവൻ എങ്ങനെയാണത് പ്രവർത്തിക്കുക! ഇതൊക്കെ പ്രവർത്തിക്കുന്നവർ ഒരു പക്ഷെ ഇത് കൊണ്ടുണ്ടാവുന്ന കുഴപ്പമെന്തെന്നറിയാത്തവരായിരിക്കും. അല്ലെങ്കിൽ അതിനോട് പ്രതിപത്തിയോ ആവശ്യമോ ഉള്ളവരായിരിക്കും. അതിൻെറ രുചിയെക്കാൾ അതു കൊണ്ടുണ്ടാവുന്ന ദോഷം ചിലപ്പോൾ കൂടുതലായേക്കാം. അവരുടെ വിവരക്കേടോ താന്തോന്നിത്തമോ കൊണ്ടാണ് അവരിതൊക്കെ ചെയ്യുന്നത് എന്ന് അവരറിയുന്നില്ല. ദേഹേച്ഛ മിക്കപ്പോഴും അതിൻെറ ഉടമയെ സത്യത്തിൽ നിന്ന് ഒന്നും അറിയാത്തവനെപ്പോലെയാക്കി മാറ്റും. അങ്ങനെ ഒരു വസ്തുവിനോടുള്ള നിൻെറ ഭ്രമം നിന്നെ അന്ധനും ബധിരനുമാക്കിത്തീർക്കും. അത് കൊണ്ടാണ് അറിവുള്ളവർ അല്ലാഹുവെ ഭയപ്പെടുന്നത്.

അബുൽ ആലിയ പറയുന്നു: انما التوبة على الله للذين يعملون السوء بجهلة ثم يتوبون من قريب (നിശ്ചയമായും പശ്ചാത്താപം സ്വീകരിക്കാൻ അല്ലാഹുവിന്ന് (ബാധ്യത) ഉള്ളത്. അവിവേകം മൂലം തിന്മ പ്രവർത്തിക്കുകയും പിന്നെ, അടുത്ത് (തന്നെ) പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് (മാത്രം) ആകുന്നു- നിസാഅ്: 17) എന്ന സൂക്തത്തെകുറിച്ച് ഞാൻ നബി (സ)യുടെ അനുചരന്മാരോട് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: "അല്ലാഹുവിനോട് അനുസരണക്കേട് കാട്ടിയവരെല്ലാം അറിവില്ലാത്തവരാണ്. മരണത്തിന് മുമ്പ് പശ്ചാത്തപിച്ചു മടങ്ങിയവരെല്ലാം ഉടൻ പശ്ചാത്തപിച്ചവരിൽ

പെട്ടവരുമായി." വിരോധിക്കപ്പെട്ടത് പ്രവർത്തിക്കുന്നതിനാൽ ഉണ്ടാവുന്ന അത്യധികമായ കുഴപ്പത്തെ പറ്റിയോ, കൽപ്പിക്കപ്പെട്ടത് പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന ഉന്നതമായ ഗുണത്തെ പറ്റിയോ വിശദമായി വിവരിക്കാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. പക്ഷെ, ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം അല്ലാഹു കൽപ്പിച്ചതിൽ മെച്ചപ്പെട്ട ഗുണമുണ്ടെന്നും അല്ലാഹു വിരോധിച്ചതിൽ വളരെയധികം കുഴപ്പങ്ങളുണ്ടെന്നും അവന് മനസ്സിലാക്കാനാവും. അല്ലാഹു അവൻെറ അടിമകളോട് നല്ലത് കൽപ്പിച്ചത് അവന്ന് (അല്ലാഹുവിന്ന്) അവരെക്കൊണ്ട് ആവശ്യമുണ്ടായതു കൊണ്ടോ ചീത്തകാര്യങ്ങൾ വിരോധിച്ചത് അവന്ന് (അല്ലാഹുവിന്ന്) അവരോടുള്ള ലുബ്ധത കൊണ്ടോ അല്ല. പ്രത്യുത, അവർക്ക് ഗുണകരമായതു കൊണ്ടാണ് അവൻ കൽപ്പിച്ചതും അവർക്ക്ദോഷമുണ്ടാവുമെന്നതു കൊണ്ടാണവൻ വിരോധിച്ചതും. അതുകൊണ്ടാണ് അല്ലാഹു തൻെറ ദൂതനെ സംബന്ധിച്ച് (ഇങ്ങനെ) വിശേഷിപ്പിച്ചത്. يأمرهم بالمعروف وينهاهم عن المنكر ويحل لهم الطيبات ويحرم عليهم الخبئث (അവരോടദ്ദേഹം സദാചാരം കൊണ്ട് കൽപ്പിക്കുകയും ദുരാചാരത്തെക്കുറിച്ച് വിരോധിക്കുകയും ചെയ്യും. അവർക്കദ്ദേഹം നല്ല (വിശിഷ്ട) വസ്തുക്കൾ അനുവദനീയമാക്കിക്കൊടുക്കുകയും ദുഷിച്ച (ചീത്ത) വസ്തുക്കൾ അവർക്ക് നിഷിദ്ധമാക്കുകയും ചെയ്യും.- അഅ്റാഫ്-157)

# ഖബർ തടവൽ

ആരുടെ ഖബറായാലും, അത് നബിമാരുടെ ഖബറാ യാലും ശരി, തടവുന്നതും ചുംബിക്കുന്നതും അതിൻമേൽ കവി ളിട്ടടിക്കുന്നതും വിരോധിക്കപ്പെട്ടതാണെന്ന കാര്യത്തിൽ മു സ്ലിം സമൂഹം ഒന്നടങ്കം യോജിച്ചിട്ടുണ്ട്. പൂർവ്വികരായ സമൂഹ മോ അവരുടെ ഇമാമുകളോ അപ്രകാരം ചെയ്തിട്ടില്ല. എന്നാൽ ഇത് ശിർക്കാണ്. അല്ലാഹു പറയുന്നു: وقالوا لا تذرن ألهتكم ولا تذرن ودا ولا سواعا ولا يغوث ويعوق ونسرا وقد اضلوا كثيرا (അവർ പറഞ്ഞു: (ജനങ്ങളെ) തീർച്ചയായും നിങ്ങളുടെ ദൈവങ്ങളെ നിങ്ങൾ വിട്ടേക്കരുത്. വദ്ദിനെയാവട്ടെ സുവാഇനെയാവട്ടെ നിങ്ങൾ വിട്ടേക്കരുത്. യഊഖിനെയും യഗൂഥിനെയും നസ്റിനെയും (വിട്ടേക്കുകയും) അരുത് (എ ന്നൊക്കെ). അവർ (ജനങ്ങളെ) വളരെ വഴിപ്പിഴപ്പിച്ചിട്ടുണ്ട്. നൂ ഹ്: 23,24). നൂഹ് നബി(അ) യുടെ ജനതയിൽപെട്ട സജ്ജനങ്ങളാ യ ആളുകളുടെ പേരുകളാണ് (ഇവിടെ) പരാമർശിക്കപ്പെട്ടത്. അവർ (പ്രസ്തുത ആളുകളുടെ) ഖബറിന്നടുക്കൽ കാലങ്ങ ളോളം ഭജനമിരുന്നു. പിന്നെ കാലങ്ങളങ്ങനെ കടന്നുപോയി. അങ്ങനെ അവർ അവരുടെ (പ്രസ്തുത ആളുകളുടെ) രൂ പങ്ങളുണ്ടാക്കിവെച്ചു.

മയ്യിത്തിനോടുള്ള പ്രാർഥനയും അതിനോട് സഹായം ചോദിക്കലും ഇതിനോട് അന്വയിച്ചു വന്നാൽ പ്രത്യേകിച്ചും (ഇത് ശിർക്കായിത്തീരും). ഇതേപ്പറ്റിയും; ശിർക്കിൻെറ വിശദീ കരണം, ക്രിസ്ത്യൻ സമൂഹത്തോടനുകരിച്ചു കൊണ്ടുള്ള അനാ ചാരമായ സന്ദർശനവും ശറഇയ്യായ സന്ദർശനവും തമ്മിലുള്ള വ്യത്യാസം എന്നിവ സംബന്ധിച്ചും നേരത്തെ പറഞ്ഞിട്ടുണ്ട്.

❒

## മഹാന്മാർക്ക് തലകുനിക്കലും ഭൂമി ചുംബിക്കലും

ഉന്നതരായ ശൈഖുമാർക്കോ മറ്റുള്ളവർക്കോ വേണ്ടി തലകുനിക്കുകയും ഭൂമി ചുംബിക്കുകയും മറ്റും ചെയ്യൽ നിഷിദ്ധമാണെന്നതിൽ ഇമാമുകൾ ഏകാഭിപ്രായക്കാരാണ്. അല്ലാഹുവല്ലാത്തവർക്ക് മുതുകു കുനിക്കൽ പോലും നിഷിദ്ധമാണ്. (ഇമാം അഹ്മദ് (റ)ൻെറ) മുസ്നദിലും മറ്റും (ഇപ്രകാരം) വന്നിട്ടുണ്ട്.

ان معاذبن جبل رضي الله عنه لما رجع من الشام سجد للنبي صلى الله عليه وآله وسلم فقال: ماهذا يا معاذ؟ فقال: يا رسول الله رأيتهم فى الشام يسجدون لا ساقفتهم و بطارقتهم، ويذكرون ذلك عن انبيائهم، فقال: كذبوا يامعاذ! لو كنت آمرا أحدا يسجد لأحد لأمرت المرأة ان تسجد لزوجها من عظم حقه عليها، يا معاذ! أرأيت ان مررت بقبري أكنت ساجدا؟ قال: لا، قال: لا تفعل هذا

(മുആദ് ബിൻ ജബൽ(റ) സിറിയയിൽ നിന്ന് മടങ്ങി വന്നപ്പോൾ നബി(സ)ക്ക് സുജൂദ് - സാഷ്ടാംഗം - ചെയ്തു. അപ്പോൾ തിരുമേനി(സ) ചോദിച്ചു: "മുആദെ, എന്താണിത്?" അപ്പോഴദ്ദേഹം

പറഞ്ഞു: "അല്ലാഹുവിൻെറ റസൂലെ! സിറിയയിൽ അവരുടെ ബിഷപ്പുമാർക്കും പാതിരിമാർക്കും അവർ സാഷ്ടാംഗം ചെയ്യുന്നതായിട്ട് ഞാനവരെ കണ്ടു. അപ്രകാരം അവർ അവരുടെ നബിമാർക്കും ചെയ്തതായി പറയുന്നു." അപ്പോൾ തിരുമേനി (സ) പറഞ്ഞു: "അവർ കളളം പറയുകയാണ്. മുആദേ....! ഞാനൊരാളോട് ഒരാൾക്ക് സുജൂദ് ചെയ്യാൻ കൽപ്പിക്കുമായിരുന്നെങ്കിൽ സ്ത്രീയോട് തൻെറ ഭർത്താവിന്, അയാൾക്ക് അവളിലുള്ള ഗൗരവമാർന്ന അവകാശത്തിൻെറ പേരിൽ സുജൂദ് ചെയ്യാൻ കൽപ്പിക്കുമായിരുന്നു. മുആദേ, എൻെറ ഖബറിന്നടുത്തു കൂടി താങ്കൾ നടന്നുപോവുമ്പോൾ താങ്കൾ സുജൂദ് ചെയ്യുമോ?" അദ്ദേഹം പറഞ്ഞു: "ഇല്ല". തിരുമേനി (സ) പറഞ്ഞു: "അപ്രകാരം ചെയ്യരുത്").

ജാബിർ (റ)ൽ നിന്ന് സ്ഥിരപ്പെട്ടു വന്ന ഹദീസിൽ നബി(സ)ക്കു വന്നുചേർന്ന ഒരു രോഗത്തിൽ തൻെറ അനുചരന്മാർക്ക് (ഇമാമായി) ഇരുന്നു കൊണ്ടും അവർ നിന്ന് കൊണ്ടും നമസ്കരിച്ചപ്പോൾ തിരുമേനി (സ) അവരോട് ഇരിക്കാൻ കൽപ്പിച്ചു. എന്നിട്ടു അവിടുന്ന് പറഞ്ഞു: لا تعظموني كما تعظم الأعاجم بعضهم بعضا ("അനറബികൾ പരസ്പരം ബഹുമാനിക്കുന്നത പോലെ എന്നെ നിങ്ങൾ ബഹുമാനിക്കരുത്"). തിരുമേനി (സ) പറഞ്ഞു: من سره ان يتمثل له الناس قياما فليتبوأ مقعده من النار (ആളുകൾ തനിക്കു വേണ്ടി എഴുന്നേറ്റു നിൽക്കുന്നതിൽ ആർക്കെങ്കിലും സന്തോഷം തോന്നുന്നുവെങ്കിൽ അയാൾ നരകത്തിൽ തനിക്കൊരു ഇരിപ്പിടം പ്രതീക്ഷിച്ചു കൊള്ളട്ടെ.)

നമസ്ക്കാരത്തിന്ന് വേണ്ടി നില്ക്കുന്നവരായാൽ പോലും ഇരിക്കുന്നതിനോടൊപ്പം (അവർ നിൽക്കുന്നത്) തിരുമേനി (സ) അവരെ വിരോധിച്ചു; മഹാന്മാരെ ആദരിക്കുന്നതിന്നായി നിൽക്കുന്നവരോട് അവർ സാദൃശ്യമാവാതിരിക്കാൻ വേണ്ടി. തനിക്കു വേണ്ടി എഴുന്നേറ്റു നിൽക്കുന്നതിൽ ഒരാൾ സന്തോഷിച്ചാൽ അവൻ നരകാവകാശിയാണെന്നും, തിരുമേനി(സ) വ്യക്തമാക്കി. അപ്പോഴെങ്ങനെയാണ് സുജൂദ് ചെയ്താലും തല വെച്ചാലും കൈകൾ ചുംബിച്ചാലുമുള്ള അവസ്ഥ?

അല്ലാഹുവിൻെറ ഖലീഫയായ ഉമർ ബിൻ അബ്ദിൽ അസീസ്(റ), തൻറടുത്തേക്ക് കടന്നു വരുന്നവർ ഭൂമി ചുംബിക്കുന്നത് തടയാനും അങ്ങനെ ചുംബിക്കുന്നവർക്ക് മര്യാദ പഠിപ്പിക്കാനുമായി ആളുകളെ ഏർപ്പാടു ചെയ്തിരുന്നു.

മൊത്തത്തിൽ, നിർത്തവും ഇരുത്തവും കുനിയലും സാഷ്ടാംഗ പ്രണാമവുമൊക്കെ ആകാശ ഭൂമികളുടെ സ്രഷ്ടാവായ ഏകനായ ആരാധ്യന്ന് അവകാശപ്പെട്ടതാണ്. നിഷ്കളങ്കമായും അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ട ഒന്നിൽ മറ്റാർക്കും അവകാശമുണ്ടായിരിക്കുന്നതല്ല; അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്നത് പോലെ. നബി(സ) പറഞ്ഞിട്ടുണ്ട് من كان حالفا فليحلف بالله او ليصمت (ആരെങ്കിലും സത്യം ചെയ്യുന്നുവെങ്കിൽ അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്യട്ടെ. അല്ലെങ്കിൽ മൗനം പാലിച്ചു കൊള്ളട്ടെ- ബുഖാരി, മുസ്ലിം) അവിടുന്ന് വീണ്ടും പറഞ്ഞു: من حلف بغير الله فقد اشرك (അല്ലാഹു അല്ലാത്തവരെക്കൊണ്ടു സത്യം ചെയ്തവൻ ശിർക്കു ചെയ്തു.)

അപ്പോൾ പങ്കാളിയില്ലാത്തവനും ഏകനുമായ അല്ലാഹുവിന്ന് മാത്രമാണ് സർവ്വ ആരാധനകളും.

وما امروا الا ليعبدوا الله مخلصين له الدين حنفاء و يقيموا الصلاة ويؤتوا الزكواة وذلك دين القيمة

(മതത്തെ-കീഴ്വണക്കത്തെ- അല്ലാഹുവിന്ന് നിഷ്കളങ്കരാക്കി ക്കൊണ്ട് ഋജുമാനസരായ നിലയിൽ, അവനെ ആരാധിക്കുവാനും നമസ്ക്കാരം നിലനിർത്തുവാനും സകാത്ത് കൊടുക്കുവാനും അല്ലാതെ അവരോട് കൽപ്പിക്കപ്പെട്ടിട്ടില്ല താനും. അതത്രെ ചൊവ്വായ മാർഗ്ഗത്തിൻെറ മതം (നടപടി) -ബയ്യിന: 5) നബി(സ) പറഞ്ഞതായി ഹദീസിൽ (ഇങ്ങനെ) വന്നിട്ടുണ്ട്.

إن الله يرضى لكم ثلاثا: ان تعبدوه ولا تشركوا به شيئا، وأن تعتصموا بحبل الله جميعا ولا تفرقوا، وان تناصحوا من ولاه الله أمركم

(തീർച്ചയായും, അല്ലാഹു മൂന്ന് കാര്യങ്ങൾ നിങ്ങളോട് താൽ പര്യപ്പെടുന്നു. അവനെ മാത്രം നിങ്ങൾ ആരാധിക്കുക, അവ നോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കാതിരിക്കുകയും ചെയ്യുക, അല്ലാഹുവിൻെറ ഖുർആനെ നിങ്ങളെല്ലാവരും (ഒരുമിച്ചു കൊണ്ട്) മുറുകെ പിടിക്കുക; നിങ്ങൾ ഭിന്നിക്കരുത്. അല്ലാഹു നിങ്ങളുടെ കാര്യം ഏൽപ്പിച്ചവർക്ക് നിങ്ങൾ സദുപദേശം നൽകുക).കീഴ്വണക്കം നിഷ്കളങ്കമായും അല്ലാഹുവിന്ന് മാത്രമാക്കുക എന്നതാണ് ആരാധനയുടെ അടിത്തറ.

വ്യക്തമോ അവ്യക്തമോ നിസ്സാരമോ ഗൗരവമോ ആയ (എല്ലാതരം) ശിർക്കും നമ്മുടെ നബി(സ) വിരോധിച്ചിട്ടുണ്ട്. സു

ര്യോദയ സമയത്തും സൂര്യാസ്തമന സമയത്തും നമസ്കാരം വിരോധിച്ചു കൊണ്ടുള്ള വിവിധങ്ങളായ ഉദ്ധരണികൾ നബി (സ)യിൽ നിന്ന് സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. ഒരിക്കൽ അവിടുന്ന് പറഞ്ഞു: لا تحروا بصلاتكم طلوع الشمس ولا غروبها

(സൂര്യൻ ഉദിച്ചു കൊണ്ടിരിക്കുമ്പോഴും അസ്തമിച്ചു കൊണ്ടിരിക്കുമ്പോഴും നിങ്ങൾ നമസ്കരിക്കാൻ ഉദ്ദേശിക്കരുത്.) മറ്റൊരിക്കൽ, പ്രഭാതോദയത്തിനു ശേഷം സൂര്യോദയം വരെയും അസ്റിനു ശേഷം സൂര്യാസ്തമനം വരെയും നമസ്കരിക്കുന്നത് വിരോധിക്കുന്നു. മറ്റൊരിക്കൽ (അവിടുന്ന് പറഞ്ഞു) സൂര്യനുദിക്കുമ്പോൾ അത് പിശാചിൻെറ രണ്ടു കൊമ്പുകൾക്കിടയിലാണുദിക്കുന്നത്. ആ സമയം അവിശ്വാസികൾ അതിനു സുജൂദ് ചെയ്യുന്നു. ഈ സമയത്തുള്ള നമസ്കാരം (നബി(സ)) വിരോധിക്കുകയും ചെയ്തു. അവർ ഈ സമയത്ത് സൂര്യന് സുജൂദ് ചെയ്യുന്നതിനാൽ ബഹുദൈവാരാധകരോട് സാദൃശ്യമായിത്തീരാതരിക്കാൻ വേണ്ടി (യാണിങ്ങനെ നിരോധിച്ചത്). പിശാച്, സുജൂദ് തനിക്കായിത്തീരാൻ വേണ്ടി ഈ സമയത്ത് സൂര്യനോട് അടുക്കുകയും ചെയ്യുന്നു. എന്നിരിക്കെ ഇതിനേക്കാൾ വ്യക്തമായ ശിർക്കിൻെറയും ബഹുദൈവാരാധകരോട് സാദൃശ്യമാവലിൻെറയും അവസ്ഥ പിന്നെ പറയാനുണ്ടോ!

വേദക്കാരെ അഭിസംബോധന ചെയ്യാൻ കൽപ്പിച്ചു കൊണ്ട് അല്ലാഹു പറയുന്നു:

قل يا أهل الكتاب تعالوا الى كلمة سواء بيننا وبينكم الا نعبد الا الله ولا نشرك به شيئا ولا يتخذ بعضنا بعضا اربابا من دون الله فإن تولوا فقولوا اشهدوا بأنا مسلمون

(നബിയേ) പറയുക: വേദക്കാരേ! ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായ ഒരു വാക്കിലേക്ക്(തത്വത്തിലേക്ക്) വരുവിൻ. അതായത് അല്ലാഹുവിനെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും അവനോട് യാതൊന്നിനെയും നാം പങ്കുചേർക്കാതിരിക്കുകയും നമ്മിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ റബ്ബുകളാക്കാതിരിക്കുകയും ചെയ്യുക എന്നു (ള്ളതിലേക്ക്). എന്നിട്ടവർ തിരിഞ്ഞു കളയുന്ന പക്ഷം "ഞങ്ങൾ മുസ്ലിംകളാണ് (അല്ലാഹുവിന്ന് കീഴൊതുങ്ങിയവരാണ്) എന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുവിൻ" (എന്ന് അവരോട്) നിങ്ങൾ പറഞ്ഞു കൊള്ളുക- ആലു ഇംറാൻ: 64). അല്ലാഹുവിനു പുറമെ അവരിൽ ചിലർ ചിലരെ റബ്ബുകളാക്കിയതിനാൽ അതിൽ വേദക്കാരോട് സാദൃശ്യമുണ്ടായിത്തീർന്നു. നമുക്ക് അത്തരം കാര്യങ്ങൾ നിരോധിക്കപ്പെട്ടതാണ്. പ്രവാചകചര്യയും അവിടുത്തെ അനുചരന്മാരുടെയും, നന്മ പിൻപറ്റിയ പിൻഗാമികളുടെയും ചര്യയും വിട്ടകന്ന് ക്രൈസ്തവ ചര്യയെ വല്ലവനും പുണർന്നാൽ അല്ലാഹുവിൻെറയും അവൻെറ ദൂതൻെറയും കൽപന അവനുപേക്ഷിച്ചവനായി.

അല്ലാഹുവിൻെറയും താങ്കളുടെയും ബർക്കത്ത് കൊണ്ട് എൻെറ ആവശ്യം പൂർത്തീകരിക്കപ്പെട്ടു എന്ന് പറയൽ നിമിഷദ്ധമാണ്. അല്ലാഹുവോടൊപ്പം ഇതുപോലുള്ള കാര്യങ്ങളിൽ മറ്റൊരാളെ ചേർത്തുകൂടാ. ഒരാൾ നബി (സ)യോടു പറഞ്ഞു:
"ما شاء الله وشئت، فقال: أجعلتني لله نداً؟! بل ما شاء الله وحده"

وقال: "لا تقولوا ما شاء الله وشاء محمد، ولكن قولوا ما شاء الله ثم شاء محمد" (അല്ലാഹുവും താങ്കളും ഉദ്ദേശിച്ചാൽ അപ്പോൾ

തിരുമേനി (സ) ചോദിച്ചു: "നിങ്ങളെന്നെ അല്ലാഹുവിന് തുല്യ മാക്കിയോ? ഒരുവനായ അല്ലാഹു ഉദ്ദേശിച്ചാൽ (എന്ന് മാത്രം പറയുക)." അവിടുന്ന് പറഞ്ഞു: അല്ലാഹു ഉദ്ദേശിച്ചതും മുഹമ്മദ് ഉദ്ദേശിച്ചതും എന്ന് നിങ്ങൾ പറയരുത്. എന്നാൽ അല്ലാഹു ഉദ്ദേശിച്ചതും പിന്നെ മുഹമ്മദ് ഉദ്ദേശിച്ചതും എന്ന് നിങ്ങൾ പറയുക.)

(താഴെ പറയും പ്രകാരം) പറഞ്ഞ ഒരാളെ, മുസ്ലിംകളിൽ ചിലർ കണ്ട കാര്യം ഹദീസിൽ വന്നിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിന്ന് സമാനമാക്കുന്നില്ലെങ്കിൽ നിങ്ങളാണ് അനുഗൃഹീത ജനത. അഥവാ ماشاء الله وشاء محمد (അല്ലാഹുവും മുഹമ്മദും ഉദ്ദേശിച്ചാൽ) എന്ന് പറയുന്നവരല്ലെങ്കിൽ. എന്നാൽ നബി(സ) അവരെ അതിൽ നിന്ന് (അങ്ങനെ പറയുന്നതിൽ നിന്ന്) തടഞ്ഞു.

സൈദ് ബിൻ ഖാലിദ് പറഞ്ഞതായി സഹീഹിൽ (ഇങ്ങനെ) വന്നിരിക്കുന്നു. മഴ പെയ്ത ഒരു രാത്രിയിൽ നബി (സ) ഞങ്ങളെയും കൂട്ടി ഹുദൈബിയ്യയിൽ വെച്ച് ഫജ്റ് നമസ്കരിച്ചു. എന്നിട്ട് തിരുമേനി (സ) പറഞ്ഞു:

اتدرون ماذا قال ربكم الليلة؟ قلنا الله ورسوله اعلم، قال: "قال: اصبح من عبادي مؤمن بي وكافر فأما من قال: مطرنا بفضل الله ورحمته فذلك مؤمن بي كافر بالكوكب وامامن قال: مطرنا بنوء كذا وكذا فذلك كافربي مؤمن بالكوكب"

(ഈ രാത്രി നിങ്ങളുടെ നാഥൻ പറഞ്ഞതെന്താണെന്ന് നിങ്ങൾക്കറിയുമോ? ഞങ്ങൾ പറഞ്ഞു: അല്ലാഹുവിനും അവൻെറ റസൂലിനുമറിയാം. തിരുമേനി (സ) പറഞ്ഞു: "(അല്ലാഹു)

പറഞ്ഞു: എന്റെ അടിമകളിൽ എന്നെക്കൊണ്ട് വിശ്വസിച്ചവരും എന്നെ അവിശ്വസിച്ചവരും ഉണ്ടായിട്ടുണ്ട്. നമുക്ക്കിട്ടിയ മഴ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ടാണെന്ന് പറഞ്ഞവനാരോ അവൻ എന്നെ വിശ്വസിച്ചവനും ഗ്രഹത്തിൽ അവിശ്വസിച്ചവനുമാണ്. നമുക്ക് ലഭിച്ച മഴ ഇന്നിന്ന ഗ്രഹം (രാശി, ഞാറ്റുവേല)മൂലമാണെന്ന് പറഞ്ഞവനാരോ അവൻ എന്നിൽ അവിശ്വസിച്ചവനും ഗ്രഹത്തിൽ വിശ്വസിച്ചവനുമായി.)"

അല്ലാഹു നിശ്ചയിച്ച ഉപാധികളെ അല്ലാഹുവിൽ പങ്കാളികളായോ സമന്മാരായോ സഹായികളായോ നീ ആക്കരുതെന്നാണ് അല്ലാഹുവിന്റെ വ്യവസ്ഥ.

'ശൈഖിന്റെ ബർക്കത്ത് കൊണ്ട്' എന്നൊരാൾ പറഞ്ഞു: അത് കൊണ്ടയാൾ ഉദ്ദേശിച്ചത് (തനിക്കു വേണ്ടിയുള്ള) ശൈഖിന്റെ പ്രാർഥനയാണ്. വേഗത്തിൽ ഉത്തരം ലഭിക്കാനുതകുന്നത് അഭാവത്തിലുള്ളവന്റെ പ്രാർഥനയായിരിക്കുമല്ലോ. അല്ലെങ്കിൽ ശൈഖ് കല്പിച്ചതോ പഠിപ്പിച്ചതോ ആയ നന്മ ഉൾക്കൊണ്ടാലുള്ള പുണ്യമാണ് പ്രതീക്ഷിക്കുന്നത്. അതുമല്ലെങ്കിൽ സത്യത്തിലൊ മതപരമായ കാര്യത്തിലൊ ആ ശൈഖിനെ സഹായിക്കലൊണുദ്ദേശിച്ചത്. ഇപ്രകാരമുള്ളതെല്ലാം നല്ല അർഥത്തിലുള്ള ഉദ്ദേശ്യങ്ങളാണ്. ഇനിയവൻ ഉദ്ദേശിച്ചത് മരിച്ചവനോടൊ അദൃശ്യനോടൊ ഉള്ള പ്രാർഥനയെന്ന നിലക്കോ ശൈഖിന്റെ സ്വാധീനമോ തനിക്കസാധ്യമായ കാര്യത്തിൽ ശൈഖ് എന്തെങ്കിലും ചെയ്യുമെന്ന നിലക്കോ ആണെങ്കിൽ, അത് തുടരുകയും നന്മയാണെന്ന് കരുതുകയും ചെയ്യുന്നുവെങ്കിൽ അത്തരം ഉദ്ദേശങ്ങളൊക്കെ പൊള്ളയായ അർഥത്തിലുള്ളതും തികച്ചും വെറുക്കപ്പെട്ട അനാചാരങ്ങളിൽ പെട്ടതുമാണ്.

അല്ലാഹുവിനെ അനുസരിച്ച് കൊണ്ട് കർമ്മം ചെയ്യലും സത്യവിശ്വാസികളുടെ പരസ്പരമുള്ള പ്രാർഥനകളും മറ്റുമൊക്കെ ഇഹലോകത്തും പരലോകത്തും പ്രയോജനം ചെയ്യുന്നവയാണെന്നതിൽ സംശയമില്ല. അതാവട്ടെ അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ കാരുണ്യവുമാണ്.

❐

# ഖുതുബ്, ഗൗസ്, ഫർദുൽ ജാമിഅ്

ഖുത്ബ്, ഗൗസ്, ഫർദുൽ ജാമിഅ് എന്നിവയെക്കുറിച്ച് ഒരാൾ ചോദിച്ചെന്നിരിക്കട്ടെ.

ജനങ്ങളിൽ ഒരു വിഭാഗം പറയുന്നതാണിത്. മതത്തിൽ മിഥ്യാ ധാരണകൾ നൽകി ഇതിനെ വ്യാഖ്യാനിക്കുന്നു. ഗൗസിന് ചിലർ നൽകിയ വ്യാഖ്യാനം തന്നെ ഉദാഹരണം. സൃഷ്ടികൾക്ക് ഇയാൾ മുഖേനയാണത്രെ ആഹാരവും സഹായവും ലഭിക്കുന്നത്. മലക്കുകൾക്കും കടലിലെ മത്സ്യങ്ങൾക്കും വരെ സഹായം കിട്ടുന്നത് ഗൗസിൻെറ മാധ്യസ്ഥ്യം കൊണ്ടാണെന്നും പറഞ്ഞു കളഞ്ഞു! ഈസാ(അ) നെക്കൊണ്ട് ക്രിസ്ത്യാനികൾ പറഞ്ഞതും അലി(റ)യെ അതിർവിട്ട് പുകഴ്ത്തിയതുമായ ഇനത്തിൽപെട്ട വ്യക്തമായ അവിശ്വാസമാണ് ഇത്. ഇങ്ങനെ ചെയ്തവരോട് പശ്ചാത്തപിച്ചു മടങ്ങാനാവശ്യപ്പെടണം. പശ്ചാത്തപിച്ചാൽ നല്ലത്; അല്ലെങ്കിൽ വധിക്കപ്പെടണം.

കാരണം സൃഷ്ടിജാലങ്ങൾക്ക് സഹായം കിട്ടുന്നതിന് മാധ്യസ്ഥം വഹിക്കുന്ന വല്ല മലക്കോ മനുഷ്യനോ സൃഷ്ടികളിലില്ല. അത് കൊണ്ടാണ് "العقول العشرة" ൽ തത്വജ്ഞാനികൾ അത് മലക്കുകളാണെന്ന് പറഞ്ഞത്. ക്രിസ്ത്യാനികൾ ഈസ (അ) യെപ്പറ്റി പറഞ്ഞതും ഇപ്രകാരംതന്നെ! ഇത്തരത്തി

ലുള്ളതൊക്കെ മുസ്ലിംകളുടെ അഭിപ്രായയോജിപ്പനുസരിച്ച് വ്യക്തമായ കുഫ്റാണ്.

ഗൗസിനെക്കുറിച്ച് ചിലർ പറഞ്ഞതനുസരിച്ച് ഞാൻ മനസ്സിലാക്കുന്നത് ഇതാണ്. ഭൂമിയിൽ (ലോകത്തിന്റെ അഭ്യുദയത്തിന്നായി പ്രവർത്തിക്കുന്ന) മുന്നൂറ്റിപ്പതിമൂന്ന് പേർ (അത് മൂന്നൂറ്റിപ്പത്തൊമ്പത് വരെ ആവാം എക്കാലത്തും) ഉണ്ടായിരിക്കും. ഈ വിഭാഗക്കാരെ അവർ 'നുജബാഅ്' ( النجباء അഥവാ മനീഷികൾ) എന്ന് പറയുന്നു. അങ്ങനെ (മനീഷികളിൽ നിന്ന്) എഴുപതാളുകളെ ഉൽകൃഷ്ടരാക്കി. അവരെ 'നുഖബാഅ്' ( النقباء അഥവാ കാവൽക്കാർ) എന്ന് പറഞ്ഞു. അവരിൽ നിന്ന് നാല്പതാളുകളെ തെരഞ്ഞെടുത്തു. അവരാണ് 'അബ്ദാലുകൾ' ( الأبدال അഥവാ പകരക്കാർ) അവരിൽ നിന്ന് ഏഴാളുകളെ തിരഞ്ഞെടുത്തു. അവർ 'അഖ്ത്വാബു'കളാണ് ( الأقطاب അഥവാ അച്ചുതണ്ടുകൾ. ആത്മീയ പ്രപഞ്ചം ഇവരെ ആധാരമാക്കിക്കറങ്ങുന്നു എന്ന വിശ്വാസം). ഇവരിൽ നിന്നും നാലാളെ തിരഞ്ഞെടുത്തു. അവരാണ് ഔതാദ്. ( الأوتاد അഥവാ കീലകങ്ങൾ. ആത്മീയ ലോകത്തെ ഉറപ്പിച്ചു നിർത്തുന്നവർ) ഇവരിൽ നിന്നും ഒരാളെ തിരഞ്ഞെടുത്തു. അയാളാണ് ഗൗസ് ( الغوث അഥവാ രക്ഷകൻ). അദ്ദേഹം മക്കയിലാണ് താമസിക്കുക. ഭൂവാസികൾ തങ്ങളുടെ ആഹാരത്തിനും സ്ഥിതിയിലും വല്ല വിപത്തും സംഭവിച്ചാൽ അവർ നുജബാഇലേക്ക്-മനീഷികളിലേക്ക് - പേടിച്ചുവരട്ടെ, അവർ എഴുപതാളിലേക്ക് - നുഖബാഇലേക്ക്-അഭയം തേടി വരും. എഴുപതാളുകൾ നാൽപതാളുകളിലേക്കും-അബ്ദാലുകളിലേക്കും-നാൽപതാളുകൾ ഏഴാളുകളിലേക്കും-അഖ്ത്വാബുകളിലേക്കും-ഏഴ്

നാലിലേക്കും-ഔതാദിലേക്കും -നാല് ഒന്നിലേക്കും (ഗൗസി ലേക്കും അങ്ങനെ) വരും.

ഇതിൻെറ എണ്ണം , പേര്, പദവി എന്നിവകളിൽ ചില ഏറ്റക്കുറച്ചിലുകളൊക്കെ ചിലർക്കുണ്ട്. എണ്ണപ്പെട്ട (വേറെ) ചില അഭിപ്രായങ്ങളും ഇതിൽ അവർക്കുണ്ട്. എന്തെന്നാൽ അവരിൽ ചിലർ പറയുന്നു: ആകാശത്തു നിന്ന് അദ്ദേഹത്തിന് (ഗൗസിന്) കഅ്ബക്കുമേൽ പച്ചത്താൾ ഇറക്കും; ആ സമയത്തുള്ള ഗൗസിൻെറ പേരിലും. അദ്ദേഹത്തിൻെറ ഖിദ്റിൻെറ ( خضر ) പേരിലും (ഇറക്കിക്കൊടുക്കും.) ഇങ്ങിനെ പറയുന്ന ചിലരുടെ അഭിപ്രായം: ഖിദ്റ് എന്നത് ഒരു പദവിയാണെന്നാണ്. എല്ലാ കാലത്തും ഖിദ്റുണ്ട് എന്നതും. ഇങ്ങിനെ അവർക്ക് രണ്ടുതരം അഭിപ്രായങ്ങളുണ്ട്.

ഇവയൊക്കെയും അസത്യങ്ങളാണ്. അല്ലാഹുവിൻെറ ഗ്രന്ഥത്തിലോ അവൻെറ റസൂലിൻെറ ചര്യയിലോ ഇതിന് യാതൊരടിസ്ഥാനവുമില്ല. പൂർവ്വിക സമൂഹങ്ങളിലോ ഇമാമുകളിലോപെട്ട ഒരാളും ഇങ്ങനെ പറഞ്ഞിട്ടുമില്ല. അവരെ പിന്തുടർന്നുവരുന്ന നന്മ പ്രവർത്തിച്ച വരായ പൂർവ്വികരായ ഉയർന്ന പണ്ഡിതന്മാരിൽ നിന്നും ഇങ്ങനെ വന്നിട്ടില്ല. നമ്മുടെ നേതാവ്-ലോകരക്ഷിതാവിൻെറ റസൂൽ(സ)യും അബൂബക്കർ (റ), ഉമർ(റ), ഉഥ്മാൻ(റ), അലി(റ) എന്നിവരും അവരുടെ കാലത്ത് സൃഷ്ടികളിൽ ഏറ്റവും ഉൽകൃഷ്ടരായിരുന്നുവെന്ന് നമുക്കറിയാം. അവർ മദീനയിലായിരുന്നു (താമസിച്ചിരുന്നത്). അവരാരും മക്കയിലായിരുന്നില്ല.

ചിലർ ഒരു ഹദീസുദ്ധരിച്ചിരിക്കുന്നു. "മുഗീറത്ത് ബിൻ ശുഅ്ബത്ത്(റ) ൻെറ അടിമ 'ഹിലാൽ' ഈ ഏഴുപേരിൽ ഒരാ

ളാണ്." ഹദീസ് നിരൂപകർ ഐകകണ്ഠ്യേന ഈ ഹദീസ് കള്ളമാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇത്തരം പ്രസ്താവങ്ങളെപ്പറ്റി അബൂ നുഐം തൻെറ حلية الأوليا، (എന്ന ഗ്രന്ഥത്തി) ലും ശൈഖ് അബൂ അബ്ദുർറഹ്മാനുസ്സുലമി തൻെറ ഗ്രന്ഥങ്ങളിൽ ചിലതിലും ഉദ്ധരിച്ചിരിട്ടുണ്ടെങ്കിലും അത് മൂലം നീ വഞ്ചിതനാവരുത്. ഹദീസുകളിൽ സ്വഹീഹ് (സ്വീകാര്യം), ഹസൻ (സംവദിതം-തരക്കേടില്ല), ദഈഫ് (ദുർബലം), മൗദൂഅ്(വ്യാജം) എന്നിങ്ങനെയുണ്ട്. എന്നാൽ പണ്ഡിതർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ലാതെ കള്ളമാണ് എന്ന് പ്രസ്താവിക്കപ്പെട്ടതാണ് മേൽ പറയപ്പെട്ട ഹദീസ്.

ചില ഹദീസു പണ്ഡിതന്മാർ ചിലപ്പോൾ അവർ കേട്ടതെല്ലാം അതിൻെറ സത്യാസത്യവിവേചനം നോക്കാതെ ഉദ്ധരിക്കാറുണ്ട്. (പൊതുവെ) ഇത്തരം ഹദീസുകൾ ഹദീസു പണ്ഡിതന്മാർ ഉദ്ധരിക്കാറില്ല താനും. സ്ഥിരപ്പെട്ടുവന്ന ഒരു ഹദീസിൽ നബി(സ) പറയുന്നു: من حدث عني بحديث وهو يرى انه كذب فهو احد الكاذبين (കള്ളമാ ണെന്നറിയുന്ന ഹദീസ് വല്ലവനും എന്നെപ്പറ്റി പറഞ്ഞാൽ അപ്പോഴവൻ കള്ളം പറയുന്നവരിൽ ഒരാളായി.)

മൊത്തത്തിൽ പേടിക്കേണ്ടതോ ആശിക്കേണ്ടതോ ആയ സംഭവങ്ങളിൽ പെട്ട വല്ലതും മുസ്ലിംകളിൽ വന്നു ഭവിച്ചാൽ (എന്ത് ചെയ്യണമെന്ന്) അവർ മനസ്സിലാക്കിയിട്ടുണ്ട്. ഉദാഹരണമായി; ആഹാരവശ്യത്തിന് മഴയെത്തേടുന്ന അവരുടെ പ്രാർഥന, ഗ്രഹണ സമയത്തും ദുരിതം നീങ്ങിക്കിട്ടാനും തിരഞ്ഞെടുത്ത അവരുടെ പ്രാർഥനകൾ. ഇതുപോലുള്ള അവരു

ടെ പ്രാർഥനകളൊക്കെ ഒരുവനും പങ്കാളിയില്ലാത്തവനുമായ അല്ലാഹുവിന്നായിരിക്കും. യാതൊന്നുകൊണ്ടും അവർ അവനിൽ പങ്കുചേർക്കുന്നതല്ല. മുസ്‌ലിംകൾ ഒരിക്കലും അവരുടെ ആവശ്യങ്ങൾ അല്ലാഹു അല്ലാത്തവരിലേക്ക് തിരിച്ചു വിടുന്നവരായിരിക്കില്ല. എന്നാൽ അജ്ഞാന കാലത്തെ ബഹു ദൈവാരാധകർ യാതൊരു മധ്യവർത്തിയുമില്ലാതെ അവനെ വിളിച്ചു പ്രാർഥിക്കുമായിരുന്നു. അങ്ങനെ അല്ലാഹു അവർക്ക് ഉത്തരം നൽകുകയും ചെയ്തു. (എന്നിരിക്കെ) അല്ലാഹു യാതൊരു രേഖയും ഇറക്കാത്ത, മധ്യസ്ഥന്മാരെ നിർത്തിക്കൊണ്ടുള്ള പ്രാർഥനക്ക് അല്ലാതെ ഉത്തരം ലഭിക്കുന്നതല്ല എന്ന് തൗഹീദും ഇസ്‌ലാമും (സ്ഥിരപ്പെട്ട) ശേഷം നീ അഭിപ്രായപ്പെടുന്നോ? അല്ലാഹു പറയുന്നു:

واذامس الإنسان الضر دعانا لجنبه او قاعدا او قائما فلما كشفنا عنه ضره مر كأن لم يدعنا الى ضر مسه

(മനുഷ്യനെ ഉപദ്രവം (ബുദ്ധിമുട്ട്) ബാധിച്ചാൽ അവൻെറ (ഒരു) വശത്തേക്കായി (കിടന്നു) കൊണ്ട്, അല്ലെങ്കിൽ ഇരുന്നുകൊണ്ട്, അല്ലെങ്കിൽ നിന്നുകൊണ്ട് അവൻ നമ്മെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നതാണ്. എന്നിട്ട് അവനിൽ നിന്നു അവൻെറ (ബുദ്ധിമുട്ടിനെ) നാം നീക്കുമ്പോഴോ, അവനു ബാധിച്ച വല്ല ഉപദ്രവത്തിനു (ബുദ്ധിമുട്ടിനു) വേണ്ടിയും അവൻ നമ്മെ വിളി(ച്ചു പ്രാർഥി)ച്ചിട്ടില്ലാത്ത പോലെ അവൻ നടക്കുന്നതാണ്-യൂനുസ് -12) അല്ലാഹു പറയുന്നു: وإذا مسكم الضرفي البحر ضل من تدعون الا اياه (സമുദ്രത്തിൽ വെച്ച് നിങ്ങൾക്ക് ഉപദ്രവം ബാധിച്ചാൽ നിങ്ങൾ വിളി(ച്ചു പ്രാർഥി)ക്കുന്നവർ (നിങ്ങളുടെ

രെ (വലിയ്യുകളെ) യെല്ലാം അറിയുമെന്നും ചിലർ ജൽപ്പിക്കുന്നു. ഇതുപോലുള്ള കാര്യങ്ങളും അസത്യജഡിലമാണ്. അബൂ ബക്കർ (റ)യും ഉമർ(റ)യും അല്ലാഹുവിൻെറ എല്ലാ വലിയ്യുക ളെയും അറിയുന്നവരായിരുന്നില്ല. അവരെയെല്ലാം സഹായി ക്കുന്നവരുമായിരുന്നില്ല. പിന്നെ ഈ വഴിപിഴച്ച, വഞ്ചകന്മാരാ യ, കള്ളം പറയുന്നവരായ ആളുകളുടെ സ്ഥിതി എങ്ങനെ? റസൂൽ (സ) യാവട്ടെ മനുഷ്യവർഗ്ഗത്തിൻെറ നേതാവാണ്. അവി ടുന്ന് (നേരിൽ) കാണാത്ത, തൻെറ സമുദായത്തിൽ പെട്ടവരെ വുദുവിൻെറ അടയാളങ്ങൾ കൊണ്ട് മാത്രമേ (നബി(സ)ക്കു പോലും) തിരിച്ചറിയാനാവൂ... അത് തന്നെയും (മഹ്ശറിൽ അവരുടെ) കൈകാലുകളും മുഖങ്ങളും തിളങ്ങുന്നതിനാൽ. അവരിൽ അല്ലാഹുവിൻെറ വലിയ്യുകളുണ്ട്. അവരുടെ എണ്ണം അല്ലാഹുവിന്നെ അറിയൂ.... അല്ലാഹുവിൻെറ നബിമാരുടെ ഇമാ മും അവരുടെ പ്രസംഗകനും ഒക്കെയായ മുഹമ്മദ് നബി(സ) പോലും അവരിലെറേപ്പേരെയും അറിയുന്നവനായിരുന്നില്ല. എന്നാൽ അല്ലാഹു പറയുന്നു: ولقد ارسلنا رسلا من قبلك منهم من قصصنا ومنهم من لم نقصص عليك

(നിനക്ക് മുമ്പ് പല ദൂതന്മാരെയും നാം അയയ്ക്കുകയുണ്ടായി. നിനക്കു നാം കഥനം ചെയ്തു (വിവരിച്ചു)തന്നിട്ടുള്ളവർ അവരി ലുണ്ട്. നിനക്ക് നാം കഥനം ചെയ്തു (വിവരിച്ചു) തന്നിട്ടി ല്ലാത്തവരും അവരിലുണ്ട്- ഗാഫിർ: 78). മൂസാ (അ) ഖിദ്ർ (അ) നെ അറിഞ്ഞിരുന്നില്ല. ഖിദ്റ് (അ) മാവട്ടെ മൂസാ (അ)നെയും അറിയുമായിരുന്നില്ല. എന്നാൽ മൂസാ(അ) അദ്ദേഹത്തിന് സലാം ചൊല്ലിയപ്പോൾ ഖിദ്റ്(അ) അദ്ദേഹത്തോട് (മൂസാ (അ) നോ ട്) ചോദിച്ചു: “താങ്കളുടെ സലാം ഏത് നാടിൻെറതാണ്”?

അപ്പോൾ (മൂസാ (അ) അദ്ദേഹത്തോട് പറഞ്ഞു: "ഞാൻ മൂസായാണ്." അദ്ദേഹം ചോദിച്ചു: "ഇസ്രായീല്യരിലെ മൂസയോ"? അദ്ദേഹം (മൂസാ (അ) പറഞ്ഞു: "അതെ!". അദ്ദേഹത്തിന് (ഖിദ്റിന്) അദ്ദേഹത്തിൻെറ (മൂസയുടെ) പേരും വാർത്തയും എത്തിയിരുന്നു. (എന്നാൽ) വ്യക്തിയെ അറിയുമായിരുന്നില്ല. (എന്നിരിക്കെ) അദ്ദേഹം വലിയ്യുകളുടെ പ്രതിനിധിയാണെന്നോ അവരെയെല്ലാം അദ്ദേഹം അറിയുമെന്നോ വല്ലവനും പറഞ്ഞാൽ അവൻ പറയുന്നത് അസത്യമാണ്.

❐

# ഖിദ്റ് (അ)

വിജ്ഞാന പടുക്കൾ പറഞ്ഞ ശരിയായ അഭിപ്രായം അദ്ദേഹം മരിച്ചു എന്നാണ്. നബി(സ)യുടെ കാലത്ത് അദ്ദേഹം ഉണ്ടായിരുന്നില്ല. ഉണ്ടാകുമായിരുന്നുവെങ്കിൽ തിരുമേനി (സ) യെക്കൊണ്ട് വിശ്വസിക്കലും അദ്ദേഹത്തോടൊപ്പം ധർമ്മ സമരത്തിൽ പങ്കെടുക്കലും മറ്റുള്ളവരെപ്പോലെ അദ്ദേഹത്തിന്നും നിർബന്ധമായിരുന്നു. എന്നല്ല മക്കയിലോ മദീനയിലോ അദ്ദേഹം ഉണ്ടാവേണ്ടിയുമിരുന്നു. സഹാബികളോടൊപ്പം ജിഹാദ് ചെയ്യാനും ദീനിൽ അവരെ സഹായിക്കാനും അദ്ദേഹം സന്നിഹിതനാവുകയെന്നത് അവിശ്വാസികളായ സമൂഹത്തിൽ അവർക്കു വേണ്ടി അവരുടെ കപ്പൽ പൊളിക്കുന്നതിന്ന് അദ്ദേഹം സന്നിഹിതനാവുന്നതിനേക്കാൾ എത്രയോ ഉത്തമവുമായിരുന്നു. ജനങ്ങൾക്കു വേണ്ടി പുറപ്പെടുവിക്കപ്പെട്ട ഉത്തമ സമുദായത്തിൽ നിന്ന് അദ്ദേഹം ഒളിവിൽ പോവുകയും ചെയ്യുമായിരുന്നില്ല. ബഹുദൈവ വിശ്വാസികൾക്കിടയിലായിരുന്നപ്പോൾ അദ്ദേഹം അപ്രത്യക്ഷനുമായിരുന്നല്ലോ.

മുസ്‌ലികളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെക്കൊണ്ടോ അദ്ദേഹത്തെപ്പോലുള്ളവരെക്കൊണ്ടോ തങ്ങളുടെ ദീനിനൊ ദുൻയാവിനോ യാതൊരാവശ്യവുമില്ല. തങ്ങളുടെ മതം

ക്കുക! സ്ഥിരമായി ജീവിച്ചിരിക്കുന്ന ഒരാളാണ് ഖിദ്ർ എങ്കിൽ അദ്ദേഹത്തെ പറ്റി നബി(സ) തന്റെ സമുദായത്തോട് അറിയിക്കാതിരുന്നതെന്തേ?!ഖുലാഫാ ഉർറാശിദുകളും അത് പറഞ്ഞിട്ടില്ല. ഇനി അദ്ദേഹം (ഖിദ്റ്), വലിയ്യുകളുടെ മുഴുവൻ കാവൽക്കാരൻ (നഖീബ്) എന്നാണ് പറയുന്നതെങ്കിൽ അപ്പോഴവനോട് ചോദിക്കണം: ആരാണ് അദ്ദേഹത്തിന്ന് ഈ നേതൃസ്ഥാനം കൊടുത്തത്?

നബി(സ)യുടെ അനുചരന്മാരാണ് ഏറ്റവും ശ്രേഷ്ഠരായ വലിയ്യുകൾ. അവരിൽ ഒരു ഖിദ്റില്ല. ഈ വിഷയത്തിൽ പൊതുവെ വന്ന കഥകളിൽ ചിലത് കളവാണ്. ചിലതാവട്ടെ ഒരാളുടെ ഊഹത്തിന്മേൽ പടുത്തുയർത്തിയതും. ഒരാൾ ഒരു വ്യക്തിയെ കണ്ടപ്പോൾ അദ്ദേഹം ഖിദ്റാണെന്ന് അയാൾ കരുതുകയും (ഞാൻ) ഖിദ്റാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തത് പോലെയാണത്. ഒരാളെക്കണ്ടപ്പോൾ പാപമുക്തനും പ്രതീക്ഷിതനുമായ ഇമാമാണ് ഇതെന്ന് റാഫിദുകൾ കരുതുകയും വാദിക്കുകയും ചെയ്തത് പോലെ.

ഇമാം അഹ്മദ് (റ) നെപ്പറ്റി റിപ്പോർട്ടു ചെയ്യുന്നു. ഖിദ്റിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "അദൃശ്യനായ ഒരാളെപ്പറ്റി നിന്നോട് വിശദീകരിച്ചാൽ നിന്നോടെനിയ്ക്ക് നീതി പാലിക്കാനാവില്ല. മനുഷ്യരുടെ നാവിൽ ഇത് ഇട്ടുകൊടുത്തത് പിശാചല്ലാതെ മറ്റാരുമല്ല." ഇതല്ലാത്ത മറ്റു സ്ഥലങ്ങളിൽ വിശദമായി നാം ഇതേപറ്റി സംസാരിച്ചിട്ടുണ്ട്.

☐

അവർ കൈവരിച്ചത് നബി(സ)യിൽ നിന്നാണ്. അദ്ദേഹം (നബി (സ)) അവർക്ക് ഖുർആനും യുക്തിജ്ഞാനവും പഠിപ്പിച്ചു. അവരുടെ നബി അവരോട് പറഞ്ഞു: لو كان موسى حيا ثم اتبعتموه وتركتموني لضللتم (മൂസാ (അ) ജീവിച്ചിരിക്കുകയും എന്നിട്ട് നിങ്ങളദ്ദേഹത്തെ പിൻപറ്റുകയും എന്നെ ഉപേക്ഷിക്കുകയും ചെയ്തിരുന്നെങ്കിൽ നിങ്ങൾ പിഴച്ചു പോയേനെ).

മറിയമിൻെറ പുത്രൻ ഈസാ(അ) ആകാശത്ത് നിന്ന് ഇറങ്ങിവന്നാൽ അവരുടെ റബ്ബിൻെറ കിതാബ്-ഖുർആൻ-കൊണ്ടും അവരുടെ നബി- മുഹമ്മദ്(സ)- യുടെ ചര്യകൊണ്ടുമാണ് അവർക്കിടയിൽ വിധി നടത്തുക. പിന്നെ ഖിദ്റിനെക്കൊണ്ടും മറ്റും എന്താവശ്യമാണുള്ളത്? ആകാശത്ത് നിന്ന് ഈസാ(അ) ഇറങ്ങി വരുമെന്നും മുസ്‌ലിംകളിൽ അദ്ദേഹം സന്നിഹിതനാകുമെന്നും നബി(സ) അവരെ അറിയിച്ചിട്ടുണ്ട്. തിരുമേനി (സ) പറഞ്ഞു: كيف تهلك امة انافي اولها وعيسى في آخرها (ഞാൻ ആദ്യത്തിലും ഈസാ (അ) അവസാനത്തിലുമുള്ള ഒരു സമുദായം നാശമടയുന്നതെങ്ങനെയാണ്?).

ഇബ്റാഹിം (അ), മൂസാ (അ), നൂഹ്(അ) എന്നിവർക്കൊപ്പം ഉൽകൃഷ്ടരായിട്ടുള്ളവരാണ് ഈ രണ്ടു നബിമാരും (മുഹമ്മദ് നബി(സ)യും ഈസാ (അ)മും). മുഹമ്മദ് (സ)യാവട്ടെ മനുഷ്യവർഗ്ഗത്തിൻെറ നേതാവുമാണ്. അവരാരും ഈ സമുദായത്തിലെ പ്രത്യേകക്കാരിൽ നിന്നോ പൊതുജനങ്ങളിൽ നിന്നോ മറഞ്ഞിരുന്നില്ല. എങ്കിൽ അവരുടെയത്ര (പദവി)യില്ലാത്തവർ പിന്നെയെങ്ങനെയാണ് ജനങ്ങളിൽ നിന്ന് മറഞ്ഞിരി

# ഖുതുബ്, ഗൗസ് എന്നൊക്കെ പേര് വെക്കൽ

ഖുതുബ്, ഗൗസ്, ഫർദ് ജാമിഅ് എന്നൊക്കെ പറയുന്നത് കൊണ്ട് അക്കാലത്തെ ഏറ്റവും ശ്രേഷ്ഠമായ ആളാണ് എന്നാണ് പറയുന്നവൻ ഉദ്ദേശിച്ചതെങ്കിൽ അങ്ങനെ ആവാം. പക്ഷെ അതോടൊപ്പം തന്നെ അതേ കാലത്ത് ശ്രേഷ്ഠതയിൽ തുല്യതയുള്ള രണ്ടോ മൂന്നോ നാലോ ആളുകളും ഉണ്ടായേക്കാം. എല്ലാ കാലത്തും ജനങ്ങളിൽ ഏറ്റവും ഉത്തമൻ ഒരാൾ മാത്രം എന്ന് തീർപ്പ് കല്പിച്ചു കൂടാ. ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് സമൂഹത്തിൽ ചിലർ ചിലരെക്കാൾ ശ്രേഷ്ഠരായേക്കാം. ഒന്നുകിൽ തുല്യനിലയിൽ. അല്ലെങ്കിൽ അതിനോടടുത്ത്.

എന്നാൽ ഒരു കാലത്തുള്ള ഒരാൾ അക്കാലത്തെ ഏറ്റവും ശ്രേഷ്ഠനായാൽ അയാളെ ഖുതുബ്, ഗൗസ്, ജാമിഅ് എന്നീ പേരുകളിലൊക്കെ വിളിക്കൽ ബിദ്അത്താണ്. അല്ലാഹു അതിന്ന് രേഖയൊന്നും ഇറക്കിയിട്ടില്ല. പൂർവ്വികരായ ഇമാമുകളോ സമൂഹമൊ അതേപ്പറ്റി പറഞ്ഞിട്ടുമില്ല.

എന്നാൽ പൂർവ്വികരായ ആളുകൾ ചിലരെ ശ്രേഷ്ഠരെന്നോ അവരുടെ കാലത്തെ ശ്രേഷ്ഠരിൽ പെട്ടവരെന്നോ കരുതിയിരുന്നു. എന്നാൽ അവരാരും അല്ലാഹു തെളിവൊന്നും

ഇറക്കാത്ത ഈ പേരുകൾ കൊണ്ടു (അവരെ) വിളിച്ചിട്ടില്ല. പ്രത്യേകിച്ച്, ഈ പേര് ആരോപിച്ച് ഖുതുബുകളിലെ ആദ്യത്തെ ആളായി വിളിക്കപ്പെട്ടത് അലി(റ)യുടെ പുത്രൻ ഹസൻ (റ) നെയാണെന്നു വാദിക്കുന്നവരുണ്ട്. പരമ്പരാഗതമായി പിന്നീട് അദ്ദേഹത്തിൽ നിന്ന് താഴോട്ടുള്ള ചില ശൈഖുമാരിലേക്കും ഇത് വന്നുവത്രെ.

അഹ്ലുസ്സുന്നത്തിൻെറ മദ്ഹബ് അടിസ്ഥാനത്തിലും റാഫിദുകളുടെ മദ്ഹബിൻെറ അടിസ്ഥാനത്തിലും ഇത് ശരിയാവുന്നതല്ല. അപ്പോൾ അബൂബക്കറും (റ) ഉമറും (റ) ഉഥ്മാനും (റ) അലിയും (റ) മുഹാജിറുകളിലും അൻസാറുകളിലും മുൻകടന്നു വന്ന ആദ്യ കാലക്കാരും എവിടെ? എത്രത്തോളമെന്നാൽ നബി(സ) വഫാത്താവുമ്പോൾ ഹസൻ (റ)ന് പ്രായപൂർത്തിയും വകതിരിവും ആയിവരുന്നേ ഉണ്ടായിരുന്നുള്ളൂ!

ഈ വാദക്കാരായ ശൈഖുമാരിലെ പ്രധാനികളെപ്പറ്റി ഉദ്ധരിച്ചിട്ടുണ്ട്:"ഖുതുബ്, ഗൗസ്, ഫർദ്, ജാമിഅ് എന്നൊക്കെ പറഞ്ഞാൽ ഇയാളുടെ അറിവ് അല്ലാഹുവിൻെറ അറിവിനോടും ഇയാളുടെ കഴിവ് അല്ലാഹുവിൻെറ കഴിവുനോടുമൊപ്പമാണ്! അപ്പോൾ അല്ലാഹു അറിയുന്നതൊക്ക ഇയാൾ അറിയുകയും അല്ലാഹുവിന്ന് കഴിയുന്നതൊക്കെ ഇയാൾക്കു കഴിയുകയും ചെയ്യും! ഇപ്രകാരമായിരുന്നു നബി(സ) യെന്നും (നബിയിൽ നിന്ന്) ഇത് ഹസൻ (റ)ലേക്കും അങ്ങനെ ആ ശൃംഖലയിൽ (ക്രമത്തിൽ) ഇയാളുടെ ശൈഖിലേക്ക് കൈമാറിയെന്നും "ജല്പിക്കുന്നു!

അപ്പോൾ ഇത് വ്യക്തമായ കുഫ്റാണെന്നും മ്ലേച്ഛരമായ വിഡ്ഢിത്തമാണെന്നും മനസ്സിലായല്ലോ! നബിയിൽ ഇത്

വാദിക്കലും കുഫ്റ് തന്നെ. അത്തരം കാര്യങ്ങൾ ഉപേക്ഷിക്കേണ്ടതാണ് അല്ലാഹു പറയുന്നു. قل لا اقول لكم عندي خزائن الله ولا اعلم الغيب ولا اقول لكم اني ملك

(നബിയെ) പറയുക: അല്ലാഹുവിൻെറ ഖജാനകൾ എൻെറ പക്കലുണ്ടെന്ന് നിങ്ങളോട് ഞാൻ പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല. ഞാനൊരു മാലാഖയാണെന്നും നിങ്ങളോട് ഞാൻ പറയുന്നില്ല- അൻആം: 50) അല്ലാഹു പറയുന്നു:

قل لا املك لنفسي نفعا ولا ضرا الاما شاء الله ولو كنت اعلم الغيب لاستكثرت من الخير وما مسني السوء

(നബിയെ) പറയുക: എൻെറ സ്വന്തത്തിന് (തന്നെ) ഒരു ഉപകാരമോ ഉപദ്രവമോ ഞാൻ അധീനമാക്കുന്നില്ല. (എനിക്കതിനു കഴിവില്ല); അല്ലാഹു ഉദ്ദേശിച്ചതൊഴികെ. ഞാൻ അദൃശ്യകാര്യം അറിയുമായിരുന്നുവെങ്കിൽ ഗുണത്തിൽ നിന്നു (ധാരാളം) ഞാൻ വർദ്ധിപ്പിച്ചു വെക്കുക തന്നെ ചെയ്യുമായിരുന്നു. തിന്മ എന്നെ സ്പർശിക്കുകയുമില്ലായിരുന്നു-അഅ്റാഫ്: 188) അല്ലാഹു പറയുന്നു: يقولون لوكان لنا من الأمر شيئ ما قُتلنا ههنا

(അവർ പറയുന്നു: കാര്യത്തിൽ നിന്ന് വല്ലതും (ഒരു പങ്ക്) നമുക്കുണ്ടായിരുന്നെങ്കിൽ നാം ഇവിടെ വെച്ച് കൊല്ലപ്പെടുമായിരുന്നില്ല. ആലു ഇംറാൻ : 154) അല്ലാഹു പറയുന്നു:

يقولون هل لنا من الأمر من شيئ قل ان الأمر كله لله

(അവർ പറയുന്നു : കാര്യത്തിൽ നിന്ന് വല്ലതും (ഒരു പങ്ക്) നമുക്കുണ്ടോ? (നബിയെ) പറയുക: നിശ്ചയമായും കാര്യമെല്ലാം (തന്നെ) അല്ലാഹുവിനാണു(ള്ളത്) - ആലുഇംറാൻ: 154) അല്ലാഹു പറയുന്നു:

لِيَقْطَعَ طَرَفًا مِّنَ الَّذِينَ كَفَرُوٓا أَوْ يَكْبِتَهُمْ فَيَنْقَلِبُوا خَآئِبِينَ . لَيْسَ لَكَ مِنَ الأَمْرِ شَيْءٌ أَوْ يَتُوبَ عَلَيْهِمْ أَو يُعَذِّبَهُمْ فَإِنَّهُمْ ظَالِمُون .
(അതെ) അവിശ്വസിച്ചവരിൽ നിന്നുള്ള ഒരു ഭാഗത്തെ മുറി(ച്ചു നശിപ്പി)ക്കുവാൻ വേണ്ടിയാണ് (അത്). അല്ലെങ്കിൽ, അവരെ അപമാനപ്പെടുത്തുകയും, അങ്ങനെ അവർ നിരാശരായി(പരാജയപ്പെട്ട്) തിരിഞ്ഞു പോകുകയും ചെയ്യുവാൻ (വേണ്ടിയാണ്). (നബിയെ) കാര്യത്തിൽ (അധികാരത്തിൽ) നിനക്ക് യാതൊന്നും (തന്നെ) ഇല്ല. ഒരു പക്ഷെ അവൻ (അല്ലാഹു) അവരുടെ പശ്ചാത്താപം സ്വീകരിക്കുക, അല്ലെങ്കിൽ അവരെ ശിക്ഷിക്കുക. കാരണം, നിശ്ചയമായും അവർ അക്രമികളാകുന്നു. (എന്നിരിക്കെ രണ്ടിനും സാധ്യതയുണ്ട്.) - ആലു ഇംറാൻ 127,128).
അല്ലാഹു പറയുന്നു. انك لا تهدي من احببت ولكن الله يهدي من يشاء وهو اعلم بالمهتدين
(നബിയെ), നിശ്ചയമായും നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗ്ഗത്തിലാക്കുകയില്ല. എങ്കിലും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർമാർഗ്ഗത്തിലാക്കുന്നു. സന്മാർഗ്ഗം പ്രാപിക്കുന്നവരെക്കുറിച്ച് അവൻ നല്ല വണ്ണം അറിയുന്നവനുമത്രെ -ഖസ്വസ്:56)

അല്ലാഹു നമ്മോട് അവന്റെ റസൂലിനെ അനുസരിക്കാൻ കൽപ്പിച്ചിട്ടുണ്ട്. എന്നിട്ടല്ലാഹു പറയുന്നു:
مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللهَ(റസൂലിനെ ആർ അനുസരിക്കുന്നുവോ അവൻ തീർച്ചയായും അല്ലാഹുവിനെ അനുസരിച്ചു. -നിസാഅ്: 80) തിരുമേനി (സ)യെ പിൻപറ്റാൻ കൽപ്പിച്ചു കൊണ്ട് അല്ലാഹു പറയുന്നു قل ان كنتم تحبون الله فاتبعوني يحببكم الله

(പറയു: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിൻപറ്റുവിൻ (എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും- ആലു ഇംറാൻ:31)

തിരുമേനി (സ)യെ പിന്തുണക്കാനും ബഹുമാനിക്കാനും സഹായിക്കാനും അവൻ നമ്മോട് കൽപ്പിച്ചു. ഖുർആനിലും നബിചര്യയിലും അല്ലാഹു വ്യക്തമാക്കിത്തന്ന, തിരുമേനി (സ)യോടുള്ള കടമകൾ നിർവ്വഹിക്കാനും (കൽപ്പിച്ചു). എത്രത്തോളമെന്നാൽ നമ്മുടെ സ്വന്തത്തേക്കാളും നമ്മുടെ കുടുംബത്തേക്കാളും നബി(സ) നമുക്ക് പ്രിയങ്കരരായിരിക്കണമെന്ന് നമ്മോട് നിർബന്ധമാക്കി. അങ്ങനെ അല്ലാഹു പറയുന്നു

النبي أولى بالمؤمنين من انفسهم (നബി, സത്യവിശ്വാസികളോട്, അവരുടെ സ്വന്തം ദേഹങ്ങളെക്കാൾ ബന്ധപ്പെട്ട ആളാകുന്നു. - അഹ്സാബ്:6) അല്ലാഹു പറയുന്നു

قُلْ إِنْ كَانَ ءَابَآؤُكُمْ وَأَبْنَآؤُكُمْ وَإِخْوَانُكُمْ وَأَزْوَاجُكُمْ وَعَشِيرَتُكُمْ وَأَمْوَالٌ اقْتَرَفْتُمُوهَا وَتِجَارَةٌ تَخْشَوْنَ كَسَادَهَا وَمَسَاكِنُ تَرْضَوْنَهَآ أَحَبَّ إِلَيْكُم مِّنَ اللهِ وَرَسُولِهِ وَجِهَادٍ فِى سَبِيلِهِ فَتَرَبَّصُوا حَتَّى يَأْتِىَ اللهُ بِأَمْرِهِ

(നബിയെ) പറയുക: നിങ്ങളുടെ പിതാക്കളും നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും നിങ്ങളുടെ ബന്ധുകുടുംബങ്ങളും നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും നിങ്ങൾ വിലയിടിവ് (ചിലവാകായ്മ) ഭയക്കുന്ന കച്ചവടവും നിങ്ങൾ ഇഷ്ടപ്പെടുന്ന പാർപ്പിടങ്ങളുമാണ് അല്ലാഹുവിനെയും അവൻെറ റസൂലിനെയും അവൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനെയുംകാൾ (അധികം) നിങ്ങൾക്കു പ്രിയങ്കര

മെങ്കിൽ, എന്നാൽ അല്ലാഹു അവൻെറ കൽപ്പന കൊണ്ടു വരുന്നതുവരെ നിങ്ങൾ കാത്തിരിക്കുവിൻ -തൗബ 24)

നബി(സ) പറഞ്ഞു: والذي نفسي بيده لا يؤمن

احدكم حتى اكون احب اليه من ولده ووالده والناس أجمعين

(എൻെറ ആത്മാവ് ആരുടെ കൈകളിലാണോ അവൻ തന്നെ സത്യം, സ്വന്തം മാതാപിതാക്കളോടും സന്താനങ്ങളോടും മുഴു വൻ മനുഷ്യരോടുമുള്ളതിനേക്കാൾ എന്നോടുസ്നേഹമുണ്ടാവുന്നത് വരെ നിങ്ങളിലൊരാളും യഥാർഥ വിശ്വാസിയാവുകയില്ല - ബുഖാരി,മുസ്ലിം). തിരുമേനി (സ)യോട് ഉമർ(റ) പറഞ്ഞു:

يا رسول الله ! لأنت أحب إلي من كل شيء إلا من نفسي،

فقال: "لا يا عمر، حتى أكون أحب إليك من نفسك" . قال:

فلأنت أحب إلي من نفسي، قال : " الآن يا عمر".

(അല്ലാഹുവിൻെറ ദൂതരെ! എന്നെ ഒഴിച്ച് മറ്റെല്ലാത്തിനേക്കാളും എനിക്ക് പ്രിയങ്കരൻ താങ്കളാണ്. അപ്പോൾ തിരുമേനി (സ) പറഞ്ഞു: "ഇല്ല ഉമറേ...! താങ്കളേക്കാൾ താങ്കൾക്ക് പ്രിയങ്കരൻ ഞാനാകുന്നത് വരെ (ആയിട്ടില്ല). അദ്ദേഹം പറഞ്ഞു: ഇപ്പോൾ എന്നെക്കാൾ എനിക്ക് പ്രിയങ്കരൻ താങ്കളാണ്. തിരുമേനി (സ) പറഞ്ഞു: ഉമറേ... ഇപ്പോൾ (താങ്കൾ യഥാർഥ വിശ്വാസി) ആയി" - ബുഖാരി) തിരുമേനി (സ) പറഞ്ഞു:

"ثلاث من كن فيه وجد بهن حلاوة الإيمان من كان الله ورسوله أحب إليه مما سواهما، ومن كان يحب المرء لا يحبه إلا الله ، ومن كان يكره أن يرجع في الكفر بعد إذ أنقذه الله منه كما يكره أن يلقى في النار".

(മൂന്ന് കാര്യങ്ങൾ ആരിലെങ്കിലുമുണ്ടായാൽ അയാൾ ഈമാനി ൻെറ മാധുര്യം അനുഭവിക്കുന്നതാണ്. മറ്റാരോടും ഉള്ളതി നേക്കാൾ സ്നേഹം അല്ലാഹുവിനോടും അവൻെറ റസൂലിനോ ടുമായിരിക്കുക, ആരെയെങ്കിലും സ്നേഹിക്കുകയാണെങ്കിൽ അത് അല്ലാഹുവിന്ന് വേണ്ടിയായിരിക്കുക, കുഫ്റിൽ നിന്ന് - അവിശ്വാസത്തിൽ നിന്ന് - അല്ലാഹു രക്ഷപ്പെടുത്തിയ ശേഷം അതിലേക്ക് തിരിച്ചു പോവുന്നത് തീയിലെറിയുന്നതിനേക്കാൾ അസഹ്യമായിത്തോന്നുക-ബുഖാരി മുസ്ലിം).

അല്ലാഹുവോട് മാത്രമുള്ള കടമകളും അവൻെറ ദൂ തന്മാരോടുള്ള കടമകളും സത്യവിശ്വാസികൾ പരസ്പരമുള്ള കടമകളും എന്തെന്ന് അവൻ ഖുർആനിലൂടെ വ്യക്തമാക്കിയി ട്ടുണ്ട്. മറ്റിടങ്ങളിൽ ഇതേപ്പറ്റി നാം വിശദീകരിച്ചിട്ടുണ്ട്. അല്ലാ ഹു പറഞ്ഞതുപോലെ: ومن يطع الله ورسوله ويخش الله ويتقه فأولئك هم الفائزون (ആർ അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരിക്കുകയും, അല്ലാഹുവിനെ ഭയപ്പെടു കയും അവനെ സൂക്ഷിക്കുകയും ചെയ്യുന്നുവോ അവർ തന്നെയാ ണ് ഭാഗ്യവാന്മാർ- നൂർ: 52). അപ്പോൾ അനുസരണം അല്ലാഹു വിന്നും റസൂലിനും, ഭയവും ഭക്തിയും ഏകനായ അല്ലാഹു വിന്നും മാത്രം, അല്ലാഹു പറഞ്ഞു: ولو انهم رضوا ما آتاهم الله ورسوله وقالوا حسبنا الله سيؤتينا الله من فضله ورسوله انا الى الله راغبون

(അല്ലാഹുവും അവൻെറ റസൂലും അവർക്കു നൽ കിയത് അവർ തൃപ്തിപ്പെടുകയും അവർ (ഇങ്ങനെ) പറയു കയും ചെയ്തിരുന്നെങ്കിൽ! ഞങ്ങൾക്ക് അല്ലാഹു മതി. അല്ലാ

ഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് അവനും അവന്റെ റസൂലും (വഴിയെ) ഞങ്ങൾക്ക് നൽകിക്കൊള്ളും. നിശ്ചയമായും ഞങ്ങൾ, അല്ലാഹുവിങ്കലേക്ക് ആഗ്രഹം സമർപ്പിക്കുന്നവരാകുന്നു (എന്നാൽ അതവർക്ക് വളരെ നന്നായിരുന്നേനെ!) - തൗബ: 59). അപ്പോൾ നൽകൽ അല്ലാഹുവും റസൂലുമാണ്. (എന്നാൽ) ആഗ്രഹിക്കൽ ഏകനായ അല്ലാഹുവിനോട് മാത്രം. അല്ലാഹു പറയുന്നു:

وما ءاتاكم الرسول فخذوه وما نهٰكم عنه فانتهوا

(റസൂൽ നിങ്ങൾക്കു(കൊണ്ടു)തന്നതെന്തോ അതു നിങ്ങൾ സ്വീകരിച്ചുകൊള്ളുക. അദ്ദേഹം നിങ്ങളോട് എന്തിനെക്കുറിച്ചു വിരോധിച്ചുവോ (അതിൽ നിന്ന്) വിരമിക്കുകയും ചെയ്യുക- ഹശ്ർ:7).

അല്ലാഹുവും അവന്റെ റസൂലും അനുവദനീയമാക്കിയത് ആണ് ഹലാൽ. അല്ലാഹുവും അവന്റെ റസൂലും നിഷിദ്ധമാക്കിയതാണ് ഹറാം. എന്നാൽ മതിവരുത്തൽ ഏകനായ അല്ലാഹുവിനോട് മാത്രം. അല്ലാഹു പറഞ്ഞതുപോലെ

وقالوا حسبنا الله (നമുക്ക് അല്ലാഹു മതി (എന്ന്) അവർ പറയുകയും ചെയ്തു- ആലു ഇംറാൻ: 173).


നമുക്ക് അല്ലാഹുവും അവന്റെ റസൂലും മതിയെന്ന് പറഞ്ഞില്ല. അല്ലാഹു പറയുന്നു: يا ايها النبي حسبك الله ومن اتبعك من المؤمنين (ഹേ നബിയേ! നിനക്കും സത്യവിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റിയിട്ടുള്ളവർക്കും അല്ലാഹു (തന്നെ) മതി- അൻഫാൽ:64). അഥവാ താങ്കൾക്കും സത്യവിശ്വാസികളിൽ നിന്ന് താങ്കളെ പിൻപറ്റിയവർക്കും അല്ലാഹു മതിയാവും. ഈ ആയത്തിലെ ഖണ്ഡിതമായ ശരി ഇതാണ്. അത്

കൊണ്ടാണ് ഇബ്രാഹീം നബി(അ)യും മുഹമ്മദ് നബി (സ)യും حسبنا الله ونعم الوكيل (നമുക്കല്ലാഹു മതി, അവൻ ഭരമേൽപ്പിക്കാൻ ഏറ്റവും ഉത്തമൻ) എന്നു പറഞ്ഞത്. അല്ലാഹുവാകട്ടെ ഏറ്റവും നന്നായി അറിയുന്നവനും ഏറ്റവും നല്ല വിധികർത്താവുമാണല്ലോ....

وصلى الله على خير خلقه سيدنا محمد وعلى آله وصحبه وسلم

❒

مطابع أضواء البيان – الرياض - ٢٤٣٤٨٩٦



الاستنجاد بالمقبور
شيخ الاسلام ابن تيمية
ترجمة
محمد حنيف عبد الرحمن